# താമരമൊട്ടുകൾ

വാല്യം 22 | ഒക്ടോബർ 2020 | ലക്കം 10 | Price ₹25



## താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

അനുസ്മരണ പതിപ്പ്

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 30-09-2020 |










Printed & Published by Fr. Abraham Kavilpurayidathil, Bishop's House, P.B. No. 1,
Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press,
Near Cathedral, Thamarassery P.O., Kozhikode - 673 573. Editor: Fr. Abraham Kavilpurayidathil.



വാല്യം 22 താമരമൊട്ടുകൾ ഒക്ടോബർ 2020 e ¡ w 10

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"കർത്താവായ യേശുവിൽ വിശ്വസിക്കുക. നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും".

(അപ്പ. 16:31)



# ഇതളുകൾ വിരിയുമ്പോൾ



| | | |
|---|---|---|
| 1. | മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് നൽകിയ സന്ദേശം | 433 |
| 2. | സ്വാഗത പ്രസംഗം | 437 |
| 3. | അനുശോചന സന്ദേശം | 442 |
| 4. | നന്ദി പ്രസംഗം | 451 |
| 5. | അനുശോചന സന്ദേശങ്ങൾ | 454 |
| 6. | ആശംസകൾ | 479 |
| 7. | പ്രോഗ്രാം ഒക്ടോബർ 2020 | 482 |
| 8. | സർക്കുലർ 7/2020 | 483 |
| 9. | 2020 ലോക മിഷൻ ദിനം | 488 |
| 10. | കച്ചേരിക്കാര്യം | 493 |
| 11. | മതബോധനം | 496 |
| 12. | ചെറുപുഷ്പ മിഷൻലീഗ് | 498 |
| 13. | തിരുബാലസഖ്യം | 501 |
| 14. | ലിറ്റർജി കമ്മീഷൻ | 502 |
| 15. | മാതൃവേദി | 504 |
| 16. | മദ്യവിരുദ്ധ സമിതി | 506 |
| 17. | കുടുംബകൂട്ടായ്മ | 508 |
| 18. | അൽഫോൻസ കോളേജ് | 509 |
| 19. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 511 |
| 20. | ആൽഫ മരിയ അക്കാദമി | 512 |
| 21. | സ്റ്റാർട്ട് | 513 |
| 22. | കരിസ്മാറ്റിക് മൂവ്മെന്റ് | 515 |
| 23. | മലബാർ ലേബർ മൂവ്മെന്റ് | 516 |
| 24. | ലീഡർഷിപ്പ് ഡെവലപ്മെന്റ് സൊസൈറ്റി | 518 |
| 25. | വികസനവേദി | 519 |
| 26. | അജപാലനക്കുറിപ്പുകൾ | 520 |































































താമരശ്ശേരി രൂപത
31-ാമത്
രൂപതാദിനം 2017

















Prot. No. 1060/2020 08 September 2020

# മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്ത സീറോ മലബാർ സഭയുടെ തലവനും പിതാവുമായ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് നൽകിയ സന്ദേശം

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

മഹാനുഭാവനായ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ സ്വർഗ യാത്രയ്ക്ക് സാക്ഷികളാവുകയാണ് നമ്മൾ. ഔദ്യോഗികമായ അജപാലനശുശ്രൂഷയിൽ നിന്നും വിരമിച്ച് വിശ്രമജീവിതത്തിൽ 86 വയസ്സുവരെ എത്തിയിരുന്നു എങ്കിലും പിതാവിന്റെ മരണം ആകസ്മികമാണല്ലോ. ഈ 6-ാം തീയതി ഞായറാഴ്ച പെട്ടെന്നു ണ്ടായ ഹൃദയാഘാതം മരണത്തിനു കാരണമായി. ആദ്യത്തെ ആഘാതത്തെ അതിജീവിച്ച് ഏതാനും മണിക്കൂറുകൾ പിന്നിടുവാൻ സാധിച്ചു എങ്കിലും രണ്ടാമതുണ്ടായ ആഘാതത്തോടെ പിതാവു നമ്മോടു യാത്ര പറഞ്ഞു. അവസാനത്തെ സംഭാഷണം വാട്സാപ്പിലൂടെ ഞങ്ങൾ തമ്മിലായിരുന്നുവെന്നു മാധ്യമങ്ങളിലൂടെ നിങ്ങൾ അറിഞ്ഞുവല്ലോ.

മരണത്തെ ജീവിതത്തിന്റെ സ്വാഭാവികമായ അന്ത്യമായും വി. പൗലോസ് ശ്ലീഹായെപ്പോലെ അതു തനിക്കു നേട്ടമാണെന്നും മനസ്സിലാക്കിയിരുന്നവനാണു ചിറ്റിലപ്പിള്ളി പിതാവ്. അതു കൊണ്ടാണു ഹൃദയാഘാതമുണ്ടായ സന്ദർഭത്തിൽ അഭിവന്ദ്യ റെമിജിയോസ് പിതാവും അച്ചന്മാരും പിതാവിനെ ആശുപത്രിയിൽ കൊണ്ടുപോകുവാൻ തിടുക്കം കാണിച്ചപ്പോൾ 'എനിക്കിനി മരിച്ചാൽ മതി, ചികിത്സയൊന്നും ചെയ്യേണ്ടതില്ല' എന്നു പിതാവു പറഞ്ഞത്. താമരശ്ശേരിയിലെ ചാവറ ആശുപത്രിയിൽ നിന്നു മേരിക്കുന്ന് നിർമ്മല ആശുപത്രിയിലേക്കു കൊണ്ടുപോകാൻ ശ്രമിച്ചപ്പോഴും തനിക്കു വിദഗ്ധചികിത്സയൊന്നും വേണ്ട എന്നു പറഞ്ഞതും മരണത്തെ പുല്കുവാനുള്ള പിതാവിന്റെ ആഗ്രഹം കൊണ്ടാണ്. വിശ്വാസത്തിലും ആത്മീയതയിലും അടിയുറച്ചവർക്കു മാത്രമേ ഇപ്രകാരം പ്രതികരിക്കാൻ സാധിക്കൂ. പിതാവിന്റെ ഈ പ്രതികരണം ദൈവത്തിനു മഹത്വം നല്കുന്നതും നമുക്കു നല്ലൊരു സാക്ഷ്യവുമാണ്.



പൗരോഹിത്യജീവിതത്തിലും മെത്രാനടുത്ത ശുശ്രൂഷയിലും അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവ് തികഞ്ഞ സാത്വികനും സംശുദ്ധനും കഠിനാദ്ധ്വാനം ചെയ്യുന്ന കർമയോഗിയുമായിരുന്നു. തൃശ്ശൂർ അതിരൂ പതയിൽ ആളൂർ, വെള്ളാച്ചിറ പള്ളികളിലെ അജപാലന ശുശ്രൂഷ യിലും അതിരൂപതാ ചാൻസലർ, വികാരിജനറാൾ, സെന്റ് തോമസ് കോളേജ് മാനേജർ എന്നീ നിലകളിലുമുള്ള സ്തുത്യർഹമായ സേവന ങ്ങളും അഭിവന്ദ്യ ആൻഡ്രൂസ് താഴത്തു പിതാവ് അനുസ്മരിക്കുകയു ണ്ടായല്ലോ. കല്യാൺ രൂപതയുടെ പ്രഥമ മെത്രാനെന്ന നിലയിലാണ് ഭാരത സഭാനമസ്സിൽ ചിറ്റിലപ്പിള്ളി പിതാവ് അജപാലനത്തിന്റെ തിളക്കം കാണിച്ചത്. ആ രൂപതയുടെ ബോംബെ ഉൾപ്പെടെയുള്ള 5 ഡിസ്ട്രിക്റ്റുകളിൽ ചിതറിപ്പാർത്തിരുന്ന സീറോമലബാർ വിശ്വാസി കളെ കോർത്തിണക്കി അവർക്ക് അജപാലന ശുശ്രൂഷാ സംവിധാ നങ്ങൾ ഏർപ്പെടുത്തുന്നതിനും മറ്റ് 9 ഡിസ്ട്രിക്റ്റുകളിൽ മിഷൻ പ്രവർത്തനം നടത്തുന്നതിനും അഭിവന്ദ്യ പിതാവു നടത്തിയ അക്ഷീണ പരിശ്രമം സഭാചരി ത്രത്തിൽ എന്നും അനുസ്മരിക്കപ്പെടും. ഒന്നുമില്ലായ്മയിൽ നിന്നും, പ്രതികൂലസാഹചര്യങ്ങളെ അതിജീ വിച്ചും കൊണ്ടായിരുന്നു കേരളത്തിനു പുറത്ത് സീറോമലബാർ സഭയ്ക്കു ലഭിച്ച പ്രസ്തുത രൂപതയ്ക്ക് അഭിവന്ദ്യപിതാവ് രൂപവും ഭാവവും നൽകിയത്. കല്യാൺ രൂപതയുടെ മാതൃകാപരവും അജപാ ലനപരവും പ്രേഷിതപരവുമായ മുന്നേറ്റം പരിഗണിച്ചുകൊണ്ട് പരി. സിംഹാസനം പിന്നീട് ഡൽഹി, ബാംഗ്ലൂർ, ചെന്നൈ നഗരങ്ങളിലെ സീറോമലബാർ വിശ്വാസികൾക്കായും പ്രത്യേക രൂപതകൾ അനുവദിച്ചു തന്നിട്ടുണ്ടല്ലോ. കല്യാൺ രൂപതയ്ക്ക് അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവു നൽകിയ അവിസ്മരണീയമായ ശുശ്രൂഷയെ പുരസ്കരിച്ച് അഭിവന്ദ്യ തോമസ് ഇലവനാൽ പിതാവ് നമുക്കയച്ചു തന്നിരിക്കുന്ന സന്ദേശത്തിൽ ഇക്കാര്യം ശക്തമായി പ്രതിപാദി ക്കുന്നുണ്ട്.

താമരശ്ശേരി രൂപതയെ സംബന്ധിച്ചിടത്തോളം ഈ രൂപതയുടെ മൂന്നാമത്തെ മെത്രാനാണ് ചിറ്റിലപ്പിള്ളി പിതാവ്. പ്രഥമ മെത്രാനാ യിരുന്ന അഭിവന്ദ്യ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവ് എട്ട് വർഷത്തെ ശുശ്രൂഷകൾ വഴി വൈദികരുടെയും ജനങ്ങളുടെയും ഹൃദയങ്ങളിൽ ശക്തമായ ഓർമ്മകളോടെ എന്നും നിലനിൽ ക്കുന്നുണ്ട്. രണ്ടാമത്തെ മെത്രാൻ അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവ് മൂന്നു വർഷമേ ഇവിടെ മേലദ്ധ്യക്ഷശുശ്രൂഷ നിർവഹിച്ചു ള്ളുവെങ്കിലും പിതാവിന്റെ ഹൃദ്യമായ ശൈലി ജനങ്ങളുടെ ഹൃദയങ്ങളെ കവർന്നിട്ടുണ്ട്. അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവ് 13 വർഷം പൈതൃകമായ സ്നേഹത്തോടും വാത്സല്യത്തോടും കൂടി കാര്യക്ഷ മമായ നവീകരണ പരിശ്രമങ്ങളിലൂടെയും അജപാലന സംവിധാനങ്ങ ളിലൂടെയും ഇവിടെ തന്റെ നേതൃത്വ ശുശ്രൂഷ നിർവഹിച്ചു. വൈദി കരെ സഹോദരതുല്യം സംരക്ഷിക്കുകയും കരുതലോടെ സഹകരി പ്പിക്കുകയും ചെയ്തു.



ജനപ്രിയനായിരുന്നു പിതാവ്. കെ. സി. ബി. സി. ഫാമിലി കമ്മീഷനിലും പ്രോ- ലൈഫ് മൂവ്മെന്റിലും പിതാവു നല്കിയ മാർഗദർശനങ്ങൾ കേരളത്തിലെ സഭയെ ആ രംഗത്തു സജീവമായി നിലനിർത്തുന്നതിന് ഉപകരിച്ചു.

വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ 4 വർഷം അധ്യാപകനായിരുന്ന പിതാവ് എക്കാലവും സെമിനാരി പരിശീലനത്തിൽ അതീവ ശ്രദ്ധപുലർത്തിയിരുന്നു.

വിശ്രമജീവിതകാലത്തും വൈദികരോടും സെമിനാരി വിദ്യാർഥികളോടുമുള്ള പിതാവിന്റെ സ്നേഹനിർഭരമായ സമീപനങ്ങളും മാർഗനിർദ്ദേശങ്ങളും അവർക്കെല്ലാം ശക്തിയും പ്രോത്സാഹനവും നല്കിയിരുന്നു.

1997-ൽ മുതൽ ഇക്കഴിഞ്ഞ ഓഗസ്റ്റ് മാസം 18 മുതൽ 21 വരെ നടന്ന ഓൺ ലൈൻ സിനഡു സമ്മേളനങ്ങൾ വരെ പിതാവുമായി നമ്മുടെ സഭയുടെ സിനഡിൽ ഞാൻ ഒന്നിച്ചു പ്രവർത്തിച്ചിട്ടുണ്ട്. സഭാസിനഡിലെ പിതാവിന്റെ ശബ്ദം ശക്തവും ശാക്തീകരണ ക്ഷമവുമായിരുന്നു. സീറോമലബാർസഭയുടെയും ഭാരതത്തിലെ സഭയുടെയും വളർച്ചയിൽ പിതാവു സന്തോഷിച്ചിരുന്നു. സഭാത്മക മായിരുന്നു പിതാവിന്റെ ചിന്തകളും വാക്കുകളും പ്രവൃത്തികളും. സഭയിൽ അസ്വാരസ്യങ്ങളോ അസ്വസ്ഥതകളോ പ്രതിസന്ധികളോ ഉണ്ടാകുമ്പോൾ പിതാവും അസ്വസ്ഥനാകുമായിരുന്നെങ്കിലും സന്ദർഭോചിതമായ വിവേകത്തോടെ പ്രതികരിച്ചും പ്രതിപ്രവർത്തനം നടത്തിയും സഭയെ മുന്നോട്ടു നയിക്കുവാൻ സഭയിൽ തന്നോടുകൂടി യുള്ള മേലധികാരികൾക്കു എന്നും പിതാവിന്റെ പിന്തുണ ഉണ്ടായിരുന്നു. എന്റെ എളിയ ശുശ്രൂഷയിൽ പിതാവു നൽകിയിട്ടുള്ള നിസ്വാർഥമായ സഹകരണത്തിനും പ്രോത്സാഹനത്തിനും ഈ അന്ത്യപ്രണാമത്തിൽ നന്ദി പറയുന്നു. സീറോമലബാർസഭയുടെ കൂദാശാകർമ്മങ്ങളുടെ പുനരുദ്ധാരണവും നവീകരണവും, പ്രത്യേകനിയമങ്ങളുടെ ക്രോഡീകരണവും അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവിന്റെ നേതൃത്വത്തിൽ നടന്ന സഭാപ്രവർത്തനങ്ങളാണ്. നമ്മുടെ ആരാധനാക്രമത്തിലെ ഉപയോഗത്തിനായി സങ്കീർത്തനങ്ങളുടെ നല്ലൊരു പരിഭാഷയും അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് നിർവഹിക്ക പ്പെട്ടത്.

നമ്മുടെ സഭയിൽ അഭിവന്ദ്യ പിതാവ് നല്കിയ മേലധ്യക്ഷ ശുശ്രൂഷയുടെ തനതായ മാതൃക എന്നും സ്മരിക്കപ്പെടുമെന്നതിൽ സംശയമില്ല.

ആഴമുള്ള ആദ്ധ്യാത്മികത പിതാവിന്റെ എല്ലാ ശുശ്രൂഷാരംഗ ങ്ങളിലും പ്രകടമായിരുന്നു. അദ്ദേഹം നൽകിയ പ്രാർത്ഥനയുടെ സാക്ഷ്യം ഏവർക്കും പ്രചോദനം പകരുന്നതാണ്. യാമപ്രാർത്ഥനകൾ ചൊല്ലുന്നതിൽ അതീവ നിഷ്ഠയുണ്ടായിരുന്നു. റംശാ പ്രാർത്ഥനയും ലെലിയാ പ്രാർത്ഥനയും ഒന്നിച്ചു ചൊല്ലേണ്ടി വന്നാൽ പോലും ഒന്നും ഉപേക്ഷിക്കപ്പെടരുത് എന്നതായിരുന്നു അദ്ദേഹത്തിന്റെ നിഷ്ഠ. പിതാവ് നേരിട്ട് അവസാനമായി സംബന്ധിച്ച സിനഡിലെ ഇടപെടലിൽ ആഹ്വാനം ചെയ്തതും സഭാശുശ്രൂഷകർ പ്രാർത്ഥനാ ജീവിതത്തിൽ നിഷ്ഠയുള്ളവരായിരിക്കണം എന്നതായിരുന്നു.

അഭിവന്ദ്യ റെമീജിയോസ് പിതാവേ, താമരശ്ശേരി രൂപതയിലെ വൈദികസഹോദരന്മാരേ, സമർപ്പിതരായ സഹോദരീസഹോ ദരന്മാരേ, ജനസമൂഹമേ, അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ വേർപാടിലുള്ള നിങ്ങളുടെ ദുഃഖം സഭയുടെ ദുഃഖമാണ്; ഈ നാടിന്റെ ദുഃഖമാണ്. നമുക്ക് കർത്താവിൽ ആശ്വാസം കണ്ടെത്താം. കാരുണ്യവാനായ കർത്താവ് പിതാവിന് നിത്യസൗഭാഗ്യം നല്കു മാറാകട്ടെ. സ്വർഗത്തിലെത്തിയുള്ള അദ്ദേഹത്തിന്റെ പ്രാർത്ഥനകൾ താമരശ്ശേരി രൂപതയ്ക്കും കേരളത്തിലെ സഭയ്ക്കും കർത്താവിന്റെ കൃപയും അനുഗ്രഹവും നല്കുമാറാകട്ടെ.

**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്





# മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നടത്തിയ സ്വാഗത പ്രസംഗം

നമ്മുടെ പ്രിയപ്പെട്ട പോൾ ചിറ്റിലപ്പിള്ളി പിതാവ് നിത്യതയിലേക്ക് യാത്രയായിരിക്കുന്നു. നമ്മെ സംബന്ധിച്ച് ഒരു യുഗം അവസാനിക്കുകയാണ് – മാർ പോൾ ചിറ്റിലപ്പിള്ളി യുഗം. 1997 തുടങ്ങിയുള്ള 23 വർഷങ്ങൾ – അതിൽ 13 വർഷക്കാലം നമ്മുടെ രൂപതയുടെ മെത്രാനായി നമുക്ക് ഊർജ്ജസ്വലമായ നേതൃത്വം നൽകിക്കൊണ്ടും തുടർന്നുള്ള 10 വർഷങ്ങൾ പ്രാർത്ഥനയുടെ അചഞ്ചലമായ കോട്ട തീർത്തുകൊണ്ട് നമ്മോടൊപ്പം നിന്ന് നമുക്ക് അതുല്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കി വഴിനടത്തുന്ന ദീപസ്തംബമായി പ്രിയപ്പെട്ട പിതാവുണ്ടായിരുന്നു. ഇന്നിതാ ആ ദീപം അണഞ്ഞിരിക്കുന്നു. ഈ ലോകത്തിൽ ദൈവം അദ്ദേഹത്തെ ഭരമേല്പിച്ച ഉത്തരവാദിത്വങ്ങൾ വിശ്വസ്തതാപൂർവ്വം നിറവേറ്റി അദ്ദേഹം മടങ്ങുകയാണ്. ഇനി ആ ദീപം സ്വർഗ്ഗത്തെ കൂടുതൽ പ്രകാശമാനമാക്കുവാൻ പോകുന്നു.

കേവലം 11 വർഷം മാത്രം വളർച്ചയുള്ള നമ്മുടെ രൂപതയെ അതിന്റെ രജതജൂബിലിവരെ കൈപിടിച്ചുനയിക്കുവാനുള്ള ദൈവ നിയോഗമായിരുന്നു അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റേത്. ഒരു മനുഷ്യവ്യക്തിയുടെ വളർച്ചയിലെന്നതുപോലെ തന്നെ, ബാല്യത്തിൽ നിന്ന്, പൂർണ്ണതയും പക്വതയും തികഞ്ഞ യൗവ്വനത്തിലേക്കുള്ള വളർച്ചയുടെ കാലഘട്ടമായിരുന്നു പ്രിയപ്പെട്ട പോൾ പിതാവ് നമ്മുടെ രൂപതയെ  നയിച്ച കാലഘട്ടം. 'നവീകരിക്കുക, ശക്തിപ്പെടുത്തുക' എന്ന ആപ്തവാക്യം ആദർശമായി സ്വീകരിച്ചുകൊണ്ട് താമരശ്ശേരി രൂപതയെ ആത്മീയ മുന്നേറ്റത്തിലും, ഭൗതിക വളർച്ചയിലും പോൾ പിതാവ് അക്ഷരാർത്ഥത്തിൽ വളർത്തിയെടുത്തു.

- രൂപതയിലെ എല്ലാ ഇടവകകളിലും പലതവണ അജപാലന സന്ദർശനങ്ങൾ നടത്തി ദൈവജനത്തെ പഠിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്തു.



- ഇടവകകളിലെ കുടുംബകൂട്ടായ്മകളിൽ പങ്കെടുത്ത് കൂട്ടായ പ്രാർത്ഥനയുടെയും പ്രവർത്തനത്തിന്റെയും, സമുദായ ബോധത്തിന്റെയും ആവശ്യകത ബോധ്യപ്പെടുത്തി.
- രോഗികളുടെ വീടുകളിൽ എത്തി അവർക്കുവേണ്ടി പ്രാർത്ഥിച്ച് അവരെ ആശ്വസിപ്പിച്ചു.
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുവേണ്ടി ഭവന നിർമ്മാണ പദ്ധതികൾ ആസൂത്രണം ചെയ്തു.
- വിശ്വാസ സംരക്ഷണത്തിലും, സഭാ വിശ്വസ്തതയിലും, പ്രത്യയശാസ്ത്ര സിദ്ധാന്തങ്ങൾക്കുമെതിരെ പഴുതില്ലാത്ത നിലപാടുകൾ സ്വീകരിച്ചു.
- ഭൂരിപക്ഷം വരുന്ന കർഷക ജനത നേരിടുന്ന സർവ്വ പ്രതിസന്ധികളിലും അവരോടൊപ്പം നിൽക്കുകയും ശക്തമായ നേതൃത്വം നൽകുകയും ചെയ്തു.

**രൂപതയുടെ ഭൗതികമായ വളർച്ചയിൽ പോൾ പിതാവിന്റെ പങ്ക് നിസ്തുലമാണ്.**

- ഇടവകകളുടെ എണ്ണം ഇരട്ടിയോളമായി. നിരവധി പുതിയ ദൈവാലയങ്ങൾ പടുത്തുയർത്തപ്പെട്ടു.
- ജീവകാരുണ്യ പ്രവർത്തന മേഖലകളും, വിദ്യാഭ്യാസ പ്രവർത്തനവും കൂടുതൽ വിശാലമായി.
- വൈദികരുടെയും സന്യസ്തരുടേയും എണ്ണം വർദ്ധിക്കുകയും പ്രവർത്തന മേഖലകൾ വിപുലപ്പെടുകയും ചെയ്തു.
- രൂപതയുടെ ഈ കത്തീഡ്രൽ ദൈവാലയത്തിൽ നാം ഒന്നിച്ചുകൂടുമ്പോൾ ഇതിന്റെ ശില്പി എന്ന് നാം വിശേഷിപ്പിക്കുന്ന വന്ദ്യ പോൾ പിതാവിനെ ഓർമ്മിക്കാതിരിക്കാൻ നമുക്ക് കഴിയില്ല.

പ്രിയപ്പെട്ട പോൾ പിതാവിന്റെ വേർപാടിലൂടെ സംഭവിക്കുന്ന നഷ്ടം താമരശ്ശേരി രൂപതയുടേത് മാത്രമല്ല എന്ന് നമുക്കറിയാം. സഭയിൽ അദ്ദേഹം ബഹുമുഖ പ്രതിഭയായിരുന്നു. 1961 ഒക്ടോബർ 18ന് റോമിൽ വച്ച് അഭിവന്ദ്യ മാർ മാത്യു കാവുകാട്ട് പിതാവിൽ നിന്ന് പൗരോഹിത്യ പട്ടമേറ്റുകൊണ്ട് ആരംഭിച്ചതാണ്, അഭിവന്ദ്യ പോൾ പിതാവിന്റെ ആത്മീയ ശുശ്രൂഷയുടെ ജൈത്രയാത്ര.

- 59 വർഷത്തെ പൗരോഹിത്യ ജീവിതം.
- അതിൽ 32 വർഷം മേല്പട്ടക്കാരനായി.

- തൃശൂർ അതിരൂപതയിൽ വൈദികനായി അജപാലന ശുശ്രൂഷ തുടങ്ങി.
- കോട്ടയം, വടവാതൂർ മേജർ സെമിനാരിയിൽ കാനൻ നിയമത്തിലും, ദൈവശാസ്ത്രത്തിലും അദ്ധ്യാപകനായി.
- മാതൃരൂപതയിൽ ചാൻസിലർ ആയി, വികാരി ജനറാൾ ആയി.
- കല്ല്യാൺ രൂപതയുടെ പ്രഥമ മെത്രാനായി, - ശൂന്യതയിൽ നിന്ന് അതിനെ പടുത്തുയർത്തി.
- താമരശ്ശേരി രൂപതയെ ബാല്യത്തിൽ നിന്നും യൗവ്വനത്തിലേക്ക് വളർത്തി.

ഇതെല്ലാം സത്യമായിരിക്കുമ്പോഴും ഇതിനും അപ്പുറത്തായിരുന്നു അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി മെത്രാൻ.

അഭിവന്ദ്യ പിതാവ് തികഞ്ഞ ഒരു ക്രിസ്ത്യാനിയായിരുന്നു. ക്രൈസ്തവ ആഢ്യത്വമുള്ള ചിറ്റിലപ്പിള്ളി കുടുംബത്തിൽ ജന്മം കൊണ്ടുവളർന്ന വ്യക്തി. ക്രിസ്തീയതയെ എവിടെയും പരസ്യമായി പ്രഘോഷിക്കുവാനും, ആഘോഷിക്കുവാനും ആർജ്ജവത്വമുള്ള തൃശൂരിന്റെ പ്രതിപുരുഷൻ. തന്റെ ദൈവവിശ്വാസവും സഭാസ്നേഹവും അദ്ദേഹത്തിന്റെ പൗരോഹിത്യ സമർപ്പണ ജീവിതത്തിന് അടിത്തറയിട്ടു. ഒരു രൂപതയ്ക്കപ്പുറത്ത്, തിരുസഭയാകുന്ന വലിയ തറവാടിന്റെ പൂമുഖവാടിയിൽ നിന്നുകൊണ്ട് അതിൽ താൻ അംഗമായിരിക്കുന്നു എന്ന് പറയുന്നതിൽ പോൾ പിതാവ് അഭിമാനം കൊണ്ടു.

പിതാവ് യഥാർത്ഥത്തിൽ സ്നേഹിച്ചത് ക്രിസ്തുനാഥനെ ആയിരുന്നു. അതുകൊണ്ട് അദ്ദേഹം അവിടുത്തെ സഭയെ സ്നേഹിച്ചു, സഭയെക്കുറിച്ച് സൂക്ഷ്മതയോടെ പഠിച്ചു. ദൈവശാസ്ത്ര വിഷയങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന പ്രാവീണ്യം അന്യാദൃശ്യമായിരുന്നു. ഔപചാരികമായി പഠിച്ചതും സ്വകീയമായി പഠിച്ചു മനസ്സിലാക്കിയതുമായ അറിവുകൾ സഭാശുശ്രൂഷയുടെ വിശാലമായ പ്രവർത്തന മണ്ഡലത്തിൽ അമൂല്യമായ സംഭാവനകൾ നൽകുവാൻ അദ്ദേഹത്തെ സഹായിച്ചു. സീറോ മലബാർ സഭയിലും അതിനു പുറത്തും നിരവധി കമ്മീഷനുകളിൽ അംഗമായിരിക്കുവാനും അവയ്ക്കു ഫലപ്രദമായി നേതൃത്വം കൊടുക്കുവാനും അദ്ദേഹത്തിന്റ സഭാവിഞ്ജാനം പ്രയോജനപ്രദമായി. ആരാധനക്രമം, അല്മായർ, കുടുംബം, സ്ത്രീകൾ തുടങ്ങിയ എപ്പിസോക്പ്പൽ കമ്മീഷനുകൾക്ക് അദ്ദേഹം ചെയർമാനായി.

ഇന്നു നാം ഉപയോഗിക്കുന്ന ആരാധനക്രമ പുസ്തകങ്ങളിൽ അഭിവന്ദ്യ പോൾ പിതാവിന്റെ കൈയ്യൊപ്പ് പതിഞ്ഞിട്ടുണ്ട്. സഭാസംബന്ധമായ വിഷയങ്ങളിൽ ഏതൊരു സംശയത്തിനും പിതാവ് അവസാന വാക്കായിരുന്നു.





ഇതെല്ലാം അഭിവന്ദ്യ പിതാവിന്റെ വിജ്ഞാന മഹത്വം. ഇവയ്ക്കെല്ലാം മേലെയാണ് പോൾ പിതാവ് എന്ന മനുഷ്യ സ്നേഹി.

- എല്ലാവരോടും ഒരേ മനസ്സോടെ മുൻ വിധികൾ ഇല്ലാതെ ഇടപെടുന്ന ആൾ.
- ആരോടും സാഹചര്യം ആവശ്യപ്പെടുന്ന കാർക്കശ്യത്തോടെ സംസാരിക്കുന്ന ആൾ
- ഒരാളോടും പരിഭവം വച്ചുകൊണ്ട് ജീവിക്കാൻ കഴിയാത്ത ആൾ
- രോഗികളായവരോട് അഗാധമായ കാരുണ്യം കാണിച്ച ആൾ
- ആരെങ്കിലും താൻ വഴി വേദനിച്ചിട്ടുണ്ടെങ്കിൽ അവരെക്കുറിച്ച് ഒരു വേദന മനസ്സിൽ കരുതുകയും, അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത ആൾ.
- എല്ലാവരോടും സ്നേഹവും കരുണയും അത്യന്തീകമായി കാത്തുസൂക്ഷിച്ച ആൾ - അതായിരുന്നു പ്രിയപ്പെട്ട ചിറ്റിലപ്പിള്ളി പിതാവ്.

അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവിനെപ്പറ്റിയുള്ള വിശേഷണങ്ങളിൽ എല്ലാറ്റിനും ഉപരിയാണ് പോൾ പിതാവ് എന്ന ആത്മീയ മനുഷ്യൻ.

- അദ്ദേഹം അക്ഷരാർത്ഥത്തിൽ പ്രാർത്ഥനയുടെ ആൾരൂപമായിരുന്നു.
- തന്റെ ഏതൊരു വലിയ തിരക്കിലും പിതാവ് സഭയുടെ പ്രാർത്ഥനയും വ്യക്തിപരമായ പ്രാർത്ഥനയും മുടക്കിയിരുന്നില്ല.
- യാത്രയിൽ യാമപ്രാർത്ഥനയും ജപമാലയും ചൊല്ലിയിരുന്നു.
- യാമപ്രാർത്ഥനകൾ പിതാവിന് ഏഴുയാമങ്ങളിലെ പ്രാർത്ഥനകൾ തന്നെയായിരുന്നു. രാത്രി മൂന്നു മണിയുടെ 'ലാലാ ദ് ശഹറാ' പ്രാർത്ഥനയുടെ സമയത്തും പിതാവിനെ കപ്പേളയിൽ കണ്ടിരുന്നു.
- പുസ്തകമെഴുത്തും പ്രാർത്ഥനയുമായിരുന്നു പോൾ പിതാവിന്റെ വിശ്രമഹിതമായ ജീവിതം.

നന്മരണം ഒരു ദൈവാനുഗ്രഹമാണ്. 'നീ എങ്ങനെ ജീവിക്കുന്നുവോ അങ്ങനെ നീ മരിക്കുന്നു' എന്ന ചൊല്ല് പ്രിയ പോൾ പിതാവിന്റെ കാര്യത്തിൽ അന്വർത്ഥമായിരിക്കുന്നു. മരണം എന്നും പിതാവിന് സ്വീകാര്യമായ ജീവിത യാഥാർത്ഥ്യമായിരുന്നു. അതിനെപ്പോഴും അദ്ദേഹം ഒരുങ്ങിയിരുന്നു. അദ്ദേഹത്തിന്റെ ജീവിതം തന്നെയായിരുന്നു ആ ഒരുക്കം.

മരണത്തിന്റെ ദിവസം തന്നെയാണ് അതിന്റെ ദൃഷ്ടാന്തം. വിശുദ്ധ കുർബ്ബാനയ്ക്ക് പള്ളിയിൽപോകുവാൻ ഒരുങ്ങുമ്പോഴാണ് ആദ്യത്തെ Cardiac Arrest. കാര്യം മനസ്സിലാക്കിയ പിതാവ് കൃത്യതയോടെ പറഞ്ഞു;



എന്നെ ഒരിടത്തേക്കും കൊണ്ടുപോകേണ്ട. എനിക്ക് മരിക്കുവാനുള്ള സമയമായി. വി. കുർബ്ബാന തരിക'. പിന്നീട് പിതാവ് വി. കുമ്പസാരവും, രോഗീലേപനവും ആവശ്യപ്പെട്ടു. ദൈവം തന്റെ ഭക്തർക്ക് അവർ ആഗ്രഹിക്കുന്ന മരണം കൊടുക്കുന്നു. തന്റെ നാമഹേതുകനായ വി. പൗലോസ് ശ്ലീഹായുടെ വാക്കുകൾ പിതാവിലും നിറവേറുകയാണ്. "എനിക്ക് ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ്."

വേർപാടിന്റെയും വേദനയുടെയും ഈ ദിനത്തിൽ ഞങ്ങളോടൊപ്പമായിരുന്നുകൊണ്ട് നമ്മെ ആശ്വസിപ്പിക്കുവാനും അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിന് നിത്യശാന്തി നേർന്ന് പ്രാർത്ഥിക്കുന്നതിനായി ഇവിടെ എത്തിയിരിക്കുന്ന സീറോ മലബാർ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിനും, തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോർജ്ജ് ഞരളക്കാട്ട് പിതാവിനും, തൃശൂർ അതിരൂപതാ അദ്ധ്യക്ഷ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനും, താമരശ്ശേരി രൂപതയുടെ മുൻ മെത്രാനും, തൃശ്ശൂർ അതിരൂപതയുടെ മെത്രാപ്പോലീത്തായുമായിരുന്ന മാർ ജേക്കബ് തൂങ്കുഴി പിതാവിനും, തലശ്ശേരി അതിരൂപതയുടെ മെത്രപ്പോലീത്ത മാർ ജോർജ്ജ് വലിയമറ്റത്തിനും, കോഴിക്കോട് രൂപതാദ്ധ്യക്ഷൻ റവ. ഡോ. വർഗ്ഗീസ് ചക്കാലക്കൽ പിതാവിനും ബത്തേരി മലങ്കര കത്തോലിക്ക രൂപതയുടെ അദ്ധ്യക്ഷൻ ജോസഫ് മാർ തോമസ്, ചങ്ങനാശ്ശേരി അതിരൂപതയുടെ സഹാ.മെത്രാൻ മാർ തോമസ് തറയിൽ പിതാവിനും, MST ഡയറക്ടർ ജനറൽ ആൻണി പെരുമാനൂരച്ചനും, ഷംഷാബാദ് രൂപതാ വികാരി ജനറാൾ ഫാ. ഫ്രാൻസിസ് ഇലവുത്തിങ്കലിനും, പ്രൊവിൻഷ്യൽ സുപ്പീരിയേർസ്, വൈദികർ, സന്യസ്തർ, പ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ടവർ, ജനപ്രതിനിധികൾ, മാധ്യമ പ്രവർത്തകർ എന്നിവർക്കും ഏറ്റവും ഹൃദ്യമായ സ്വാഗതം.







# മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് നടത്തിയ അനുശോചന സന്ദേശം

സീറോ മലബാർ സഭയുടെ പിതാവും തലവനുമായ അഭിവന്ദ്യ ജോർജ് ആലഞ്ചേരി പിതാവേ, അഭിവന്ദ്യ പിതാക്കന്മാരേ, പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, പ്രിയ സഹോദരീസഹോ ദന്മാരേ, സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മേഖലകളിലെ വിശിഷ്ട വ്യക്തിത്വങ്ങളെ, ചിറ്റിലപ്പിള്ളി പിതാവിന്റെ കുടുംബാംഗങ്ങളേ മാധ്യമങ്ങളിലൂടെ ഈ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കുകൊള്ളുന്ന പ്രിയ സഹോദരീസഹോദർമാരേ,

പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുന്നാൾ ആചരിക്കുന്ന ഇന്ന്, 'ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ' എന്ന് ദിനംതോറും പലവുരു ആവർത്തിച്ചിരുന്ന പോൾ ചിറ്റിലപ്പിള്ളി പിതാവ് പരിശുദ്ധ അമ്മയോടു ചേർന്ന് പിതാവിന്റെ ഭവനത്തിലേക്ക് യാത്രയായിരിക്കുകയാണ്. ഈ ഔദ്യോഗിക യാത്രാമൊഴിയുടെ അവസരത്തിൽ പിതാവിന്റെ മരണത്തിൽ ദുഃഖാർത്തരായിരിക്കുന്ന എല്ലാവരോടും സഭയുടെ പേരിൽ, പ്രത്യേകിച്ചും സീറോ മലബാർ സഭയുടെ പേരിൽ അനുശോചനം രേഖപ്പെടുത്തുകയാണ്, പ്രാർത്ഥന രേഖപ്പെടുത്തു കയാണ്. വളരെ പ്രത്യേകിച്ച് അദ്ദേഹത്തിന്റെ മാതൃരൂപതയായ തൃശ്ശൂർ അതിരൂപതാംഗങ്ങൾക്ക്, കല്യാൺ രൂപതാംഗങ്ങൾക്ക്, താമരശ്ശേരി രൂപതാംഗങ്ങൾക്ക്, അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്ക് പ്രത്യേകിച്ച് അനുജൻ ആന്റണി മാസ്റ്റർക്കും സി. ഇൽഡഫോൻസിനും മറ്റു ബന്ധുമിത്രാദികൾക്കും അനുശോചനം രേഖപ്പെടുത്തട്ടെ.

2005 ഏപ്രിൽ മാസം 8-ാം തീയതി ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ വിടവാങ്ങലിൽ, അദ്ദേഹത്തിന്റെ മൃതസംസ്കാര വേളയിൽ അന്നത്തെ കർദ്ദിനാൾമാരുടെ അദ്ധ്യക്ഷൻ ആയിരുന്ന കർദ്ദിനാൾ റാറ്റ്സിംഗർ, പിന്നീട് ബനഡിക്ട് 16-ാമൻ മാർപ്പാപ്പ, നടത്തിയ ചരമപ്രസംഗത്തിൽ യോഹന്നാന്റെ സുവിശേഷത്തിൽ 21-ാം അദ്ധ്യായം



19-ാം വാക്യം ഉദ്ധരിച്ചുകൊണ്ട് വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ ജീവിതത്തെക്കുറിച്ച് പറയുകയുണ്ടായി. മൂന്നു പ്രാവശ്യം നീ എന്നെ സ്നേഹിക്കുന്നുവോ എന്ന ചോദ്യത്തിന് ഉത്തരം പറഞ്ഞതിനുശേഷം ഇനി താൻ എങ്ങനെയാണ് മരിക്കേ ണ്ടത് എന്ന് സൂചിപ്പിച്ചതിനുശേഷം യേശു പത്രോസിനോട് പറയുക യാണ് 'എന്നെ അനുഗമിക്കുക'. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ യുടെ ജീവിതം ഈ അനുഗമനത്തിന്റേതായിരുന്നു. മത്തായിയുടെ സുവിശേഷം 4-ാം അദ്ധ്യായം 19-ാം തിരുവചനത്തിൽ വായിക്കുന്നതു പോലെ പത്രോസിനെയും അന്ത്രയോസിനെയും വിളിച്ചു. 16-ാം അദ്ധ്യായം 24-ാം തിരുവചനത്തിൽ വായിക്കുന്നതുപോലെ കുരിശെടുത്ത് അനുഗമിക്കാൻ പറഞ്ഞു. അതുകഴിഞ്ഞിട്ട് പറയുന്നത് നീ എന്നെ അനുഗമിക്കണം. യേശുവിനെ അനുഗമിച്ചത് പൂർത്തിയാകുന്നത് യോഹന്നാന്റെ സുവിശേഷം 14-ാമത്തെ അദ്ധ്യായം 3-ാം വാക്യത്തിൽ വായിക്കുന്നതുപോലെ 'ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കണം' എന്നുള്ള വിളിയിൽ. ഇതാ അഭിവന്ദ്യ പോൾ പിതാവ് യേശുവിനോടൊപ്പം പിതാവിന്റെ ഭവനത്തിൽ ആയിരിക്കുകയാണ്. യോഹന്നാന്റെ സുവിശേഷത്തിലെ 14 മുതൽ 17 വരെയുള്ള അദ്ധ്യായ ങ്ങളെ പറയുന്നത് യേശുവിന്റെ 'forewell discourse', എന്നാണ്. അതിനു പശ്ചാത്തലമായി യോഹന്നാന്റെ സുവിശേഷം 13-ാമത്തെ അദ്ധ്യായം യേശുവിന്റെ സ്നേഹത്തിന്റെ ശുശ്രൂഷയുടെ കല്പനയും 18 മുതലുള്ള അദ്ധ്യായങ്ങളിൽ യേശുവിന്റെ കുരിശുമരണത്തിന്റെ, സഹനത്തിന്റെ പശ്ചാത്തലവുമാണ്.

ഞാനിത് പറയാൻ കാരണം 1988 ആഗസ്റ്റ് മാസത്തിൽ കല്യാൺ രൂപതയുടെ മെത്രാനായി അഭിഷിക്തനായപ്പോൾ താൻ എടുത്ത മുദ്രാവാക്യം ഇതാണ് 'unity, love, suffering'- ഐക്യം, സ്നേഹം, സഹനം. യേശുവിന്റെ ജീവിതത്തിൽ നിന്ന് അഭിവന്ദ്യ പിതാവ് തന്റെ ജീവിതത്തിലേക്ക് പകർന്നത് യേഹന്നാന്റെ സുവിശേഷം 17-ാമത്തെ അദ്ധ്യായത്തിൽ പറയുന്നതുപോലെ 'പിതാവുമായുള്ള ഐക്യത്തിന് താൻ എന്റെ ജനവുമായി ഐക്യപ്പെടണം. പിതാവിന്റെ സ്നേഹം കാണിച്ചതുപോലെ ഞാൻ ജനത്തെ സ്നേഹിക്കണം. യേശു സഹിച്ചതുപോലെ താൻ എന്റെ ജനത്തിന് സഹനബലിയാകണം. ഈയവസരത്തിൽ ചിറ്റിലപ്പിള്ളി പിതാവ് വിട പറയുമ്പോൾ പിതാവ് നമുക്ക് വലിയൊരു മാതൃക നൽകിയിരിക്കുകയാണ്. യേശു ശിഷ്യരെ വിളിച്ചത് തന്നോടുകൂടെ ആയിരിക്കുവാനും ഐക്യപ്പെടുവാ നുമാണ്. പോൾ പിതാവ് ഇന്ന് ഈ കൂടെയായിരിക്കുന്ന പ്രക്രിയ പൂർണ്ണമാക്കിയിരിക്കുകയാണ്. അതിനുള്ള ഒരുക്കമായിരുന്നു തന്റെ എൺപത്തിയാറ് വർഷങ്ങൾ. വർഷ ങ്ങൾ ഓടിനടന്ന ഒരു വലിയ വ്യക്തി ത്വത്തിന് ഇന്നു നമ്മൾ ഈ ലോകത്തിൽനിന്ന് സ്വർഗത്തിലേക്ക് യാത്രാമൊഴി നേരുകയാണ്.

വിളിച്ചവനോട് നൂറു ശതമാനം വിശ്വസ്തനായ ഒരു വൈദിക ശ്രേഷ്ഠനാണ് പോൾ ചിറ്റിലപ്പിള്ളി പിതാവ്. ഇന്ന് റെമീജിയോസ് പിതാവ്





ആമുഖത്തിൽ സൂചിപ്പിച്ചതുപോലെ തൃശ്ശൂർ അതിരൂപത യിലെ പുരാതന പ്രസിദ്ധമായ ചിറ്റിലപ്പിള്ളി തറവാട്ടിൽ ചുമ്മാർ- കുഞ്ഞായി ദമ്പതികളുടെ എട്ടുമക്കളിൽ ആറാമനാണ് പിതാവ്. ദൈവവിളിയെക്കുറിച്ച് ഒരുപാട് പറഞ്ഞ പോൾ പിതാവ് ദൈവവിളി യെക്കുറിച്ച് പറയാൻ മാതൃക കൊടുത്തത് തന്റെ കുടുംബത്തെയാണ്. എട്ടുമക്കളിൽ നാലുപേർ സമർപ്പിതരായി. രണ്ട് വൈദികരും രണ്ട് സിസ്റ്റേഴ്സും. മൂത്തജേഷ്ഠൻ ജോർജ് ചിറ്റിലപ്പിള്ളി അച്ചൻ ഒല്ലൂർ വികാരിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ അസിസ്റ്റന്റായി പ്രവർത്തിക്കാൻ എനിക്ക് സാധിച്ചിട്ടുണ്ട്. അത് വലിയൊരു അഭിമാനമായി ഞാൻ കണക്കാക്കുകയാണ്. ചിറ്റിലപ്പിള്ളി പിതാവ് തൃശ്ശൂരിലെ ചാൻസിലറും പിന്നീട് വികാരി ജനറാളുമായിരുന്നപ്പോൾ അദ്ദേഹത്തിന്റെ കൂടെ വൈസ് ചാൻസലർ എന്ന നിലയിൽ പ്രവർത്തി ച്ചപ്പോൾ നേരത്തെ റെമീജിയോസ് പിതാവ് സൂചിപ്പിച്ചതുപോലെ അടുത്തറിയുമ്പോഴാണ് ഒരാളെ കൂടുതൽ മനസ്സിലാക്കാൻ സാധിക്കുക. അദ്ദേഹത്തിന്റെ ജീവചരിത്രം നമുക്കറിയാം. തൃശ്ശൂർ അതിരൂപതയിൽ അദ്ദേഹം ചെയ്ത സേവനം, കല്യാൺ രൂപതയ്ക്ക് അടിത്തറ നൽകിയത്, താമരശ്ശേരി രൂപതയെ വളർത്തിയത്, 2010 ഏപ്രിൽ 8-ാം തീയതി താൻ വിശ്രമജീവിതത്തിലേക്ക് പ്രവേശിച്ച പ്പോൾ, വിശ്രമം സേവനത്തിന് മാത്രമല്ല വിശ്രമം തന്റെ വിളിയെ ക്കുറിച്ച് കൂടുതൽ ബോധ്യപ്പെടുന്നതിനുള്ള അവസരമാക്കി ചിറ്റിലപ്പിള്ളി പിതാവ് മാറ്റി. ആദ്യമായി അടുത്തറിഞ്ഞ വ്യക്തി എന്ന നിലയിൽ എനിക്ക് പിതാവിനെക്കുറിച്ച് പറയാനുള്ളത് ഒരു ആത്മീയ ആചര്യനായിരുന്നു പോൾ പിതാവ്. കഴിഞ്ഞ വെള്ളിയാഴ്ചയിലെ സംഭവം, സീറോ മലബാർ സഭയിലെ മെത്രാന്മാരുടെ സിനഡ് മാതാവിന്റെ ജനനത്തിരുനാളിന് ഒരുക്കമായി പ്രാർത്ഥനയും നോമ്പും അനുഷ്ഠിക്കണമെന്ന് പറഞ്ഞപ്പോൾ, വെള്ളിയാഴ്ച എന്നോട് പറഞ്ഞത് ദിവസം മുഴുവനും പ്രാർത്ഥനയുടെ ഉപവാസത്തിന്റെ ദിനമായി ഒരുങ്ങുകയായിരുന്നു എന്നാണ്. അത് മരണത്തിന് ഒരുക്കമാണെന്ന് ആരും ചിന്തിച്ചില്ല. പക്ഷെ പിതാവ് അത് ഓർത്തി രുന്നു, ഒരുങ്ങിയിരുന്നു.

ഒരിക്കലും ചിന്തിക്കാത്ത അവസരത്തിലാണ് അദ്ദേഹത്തിന് താമരശ്ശേരിയിലേക്ക് മാറ്റം കിട്ടിയത്. ഇവിടെ വന്നതിനെക്കുറിച്ച് പിതാവ് പറയുന്നത്. ഇവിടെ വന്നപ്പോൾ ചിന്തി ച്ചത് പ്രാർത്ഥിച്ച് ഒരുങ്ങണമെന്നാണ്. അതുകൊണ്ട് കുളത്തുവയൽ ധ്യാനകേന്ദ്രത്തിലേക്ക് പോയി. പിന്നീട് ചിന്തിച്ചത് പുല്ലൂരാപാറയിൽ ധ്യാനകേന്ദ്രമുണ്ടാകണം, നിത്യാരാധന കേന്ദ്രമുണ്ടാകണം എന്നാണ്. പ്രാർത്ഥനയുടെ മനുഷ്യനായിത്തീരലായിരുന്നു; പ്രാർത്ഥനയുടെ മനുഷ്യനായിരുന്നു പിതാവ്. റെമീജിയോസ് പിതാവ് സൂചിപ്പിച്ചു അദ്ദേഹത്തിന്റെ പരിശുദ്ധ കുർബാനയെക്കുറിച്ച്, വ്യക്തിപരമായ പ്രാർത്ഥനയെക്കുറിച്ച്., കാനോന നമസ്കാരം എല്ലാം ചൊല്ലിയതിനെ ക്കുറിച്ചുമൊക്കെ. എല്ലാവർക്കും മാതൃക നൽകുന്ന ഒരു വ്യക്തിത്വം.

ഈ അവസരത്തിൽ പോൾ പിതാവിനെക്കുറിച്ച് പറയാനുള്ളത് എനിക്ക്



ഇത്രമാത്രമാണ്. പൗലോസ് ശ്ലീഹായെപ്പോലെ ഉത്തമ മിഷണറിയായ പ്രേഷിത ആഭിമുഖ്യമുള്ള ഒരു വ്യക്തി. അദ്ദേഹം കല്യാൺ രൂപതയിലേക്ക് പോയ കാര്യം ഞാൻ ഓർക്കുകയാണ്. കുണ്ടുകുളം പിതാവ് 1987 ൽ തൃശ്ശൂർ ആർച്ച് ബിഷപ്പ്സ് ഹൗസിന്റെ കോവണിയുടെ മുന്നിൽ നിന്നിട്ട് രാത്രിയിൽ ഊണ് കഴിഞ്ഞപ്പോൾ ചിറ്റിലപ്പിള്ളി പിതാവുണ്ട് ഞാനുണ്ട് ചാൻസലർ അച്ചനുണ്ട്. അവിടെ ഇരിക്കുമ്പോൾ ചോദിച്ചു. നമ്മുടെ സീറോ മലബാർ സഭയുടെ ഒരുപാട് മക്കൾ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഉണ്ട്. അവിടെ പ്രേഷിതപ്രവർത്തനം നടത്തണം. അജപാലനപ്രവർത്തനം നടത്തണം ആരെയാണ് അയയ്ക്കണ്ടേ? ചിറ്റിലപ്പിള്ളി പിതാവ് പറഞ്ഞു. പിതാവേ 'ഞാൻ പോട്ടെ, ഞാൻ പോകാം'. അപ്പോൾ കുണ്ടുകുളം പിതാവ് ചോദിച്ചു വികാരി ജനറാൾ അല്ലേ. എങ്ങനെയാ പോകുന്നേ എന്ന്. അതുകുഴപ്പമില്ല, ഇവിടെ ഇഷ്ടംപോലെ അച്ചന്മാരു ണ്ടല്ലോ എന്നാണ് പോൾ പിതാവ് പറഞ്ഞത്. അങ്ങനെയാണ് ഒരു ടീമായിട്ട് 1987 ൽ ബോംബയിലേക്ക് യാത്ര തിരിക്കുന്നത്. 1988 ൽ അവിടുത്തെ ആദ്യത്തെ മെത്രാനായി തീരുന്നത്. ഈ പ്രേഷിത ആഭിമുഖ്യത്തെക്കുറിച്ച് പിതാവിന്റെ ചിന്ത മത്തായിയുടെ സുവിശേഷ ത്തിൽ 28-ാം അധ്യായം 19,20 തിരുവചനങ്ങളിൽ വായിക്കുന്നപോലെ ഒരു വൈദികന്റെ, ക്രിസ്ത്യാനിയുടെ ദൗത്യം മാമ്മോദീസ മുങ്ങിയിട്ടു ണ്ടെങ്കിൽ നിങ്ങൾ ലോകമെങ്ങുംപോയി സുവിശേഷം പ്രസംഗി ക്കണം; സ്ഥാനത്തും അസ്ഥാനത്തും. തിമോത്തിക്ക് എഴുതിയ 2-ാം ലേഖനത്തിൽ വായിക്കുന്നതുപോലെ ഇവിടെ സുവിശേഷം പ്രസംഗി ക്കാത്ത ഒരാളും ക്രിസ്ത്യാനിയല്ല, ഒരാളും വൈദികനല്ല. ധീരത യോടെ ഇറങ്ങിയ പിതാവ് അപ്പസ്തോലപ്രവർത്തനം 1-ാം അധ്യായം 8-ാം വാക്യത്തിൽ വായിക്കുന്നതുപോലെ 'ലോകത്തിന്റെ അതിർത്തികൾവരെ യേശുവിന് സാക്ഷ്യം വഹിക്കുവാനുള്ള പ്രേഷിതതീക്ഷണത, പൗലോസിന്റെ തീക്ഷണതയുള്ള വ്യക്തിയാ യിരുന്നു. 1987 ൽ മാർപ്പാപ്പ ഇന്ത്യയിലെ മെത്രാന്മാർക്ക് അയച്ച കത്തിന്റെ പശ്ചാത്തലത്തിലാണ് കല്യാൺ രൂപത സ്ഥാപിതമായത്. അങ്ങനെ വന്നപ്പോൾ അവിടെ ചിറ്റിലപ്പിള്ളി പിതാവുതന്നെ തീരുമാനിക്കുകയാണ് അവിടെയുള്ള ക്രൈസ്തവർ ചിതറിക്കിട ക്കുകയാണ്. അവരെ ഒരുമിപ്പിക്കണം. അതിനാവശ്യമായ മുദ്രവാക്യ മാണ് unity. അവരെ ഒരുമിച്ചുകൂട്ടണം അവരെ എങ്ങനെ ഒരുമിച്ചു കൂട്ടണം? യേശുവിന്റെ സ്നേഹത്തോടെ. കാണാതെപോയ ആടിനെ കണ്ടെത്തി തോളിലേറ്റിയതുപോലെ, ബോംബയിലും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും ചിതറിക്കിടക്കുന്നവരെ തിരിച്ചുകൊണ്ടുവന്ന് തോളിലേറ്റാനുള്ള ആ വലിയ മനോഭാവം. സ്നേഹത്തോടെ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്ന മനോഭാവം. അങ്ങനെ വരുമ്പോൾ സഹനം ഉണ്ടാകുമെന്ന് ബോധ്യമുണ്ട്. ഞാൻ ഇവിടെ സന്ദേശം പറയുന്നുണ്ടെന്ന് കേട്ടപ്പോൾ ഇലവനാൽപിതാവ് പറയുക യാണ്, കല്യാൺ രൂപതക്ക് അടിസ്ഥാനമിട്ടത് പോൾ പിതാവിന്റെ സഹനമാണ്. ഒരുപാട് പ്രതിസന്ധികൾ ഉണ്ടായി. ഉള്ളിൽ



നിന്നു തന്നെ. സീറോ മലബാർ ക്രിസ്ത്യാനികൾതന്നെ ഇവിടെ രൂപത വേണ്ടായെന്ന് പറഞ്ഞു. സി.ബി.സി.ഐ.യുടെ പ്രസിഡണ്ട് കർദ്ദിനാൾ ഓസ്വാൾഡ് തന്റെ അനുശോചന സന്ദേശത്തിൽ പറയു കയാണ്, എത്ര പ്രതിസന്ധികൾ ഉണ്ടെങ്കിലും ഐക്യത്തിനുവേണ്ടി യാതൊരു വിരോധവും വിഷമവുമില്ലാതെ ചിറ്റിലപ്പിള്ളി പിതാവ് പ്രവർത്തിച്ചു എന്ന്. ദൈവജനം ഒറ്റക്കെട്ടായി എങ്ങനെയാണ് സഹവർത്തിത്വം നടത്തേണ്ടത് ഐക്യത്തോടെ പ്രവർത്തിക്കേണ്ടത് എന്ന് മാതൃക കാണിച്ചയാളാണ് ചിറ്റിലപ്പിള്ളി പിതാവ് എന്ന് കർദ്ദിനാൾ ഓസ്വാൾഡ് തന്റെ അനുശോചനത്തിൽ പറയുകയാണ്. തട്ടിൽപിതാവും ഇലവനാൽ പിതാവും എന്നെ വിളിച്ചു പറഞ്ഞു. അവർക്ക് വരണമെന്നുണ്ട്, അനുശോചനം രേഖപ്പെടുത്തിയേക്കണേ എന്ന്. ഇന്ന് ഇന്ത്യയിൽ സീറോ മലബാർ സഭയ്ക്ക് ഓൾ ഇന്ത്യ ജൂറിസ്ട്രിക്ഷൻ കിട്ടിയിട്ടുണ്ടെങ്കിൽ കല്യാൺ രൂപത മാതൃകയാ യിരുന്നു. പിതാവ് നൽകിയിട്ടുള്ള സന്ദേശവും മാതൃകയും അതുകൊ ണ്ടുതന്നെയാണ് വത്തിക്കാൻ മറ്റു രൂപതകൾക്കും രൂപം കൊടുക്കാൻ കാരണമായത്. ഇത് പറയണമെന്ന് തട്ടിൽപിതാവ് എന്നെ വിളിച്ചു പറഞ്ഞു. ഈ പ്രേഷിത ആഭിമുഖ്യംകൊണ്ട് എല്ലാ സന്യാസിനി സമൂഹവും വ്യാപൃതരാകണ മെന്നതുകൊണ്ടുതന്നെ നാല് സന്യാസസമൂഹങ്ങളെ വിളിച്ച് വിസ്തൃതമായ തന്റെ കല്യാൺ രൂപതയുടെ ഭാഗങ്ങളിൽ മിഷൻപ്രവർത്തനത്തിന് ഏല്പിച്ച ആ മഹാവ്യക്തിത്വത്തിന്റെ ഉടമയെക്കുറിച്ച് ചിന്തിക്കാതെ നിവർത്തിയില്ല. ഇല്ലായ്മയിൽനിന്ന് ഒരു രൂപതയ്ക്ക് രൂപംകൊടുക്കാനായിട്ട് പിതാവിന്റെ പ്രേഷിത ആഭിമുഖ്യത്തിന് സാധിച്ചു എന്നുള്ളത് ഞാൻ സന്തോഷത്തോടെ, അഭിമാനത്തോടെ ഓർക്കുകയാണ്. പ്രതീക്ഷികാതെ ഈ താമരശ്ശേരി യിലേക്ക് മാറ്റം കിട്ടിയപ്പോൾ ഒന്നും ചിന്തിച്ചില്ല പിതാവ്. എന്റെ ഇഷ്ടമല്ല അവിടുത്തെ ഇഷ്ടം നിറവേറട്ടെ. ഇവിടെ വന്നപ്പോൾ പിതാവിന് മനസ്സിലായി തന്റെ മുദ്രവാക്യം ഐക്യം, സ്നേഹം സഹനം എന്നതാണെങ്കിൽ താമരശ്ശേ രിയിൽ വരുമ്പോൾ അതിനൊരു മാറ്റം വരുന്നത് നല്ലതാണെന്ന്. വള്ളോപ്പിള്ളി പിതാവും, മങ്കുഴിക്കരി പിതാവും, തൂങ്കുഴി പിതാവും താമരശ്ശേരി രൂപതയ്ക്ക് അതിന്റെ ബാല്യത്തിൽ നിന്ന് യൗവന ത്തേല്ക്ക് കടക്കാൻ അടിത്തറ ഇട്ടിട്ടുണ്ട്. അതുകൊണ്ട് ഇവിടെ ആവശ്യമായിരിക്കുന്നത് ഇവിടുത്തെ ജനത്തെ നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക. അതുകൊണ്ടുതന്നെ പുതിയ മുദ്രവാക്യം താമരശ്ശേരിയിൽ തിരഞ്ഞെടുത്തു. “To renew and to strengthen’ എഫേസോസിലെ ലേഖനത്തിൽ 4-ാമത്തെ അധ്യായത്തിൽ പറഞ്ഞിരിക്കുന്നതുപോലെ കഴിഞ്ഞതെല്ലാം കഴിഞ്ഞു. ഇനി പുതിയ മനുഷ്യന് രൂപം കൊടുക്കുക. കൊളോസിയ 2-ാം അധ്യായം 7-ാം വാക്യത്തിൽ പറയുന്നതുപോലെ rooted and founded in Christ. So built up. സഭയെ പണിതുയർത്താൻ. അതാണ് റെമീജിയോസ് പിതാവ് തന്റെ ആമുഖത്തിൽ താമരശ്ശേരി രൂപതയെ എങ്ങനെയെല്ലാം വളർത്തി വലുതാക്കിയതെന്ന് വളരെയേറ സുന്ദരമായി അവതരിപ്പിച്ചത്.



ചിറ്റിലപ്പിള്ളി പിതാവ് ഈ പ്രേഷിത ആഭിമുഖ്യത്തോടെയുള്ള ഒരു നല്ല അധ്യാപകനായിരുന്നു. അദ്ദേഹം തൃശ്ശൂരിൽ ആയിരു ന്നപ്പോൾ മൈനർ സെമിനാരിയിൽ പഠിപ്പിച്ചു. 1967 മുതൽ 1971 വരെ വടവാതൂർ സെമിനാരിയിൽ അധ്യാപകനായിരുന്നു. പക്ഷെ, എപ്പോഴെല്ലാം പഠിപ്പിക്കാൻ അവസരം കിട്ടിയോ അപ്പോഴെല്ലാം അദ്ദേഹം പഠിപ്പിച്ചിരുന്നു. അത് കുടുംബകൂട്ടായ്മയിൽ ആണെങ്കിൽ, പോലും. അതിനും അപ്പുറത്ത് പിതാവ് നല്ലൊരു അജപാലകനാ യിരുന്നു. പിതാവ് ആളൂര് പള്ളിയിലെ കൊച്ചച്ചനായിരുന്നപ്പോൾ ഉള്ള വിവരങ്ങൾ ഒത്തിരി പറയാറുണ്ടായിരുന്നു എന്നോട്. പ്രേഷിത തീക്ഷ്ണത എന്നും നിലനിൽക്കും. ചാൻസലറും വികാരി ജനറാളു മായിരിക്കുമ്പോൾ എപ്പോഴും ഇടവകകളിലേക്ക് പോകുമായിരുന്നു. ഞാൻ ഇങ്ങോട്ട് പോരുന്ന വഴിയിൽ ടോണി പിതാവിന്റെ അമ്മ ഔസേപ്പ് മാസ്റ്ററുടെ ഭാര്യ മേരി ടീച്ചർ ചിറ്റിലപ്പിള്ളി പിതാവിനെ ക്കുറിച്ച് പറഞ്ഞത് ഞാൻ കേട്ടു. സൗത്ത് അമേരിക്കയിൽ ബേസിക് ക്രിസ്ത്യൻ കമ്മ്യൂണിറ്റിയുടെ മാതൃകയിൽ തൃശ്ശൂർ അതിരൂപതയിൽ കുടുംബകൂട്ടായ്മകൾക്ക് രൂപം കൊടുക്കുന്നതിൽ പിതാവ് കാണിച്ച തീക്ഷ്ണത. ആദ്യത്തെ കുടുംബകൂട്ടായ്മതന്നെ ടോണി പിതാവിന്റെ കുടുംബത്തെ ഉൾപ്പെടുത്തി ചെയ്ത കാര്യങ്ങൾ. ഇന്ന് കേരളത്തിൽ കുടുംബകൂട്ടായ് മകൾക്ക് മാതൃക കൊടുത്തത് ചിറ്റിലപ്പിള്ളി പിതാവാണ്. കല്യാൺ രൂപതയിൽ എല്ലാ വീടുകളിലും യൂണിറ്റുകളിലും പോയത് ചിറ്റിലപ്പിള്ളി പിതാവാണ്. എന്നോട് റെമീജിയോസ് പിതാവ് പറയുക യായിരുന്നു. ഈ താമരശ്ശേരി രൂപതയിലെ എല്ലാ കുടുംബകൂട്ടാ യ്മകളിലും സാധിക്കുന്നത്ര വീടുകളിലും ചിറ്റിലപ്പിള്ളി പിതാവ് വ്യക്തിപരമായിട്ടുതന്നെ എത്തിയിട്ടുണ്ട് എന്ന്. കുടുംബ കേന്ദ്രീകൃത അജപാലന ശൈലിക്ക് മാതൃക കൊടുത്തു. ഇല്ലായ്മയിൽ ഒരുപാട് പള്ളികൾ കല്യാൺ രൂപതയിൽ ഉണ്ടാക്കി.

അതുപോലെതന്നെ ആമുഖത്തിൽ സൂചിപ്പിക്കുകയുണ്ടായി താമരശ്ശേരി രൂപതയിൽ വളർന്നുവന്ന പള്ളികളുടെ എണ്ണം. അതിനേക്കാൾ അപ്പുറം ചിറ്റിലപ്പിള്ളി പിതാവിന് ഉണ്ടായിരുന്ന ഒരു മനോഭാവം, പ്രവർത്തികളിലൂടെയാണ് തന്റെ വിശ്വാസം പ്രാവർത്തി കമാക്കേണ്ടത് എന്ന ബോധ്യത്തിൽ പാവപ്പെട്ടവരോടുള്ള പ്രതിബദ്ധ തയായിരുന്നു. അത് തൃശ്ശൂരിൽ പ്രത്യേകിച്ച് അതിന്റെ സോഷ്യൽ ഡയറക്ഷൻ പ്രവർത്തനങ്ങളിലൊക്കെ പിതാവ് അന്ന് വളരെ സജീമായിരുന്നു. കുണ്ടുകുളം പിതാവിനോട് ചേർന്നുകൊണ്ടുതന്നെ ബോംബെയിൽ കല്യാൺ രൂപതയിൽ എത്തിക്കഴിഞ്ഞപ്പോൾ അദ്ദേഹം ഇറങ്ങിതിരിച്ചത് ധാരാവിയിലെ ചേരിയിലാണ്. അവിടെ നിർമ്മലദാസി സിസ്റ്റേഴ്സിനെയെല്ലാം കൊണ്ടുവന്ന് ചേരിയിലെ മിക്കവാറും വീടുകളിലെല്ലാം ചിറ്റിലപ്പിള്ളി പിതാവ് എത്തിയിട്ടുണ്ട്. താമരശ്ശേരിയിൽ വന്നുകഴിഞ്ഞപ്പോൾ പിതാവിന്റെ പ്രത്യേക





പരിഗണന ലഭിച്ചത് നിങ്ങൾക്കെല്ലാവർക്കും അറിയാം. ഇവിടുത്തെ കർഷകരോട് പിതാവിന് സ്നേഹമായിരുന്നു. ഇൻഫാമൊക്കെ രൂപീകരിച്ചത് പിതാവാണെന്ന് ഞാൻ മനസ്സിലാക്കുന്നു. അതാണ് റെമീജിയോസ് പിതാവ് നേരത്തെ എന്നോട് പറഞ്ഞത് ഏതെങ്കിലും ഒരു അച്ചന് അസുഖം വന്നാൽ പിതാവ് അവിടെയുണ്ട്. വ്യക്തിപര മായി ആവശ്യങ്ങൾ കണ്ടറിഞ്ഞ് സഹായിക്കുന്ന ഒരു വ്യക്തിത്വം.

ആ പിതാവ് ഇന്ന് വിടപറയുമ്പോൾ അദ്ദേഹം ഒരു നല്ല അജപാലകൻ മാത്രമല്ല വലിയൊരു പണ്ഡിതനായിരുന്നു. കാനൻ നിയമപണ്ഡിതൻ. 1966 ൽ റോമിൽ ലാറ്ററൻ യൂണിവേഴ്സിറ്റിയിൽനിന്ന് കാനൻ ലോയിൽ ഡോക്ടറേറ്റ് നേടി ഇവിടെ വന്നപ്പോൾ അതിന്റെ ഗുണം ലഭിച്ചത് സീറോ മലബാർ സഭയ്ക്ക് മുഴുവനാണ്. സിനഡിൽ എപ്പോഴും നിയമകാര്യങ്ങളിൽ ചിറ്റിലപ്പിള്ളി പിതാവിന്റെ വാക്ക് അവസാനവാക്കാണ്. പലപ്രാവശ്യം സൂചിപ്പിച്ചതുപോലെ കാനൻ നിയമത്തിൽ മാത്രമല്ല, ആരാധനാക്രമത്തിൽ വളരെ പ്രാഗൽഭ്യമുള്ള ആഴമുള്ള വ്യക്തിത്വം. അദ്ദേഹത്തിന്റെ ജീവചരിത്രം സൂചിപ്പിക്കു ന്നതുപോലെ ബോംബെയിൽ എത്തിയപ്പോൾ മോശയെപ്പോലെ കല്യാണിലെ ദൈവജനത്തെ ഒരു ആരാധനാസമൂഹമായി വാർത്തെ ടുക്കുക എന്നതാണ് എന്റെ ലക്ഷ്യമെന്ന് തന്റെ ആദർശമായി സൂചിപ്പിച്ചു. സീറോ മലബാർ സഭയുടെ ആരാധനാക്രമ കമ്മീഷന്റെ ചെയർമാനായി ഇന്ന് നമ്മൾ ചെല്ലുന്ന പല ആരാധനാ പുസ്തക ങ്ങൾക്കുമൊക്കെ രൂപം കൊടുക്കുന്നതിൽ ചിറ്റിലപ്പിള്ളി പിതാവാണ് മുന്നിൽനിന്നത്. പക്ഷെ ഒരു കാര്യം പറയാനായിട്ട് ഞാൻ ആഗ്രഹിക്കു കയാണ്. അദ്ദേഹം ഒരു മധ്യവർത്തിയാണ്. അതുകൊണ്ടുതന്നെ വിമർശനങ്ങളും നേരിടേണ്ടി വന്നു. രണ്ട് എക്സ്ട്രീമ്സിലുള്ള ചിന്തകൾ നമ്മുടെ സഭയിലുണ്ട്. ആഗസ്റ്റിൽ ഓൺലൈനിൽ മെത്രാന്മാരുടെ സിനഡ് കഴിഞ്ഞപ്പോൾ എനിക്കുതോന്നുന്നു, ചിറ്റിലപ്പിള്ളി പിതാവ് വിളിക്കാത്തതായി മെത്രാന്മാർ ആരുമില്ല. എന്നെ ത്തന്നെ ഒരു അഞ്ചാറ് പ്രാവശ്യം വിളിച്ചു. 'സീറോ മലബാർ സഭ ഒരുപാട് വെല്ലുവിളികൾ നേരിടുകയാണ്, സഭയെ ഒറ്റക്കെട്ടായി നിറുത്തണം ആരാധനാക്രമത്തിൽ ഐക്യമുണ്ടാകണം. നമ്മൾ ഒന്നിച്ചു നിൽക്കണം'. രണ്ട് എക്സ്ട്രീമും നമുക്ക് വേണ്ട. പുനരുത്ഥാനവും അനുരൂപണവും ഇതുരണ്ടും ഒന്നിച്ചുകൊണ്ടുപോകാൻ, കാലഘട്ടത്തിന് അനുയോജ്യമായി ദൈവസ്നേഹത്തെ അവതരിപ്പിക്കുന്ന ആരാധനാ ക്രമം ഉണ്ടാകണമെന്നുള്ള വ്യക്തമായ ബോധ്യവും അതിനനുസരിച്ചുള്ള പ്രവർത്തനവും ചിറ്റിലപ്പിള്ളി പിതാവിന് ഉണ്ടായിരുന്നു എന്നത് പിതാവിനെ അടുത്തറിയുന്ന എല്ലാവർക്കും അറിയാം.

ഇങ്ങനെ പ്രവർത്തിച്ചുകൊണ്ടിരുന്ന ചിറ്റിലപ്പിള്ളി പിതാവ് നല്ലൊരു സംഘാടകനാണ്. ഭരണകർത്താവാണെന്ന് നിങ്ങൾക്കെല്ലാ വർക്കും അനുഭവംകൊണ്ടുതന്നെ അറിയാം, കുണ്ടുകുളം പിതാവിനോട് ചേർന്ന്



വിദ്യാഭ്യാസസമരത്തിന്റെ കാലത്ത്, നവീകരണവർഷ ത്തിൽ അങ്ങനെ പലതും. തൃശ്ശൂർ രൂപതയിൽ അദ്ദേഹത്തിന്റെ ഏറ്റവും സംഘാടകപാടവം ഞാൻ കണ്ടറിഞ്ഞത് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ തൃശ്ശൂർ സന്ദർശനവേളയിൽ 1987 ൽ അദ്ദേഹം ഓർഗനൈസിംഗ് കമ്മിറ്റി ചെയർമാനും ഞാൻ സെക്രട്ടറി യും ആയിരുന്നപ്പോഴാണ്. നാനാജാതി മതസ്ഥരേയും എല്ലാ രാഷ്ട്രീയ പാർട്ടിക്കാരെയും എല്ലാവരെയും ഒരുമിച്ചുകൂട്ടി ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ വരവിന് തൃശ്ശൂരിൽ മഹാസമ്മേളനം സംഘടിപ്പിച്ചത് ഞാനോർക്കുന്നു. ഈ സംഘടനാ പാടവം തന്നെയാണ് കല്യാൺ രൂപതയിലും താമരശ്ശേരി രൂപതയിലും നമ്മൾ കണ്ടത് ഒത്തിരി വിമർശനങ്ങൾ കേട്ടിട്ടുണ്ട്. നിങ്ങൾക്കൊക്കെ അറിയാം രാഷ്ട്രീയ രംഗത്തുനിന്നും സഭയുടെ ഉള്ളിൽനിന്നും മറ്റു പല രംഗങ്ങളിൽ ഉള്ളവരിൽ നിന്നും. പ്രവർത്തിക്കുന്നവർക്കേ കുറ്റം കേൾക്കുകയുള്ളു. ഒത്തിരി കേട്ടിട്ടുണ്ട്. പക്ഷേ ഒരാളോടും വിരോധ മില്ലാതെ ആരെന്തൊക്കെ പറഞ്ഞോ യേശുവിനെപ്പോലെ അവർക്കു വേണ്ടി പ്രാർത്ഥിക്കുന്ന അവരെ സ്നേഹിക്കുന്ന അവരെ ഉൾക്കൊ ള്ളുന്ന ഒരു മഹാവ്യക്തിത്വമാണ് നമ്മുടെ പിതാവെന്ന് യാതൊരു സംശയവുമില്ലാതെ നമുക്ക് പറയാനായിട്ട് സാധിക്കും. കാരണം സഭയെ സ്നേഹിച്ചവനാണ് പിതാവ്. സഭയിലെ മെത്രാന്മാരെ, വൈദികരെ സ്നേഹിച്ചവനാണ് പിതാവ്. തന്റെ രണ്ടു പെങ്ങമാർ സിസ്റ്റേഴ്സ് ആയതുകൊണ്ട് തന്റെ ജേഷ്ഠൻ വൈദികനായതുകൊണ്ട് പൗരോഹിത്യ സന്യാസ ദൈവവിളികളെ പ്രോത്സാഹിപ്പിക്കുക മാത്രമല്ല അവർക്കുവേണ്ടി ജീവൻ അർപ്പിക്കുന്ന ഒരു നല്ല ഇടയന്റെ മനോഭാവം ചിറ്റിലപ്പിള്ളി പിതാവിന് ഉണ്ടായിരുന്നു എന്നതിനെക്കുറിച്ച് നമുക്ക് അടുത്തറിഞ്ഞാൽ മനസ്സിലാക്കുവാനായിട്ട് സാധിക്കും.

വലിയ വ്യക്തിബന്ധങ്ങൾ അദ്ദേഹം നിലനിർത്തി മരണത്തിന് ഒരുങ്ങുന്ന ഈ ദിവസങ്ങളിൽപോലും അദ്ദേഹം തൃശ്ശൂർ ഭാഗത്തുള്ള ഒരുപാട് അച്ചന്മാരേയുംം സിസ്റ്റേഴ്സിനെയും വിളിച്ചിരുന്നു. വാട്സാപ്പിൽ വീഡിയോ, കോൾ ചെയ്യാൻ പഠിച്ചപ്പോൾ പിന്നെ അങ്ങനെയായി വിളി. കുര്യൻ ജോസഫ്സാർ വിളിച്ചിട്ടു പറഞ്ഞു; 'പിതാവേ, പറഞ്ഞേക്കണെ, എനിക്ക് വരണമെന്ന് ആഗ്രഹമുണ്ട്.' രാഷ്ട്രീയ രംഗത്തുള്ളവരും മറ്റുമായി ഒത്തിരിപേർ എന്നെ വിളിച്ചു പറഞ്ഞു പിതാവേ ഒന്നു പറഞ്ഞേക്കണെ എന്ന്. ചിറ്റിലപ്പിള്ളി പിതാവിന്റെ മരണത്തിൽ അനുശോചനം രേഖപ്പെടുത്തി പ്രാർത്ഥിക്കുന്നുണ്ട് എന്ന് പറഞ്ഞു ധാരാളം പേർ. ചുരുക്കത്തിൽ നമുക്ക് ജീവിതം സന്ദേശമായി പകർത്തി യേശുവിനെ കാണിച്ചുകൊടുക്കാൻ യേശുവിനുവേണ്ടി എല്ലാം ത്യജിക്കാൻ പൗലോസ് ശ്ലീഹായെപ്പോലെ യേശുക്രിസ്തു എന്റെ സ്വന്തമായി, അതുകൊണ്ട് യേശുക്രിസ്തു എന്നിലൂടെ ജീവിക്കുന്നു എന്ന് പറഞ്ഞ ഒരു വ്യക്തിത്വം. ബുദ്ധി മുട്ടുകൾ വരുമ്പോൾ ഇപ്രകാരം പറഞ്ഞുതായി മനസ്സിലാക്കുന്നു. കഴുത്തിലെ ഈ കുരിശ് പിടിച്ചിട്ട്

ഇതല്ലേ നമ്മുടെ ആശ്രയം, ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം മത്തായി 16-ാം അദ്ധ്യായം 24 ൽ വായിക്കുന്നപോലെ കുരിശാണ് നിന്റെ ആശ്രയം പക്ഷെ കുരിശ് അവസാനമല്ല. അത് പിതാവിന്റെ ഭവനത്തിലേക്കുള്ള യാത്രയ്ക്ക് സഹായകമാണ്. 2 തിമോത്തി 4-ാം അദ്ധ്യായം 7, 8 വാക്യങ്ങളിൽ വായിക്കുന്നപോലെ ചിറ്റിലപ്പിള്ളി പിതാവ് നല്ല ഓട്ടം ഓടി യാത്ര പൂർത്തിയാക്കി പരി. അമ്മയോട് ചേർന്ന് ഇതാ പിതാവിന്റെ ഭവനത്തിൽ യേശു ആയിരിക്കുന്നിടത്ത് ചിറ്റിലപ്പിള്ളി പിതാവും ഇന്ന് ആയിരിക്കുകയാണ്. പിതാവിന്റെകൂടെ, പിതാവിന്റെ ഭവനത്തിൽ. പിതാവേ ഞങ്ങൾ നിത്യശാന്തി നേരുകയാണ്. ദൈവത്തെയും ദൈവജനത്തെയും സ്നേഹിച്ചവൻ ദൈവത്തോടും ദൈവജന ത്തോടും കൂടെ ആയിരുന്നവൻ വാക്കിൽ മാത്രമല്ല പ്രവർത്തിയിലും സത്യത്തിലും ദൈവത്തെ, ദൈവജനത്തെ സ്നേഹിച്ചവൻ. റോമാ 12-ാം അദ്ധ്യായം 1-ാം വാക്യത്തിൽ വായിക്കുന്നപോലെ ജീവിതത്തെ സജീവബലിയായി പൂർത്തിയാക്കിയവൻ. ദൈവപിതാവിന്റെ മുമ്പിൽ എഫേസിയർ 5-ാം അദ്ധ്യായം 2-ാം വാക്യത്തിൽ വായിക്കുന്നപോലെ നമുക്ക് ഒരു സുരഭില കാഴ്ചയായി പോൾ പിതാവിനെ സമർപ്പിക്കാം. കാരണം പോൾ പിതാവ് തന്നെത്തന്നെ സമർപ്പിച്ചിരിക്കയാണ്. ഈ അവസര ത്തിൽ സീറോ മലബാർ സഭയിൽ മറ്റൊരു തലവനും ഇന്നലെ നിര്യാതനായി. എറണാകുളം അതിരൂപതാംഗം കോക്കമംഗലം ഇടവകാംഗമം ജപ്പാനിലെ വത്തിക്കാൻ സ്ഥാനപതി ടോക്കിയോയിൽ വച്ച് ഇന്നലെ മരിച്ചു. ആർച്ച് ബിഷപ് ജോസഫ് ചേന്നോത്ത്. പോൾ ചിറ്റിലപ്പിള്ളി പിതാവിനുവേണ്ടി പ്രാർത്ഥി ക്കുന്നതിനോടൊപ്പം ജോസഫ് ചേന്നോത്ത് പിതാവിന് വേണ്ടിയും നമുക്ക് പ്രാർത്ഥിക്കാം. അദ്ദേഹത്തിന്റെ നിര്യാണത്തിൽ ദുഃഖിത രായിരിക്കുന്ന എല്ലാവർക്കും അനുശോചനം രേഖപ്പെടു ത്തുകയാണ്.

യേശു പത്രോസിനോട് പറഞ്ഞു എന്നെ അനുഗമിക്കുക ഇതുപോലെ അനുഗമിച്ചവനാണ് പോൾ പിതാവ് ഇന്ന് പിതാവിന്റെ ഭവനത്തിലേക്ക് വിളി ശ്രവിച്ച് പോൾ പിതാവ് എത്തിയിരിക്കുന്നു. പോൾ പിതാവിന് പരി. അമ്മയോട് ചേർന്ന് യാത്രാമൊഴി നൽകാം പോൾ പിതാവിനുവേണ്ടി പ്രാർത്ഥിക്കാം. പോൾ പിതാവിനോടും പ്രാർത്ഥിക്കാം. ഈ പരിശുദ്ധ ബലി പോൾ പിതാവിന്റെ അവസാന ബലി നമുക്ക് അതിൽ പങ്കുചേർന്ന് നമ്മുടെ ബലിയോട് ചേർത്ത് പരമപിതാവിന് നന്ദി അർപ്പിക്കാം.

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആമ്മേൻ.



# മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തവർക്ക് താമരശ്ശേരി രൂപത വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര നടത്തിയ നന്ദി പ്രസംഗം

"ഞാൻ നല്ലവണ്ണം യുദ്ധം ചെയ്തു; എന്റെ ഓട്ടം പൂർത്തിയാക്കി, എന്റെ വിശ്വാസം ഞാൻ സംരക്ഷിച്ചു; ആകയാൽ നീതിയുടെ ന്യായാധിപനായ കർത്താവ് നീതിയുടെ മുടി എന്നെ അണിയിക്കട്ടെ". എന്ന തിരുവചനം അന്വർത്ഥമാക്കിക്കൊണ്ട് ഞങ്ങളുടെ വത്സലപിതാവ് ഞങ്ങളോട് യാത്ര പറഞ്ഞ് നിത്യതയിൽ വിലയം പ്രാപിച്ചിരിക്കുന്നു. കൂടെ വസിച്ച ഞങ്ങൾക്ക് വേർപാടിന്റെ യാഥാർത്ഥ്യം ഉൾക്കൊള്ളാനാവാത്തവിധം വളരെ വേഗത്തിൽ അദ്ദേഹം വിടവാങ്ങി. ഒരുമിച്ച് ഭക്ഷിച്ചും, ഒരുമിച്ച് കളിച്ചും ചിരിച്ചും ശാസിച്ചും, തിരുത്തലുകൾ നൽകിയും ഒരു നല്ല അപ്പന്റെ മനോഭാവത്തോടെ അഭിവന്ദ്യ പിതാവ് നമ്മെ നയിച്ചു. ചിട്ടയായ ജീവിതത്തിലൂടെ, കൃത്യമായ നിലപാടുകളിലൂടെ സീറോമലബാർ സഭയ്ക്കും സാർവ്വത്രിക സഭയ്ക്കും ഭാരത സഭയ്ക്കും അദ്ദേഹം മാതൃകയായി. മുഖം നോക്കാതെ കാര്യങ്ങൾ പറയുവാനും തിരുസ്സഭയെ സ്നേഹിക്കുവാനും പിതാവ് നമ്മെ പഠിപ്പിച്ചു. വരും തലമുറയ്ക്ക് ഒരു മാതൃകയാകുവാനും, ഒരു പിതാവിന്റെ വാത്സല്യം ആവോളം നൽകുവാനും മാർ പോൾ ചിറ്റിലപ്പിള്ളിപിതാവിന് സാധിച്ചു. അദ്ദേഹത്തിന്റെ നിസ്തുലമായ സേവനത്തിന്റെയും അജപാലന ശുശ്രൂഷയുടെയും ഫലങ്ങൾ അനുഭവിക്കുവാൻ താമരശ്ശേരി രൂപതയ്ക്കും ഭാഗ്യമുണ്ടായി എന്നതിൽ ദൈവത്തിന് നന്ദി പറയുന്നു.

ഇന്നത്തെ ഈ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകിയവരേയും, അഭിവന്ദ്യ പോൾ പിതാവിന്റെ വിയോഗ വാർത്ത അറിഞ്ഞ നിമിഷം മുതൽ ഞങ്ങള ആശ്വസിപ്പിക്കുകയും അനുശോ ചനം അറിയിക്കുകയും സാന്നിധ്യം കൊണ്ട് അനുഗ്രഹിക്കുകയും ചെയ്ത എല്ലാവരേയും കൃതജ്ഞതയോടെ ഓർക്കുന്നു.

ഞങ്ങളുടെ വലിയ ഇടയന്റെ വേർപാടിന്റെയും വേദനയുടെയും ഈ ദിനത്തിൽ ഞങ്ങളോടൊപ്പമായിരുന്നുകൊണ്ട് ഞങ്ങളെ ആശ്വസിപ്പിക്കുവാനും അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിന് നിത്യശാന്തി നേർന്ന് പ്രാർത്ഥിക്കുന്നതിനായി ഇവിടെ എത്തിച്ചേർന്ന സീറോ മലബാർ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിനും, തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോർജ്ജ് ഞരളക്കാട്ട് പിതാവിനും, തൃശൂർ അതിരൂപതാ അദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനും, താമരശ്ശേരി രൂപതയുടെ മുൻ മെത്രാനും, തൃശ്ശൂർ അതിരൂപതയുടെ മെത്രാപ്പോലീത്തായുമായിരുന്ന മാർ ജേക്കബ് തൂങ്കുഴി പിതാവിനും, തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, തലശ്ശേരി അതിരൂപതയുടെ മുൻ മെത്രപ്പോലീത്ത മാർ ജോർജ്ജ് വലിയമറ്റം, കോഴിക്കോട് രൂപതാദ്ധ്യക്ഷൻ റവ. ഡോ. വർഗ്ഗീസ് ചക്കാലക്കൽ, ചങ്ങനാശ്ശേരി അതിരൂപതയുടെ സഹാ. മെത്രാൻ മാർ തോമസ് തറയിൽ, ബത്തേരി മലങ്കര കത്തോലിക്ക രൂപതയുടെ അദ്ധ്യക്ഷൻ ജോസഫ് മാർ തോമസ്, MST ഡയറക്ടർ ജനറൽ ഫാ. ആൻണി പെരുമാനൂർ, ഷംഷാബാദ് രൂപത വികാരി ജനറാൾ മോൺ. ഫ്രാൻസിസ് ഇലവത്തുങ്കൽ, പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സ്, വൈദികർ, സന്യസ്തർ, പ്രതിനിധികളായി ഈ തിരുക്കർമ്മങ്ങളിൽ പങ്കുചേർന്നവർ, എല്ലാവർക്കും ഒറ്റവാക്കിൽ നന്ദിപറയുന്നു.

ഇന്നലെയും ഇന്നുമായി ദീർഘദൂരം യാത്രചെയ്ത് ഇവിടെ എത്തിച്ചേർന്ന് അഭിവന്ദ്യ പോൾ പിതാവിന് അന്തിമോപചാരമർപ്പിച്ച് പ്രാർത്ഥിച്ച തലശ്ശേരി അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി, കോട്ടയം അതിരൂപത അദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട്, കോട്ടയം അതിരൂപത സഹായ മെത്രാൻമാർ ജോസഫ് പണ്ടാരശ്ശേരിൽ, രാമനാഥപുരം രൂപത മെത്രാൻ മാർ പോൾ ആലപ്പാട്ട്, പാലക്കാട് രൂപത മെത്രാൻ മാർ ജേക്കബ് മനത്തോടത്ത്, ഇരിങ്ങാലക്കുട രൂപത മെത്രാൻ മാർ പോളി കണ്ണൂക്കാടൻ, ബൽത്തങ്ങാടി രൂപത മെത്രാൻ മാർ ലോറൻസ് മുക്കുഴി, പാലാ രൂപത സഹായ മെത്രാൻ മാർ ജേക്കബ് മുരിക്കൻ, കാഞ്ഞിരപ്പള്ളി രൂപതാ മെത്രാൻ മാർ ജോസ് പുളിക്കൽ, കണ്ണൂർ രൂപത മെത്രാൻ മാർ അലക്സ് വടക്കുംതല, യാക്കോബായ സുറിയാനി സഭയുടെ മലബാർ ഭദ്രാസന അധിപൻ മാർ ഐറേനിയോസ് മാർ പൗലോസ്, മാർത്തോമ്മാ സഭയുടെ കുന്ദംകുളം-കോഴിക്കോട് ഭദ്രാസനം അധിപൻ തോമസ് മാർ തീത്തോസ് എന്നിവരെയും നന്ദിയോടെ ഓർക്കുന്നു.

അഭിവന്ദ്യ ചിറ്റിലപ്പള്ളി പിതാവിന്റെ സാരഥിയായി സേവനം ചെയ്ത ഡെന്നിയ്ക്കും, പിതാവ് റിട്ടയർ ചെയ്ത അന്നുമുതൽ ഇന്നുവരെ പിതാവിന്റെ ഹിതാനുസരണം ഒരു കുറവും കൂടാതെ കൂടെനിന്ന് ശുശ്രൂഷിച്ച ജിന്റോയ്ക്കും ഒത്തിരിയേറെ നന്ദി.

സമൂഹത്തിന്റ നാനാതുറകളിൽ സേവനമനുഷ്ഠിക്കുന്ന വ്യക്തികൾ, പൊതുപ്രവർത്തകർ, രാഷ്ട്രീയ നേതാക്കൾ, പ്രാദേശിക ഭരണകർത്താക്കൾ, പോലീസുകാർ, മാധ്യമ പ്രവർത്തകർ എന്നിവരോടുള്ള താമരശ്ശേരി രൂപതയുടെ കടപ്പാട് ഏറ്റുപറയുന്നു.

കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് സ്വദേശത്തും വിദേശത്തുമിരുന്ന് സജീവമായി ശുശ്രൂഷകളിൽ പങ്ക് ചേർന്നവരേയും, ഇന്ന് ഈ ചടങ്ങിൽ പങ്കെടുക്കുന്നവരേയും നന്ദിയോടെ ഓർക്കുന്നു.

ബഹു. സിസ്റ്റേഴ്സ്, ഈ ഇടവകയിലെ കൈക്കാരന്മാർ, കമ്മറ്റിക്കാർ എന്നിവർക്കും കെ.സി.വൈ.എം. പ്രവർത്തകർക്കും ദൈവജനം മുഴുവനും നന്ദിപറയുന്നു. അഭിവന്ദ്യ പിതാവിന്റെ രോഗാവസ്ഥയിൽ ശുശ്രൂഷിച്ച താമരശ്ശേരി ചാവറ ഹോസ്പിറ്റലിലെയും, കോഴിക്കോട് നിർമ്മല ഹോസ്പിറ്റലിലെയും ഡോക്ടേഴ്സിനെയും മറ്റ് ആതുര ശുശ്രൂഷകരെയും നന്ദിയോടെ ഓർക്കുന്നു.

അഭിവന്ദ്യ പിതാവിന്റെ മരണവാർത്ത അറിഞ്ഞതുമുതൽ ആ വാർത്ത പൊതുസമൂഹത്തെ അറിയിച്ച മാധ്യമപ്രവർത്തകരേയും, രൂപതയുടെ പബ്ലിക് റിലേഷൻസ് ഓഫീസിനേയും, എല്ലാറ്റിനും നേതൃത്വം നല്കിയ കത്തീഡ്രൽ വികാരി ബഹു. മാത്യു മാവേലിയച്ചനേയും ബഹു. അസിസ്റ്റന്റ് വികാരി ബഹു. ഫാ. തോമസ് കടപ്ലാക്കലിനെയും രൂപതാഭവനിലുള്ള എല്ലാ വൈദികരെയും, സമയം കണ്ടെത്തി, മാനദണ്ഡങ്ങൾ പാലിച്ച് ഇവിടെ എത്തിച്ചേർന്ന വൈദികരേയും സന്യസ്തരേയും ദൈവജനം മുഴുവനേയും ഒറ്റവാക്കിൽ നന്ദി പറഞ്ഞുകൊണ്ട് നിർത്തുന്നു.



# അനുശോചന സന്ദേശങ്ങൾ

APOSTOLIC NUNCIATURE
IN INDIA

50-C, NITI MARG, CHANAKYAPURI
NEW DELHI - 110 021

8 September 2020

N. 4464/20

Your Lordship,

I hasten to convey to you the following message, received from the Secretary of State of His Holiness:

> *His Holiness Pope Francis was saddened to learn of the death of Bishop Emeritus Paul Chittilapilly, and he sends his heartfelt condolences to the clergy, religious and lay faithful of the Diocese of Thamarassery. United with you in prayerful thanksgiving for Bishop Chittilapilly's years of devoted priestly and episcopal ministry, His Holiness joins those gathered for the solemn funeral rites in commending his soul to our heavenly Father's merciful love. To all who mourn the late Bishop's passing, Pope Francis cordially imparts his Apostolic Blessing as a pledge of peace and consolation in the Lord Jesus Christ.*
>
> *Cardinal Pietro Parolin*
> *Secretary of State*

I reiterate my sincere sympathies and join with the entire Diocesan Community of Thamarassery in mourning the late Emeritus. In prayerful union in Christ Risen from the dead, I remain,

Yours fraternally in Christ,

+ Giambattista Diquattro

Archbishop Giambattista Diquattro
Apostolic Nuncio

His Lordship
Right Rev. MAR REMIGIOSE INCHANANIYIL
Bishop of Thamarassery
Kozhikode Dt.- 673 573 (Kerala)



CONGREGATIO
PRO ECCLESIIS ORIENTALIBUS

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

September 7, 2020

Prot. N. 283/96

Your Beatitude,

On the occasion of the funeral of His Excellency Mar Paul Chittilapilly, I wish to express my condolences to the whole Syro-Malabar Catholic Church, particularly the faithful of the Eparchies of Kalyan and Thamarassery, as well as his native Archeparchy of Trichur.

When the new Eparchy of Kalyan was erected in 1988, St. John Paul II appointed as its first Bishop the then Protosyncellus of Trichur, who accepted the daunting task and worked tirelessly for the spiritual edification of the Syro-Malabar faithful under his jurisdiction. After having made considerable progress, in 1997 he was nominated Eparchial Bishop of Thamarassery, where he once again manifested himself a genuine pastor and authentic teacher of faith until his retirement in 2010. His notable achievements in both Eparchies are true expressions of Divine Providence and total dedication to the care of souls.

Archbishop Georgio Gallaro, Father Flavio Pace and all the other collaborators of this Dicastery join with me in promising prayers for the repose of Bishop Chittilapilly's soul. May the Lord welcome him into heavenly joy and eternal glory!

With my most cordial regards in Christ, I am

Sincerely,

Leonardo Card. Sandri

✠ Leonardo Card. Sandri
Prefect

Rev. Flavio Pace
Under-Secretary

---

His Beatitude
George Card. ALENCHERRY
Major Archbishop of Ernakulam-Angamaly
for Syro-Malabar faithful
The Syro-Malabar Major Archiepiscopal Curia
Mount St. Thomas - Post Box N. 3110
KAKKANAD, KOCHI - 682 030, India



# CATHOLIC BISHOPS' CONFERENCE OF INDIA (CBCI)

C.B.C.I. Centre, 1 Ashok Place, Near Gole Dakkhana, New Delhi-110 001 India
Tel: +91 11 2334 4470 Mob.: 987 114 7838

6th September 2020

Your Eminence, Your Beatitude, Your Excellency, Your Grace, Your Lordship,

Greetings to you from the CBCI Secretariat.

This evening, 6th September, we got the sad news of the passing away of Bishop Mar Paul Chittilapilly following a cardiac arrest. Bishop Paul was Bishop of Thamarassery Diocese from February 1997 till January 2010, spending the last ten years of his life in retirement.

St Pope John Paul II created the Eparchy of Kalyan for the Syro- Malabar Catholics and appointed Bishop Mar Paul Chittilapilly as its first Bishop in 1988. At that time the Eparchy of Kalyan had its jurisdiction over 15 districts of Maharashtra which comprised 5 Latin Dioceses: Archdiocese of Bombay, the Dioceses of Vasai, Poona, Nashik and Sindhudurg.

Under the able leadership of Mar Paul Chittilapilly, the new eparchy laid strong foundations for its pastoral development by organizing various pastoral activities for the Syro-Malabar faithful. There was a healthy relationship between the latin rite priests of area and the growing number of Syro-Malabar priests. The Syro-Malabar faithful and their priests worked hard to develop their own parishes and to overcome the many challenges they encountered.

Bishop Paul Chittilapilly was a good Canonist, a regular participant of all meetings of the Canon law Society of India. I still remember the animated discussion at our meetings on different matters of Canon Law. Later I remember the many discussions I had with him about building up a harmonious relationship between the Archdiocese of Bombay and the Eparchy of Kalyan.

We thank God for the gift of Bishop Emeritus Mar Paul not only to the Syro-Malabar Church but to the entire Church in India. I pray that God grants his soul eternal rest and may his spirit inspire many.

*Cardinal Oswald Gracias*
*Archbishop of Bombay*
*President, CBCI*

e-mail: secretarygeneral@cbci.in • twitter: cbci@indianbishops
facebook : https://www.facebook.com/indianbishops • website : www.cbci.in



**Conference of Catholic Bishops of India**
CCBI Centre, P.B.No.8490, Hutchins Road 2nd Cross, Bangalore – 560 084, India.
Phone : +91-80-2549 8282, 96323 81810
E-mail: ccbisecretariat@gmail.com Website : www.ccbi.in

Ref: DS/479/2020

7 September, 2020

Most Rev. Mar Remigiose Inchananiyil
Bishop of Thamarasserry
Bishop's House, P. B. No. 1
Thamarasserry-673 573, Kerala

**Your Excellency,**

*Cordial Greetings from the CCBI General Secretariat!*

The Conference of Catholic Bishops of India (CCBI) is shocked and deeply grieved to hear the sad demise of His Excellency Most Rev. Paul Chittilapilly, Bishop Emeritus of the diocese of Thamarasserry. With immense pain, we express profound sorrow and condolence to the Eparchy of Thamarasserry and it's faithful. His demise is a great loss to the Church in India, especially for the Church in Kerala.

He was an undoubted and strong soldier of the true faith and traditions of the Church to the very end, especially during his 8 years of episcopal ministry in Kalyan and 14 years of shepherding in Thamarasserry. His deep devotion, unbounded religious zeal and fervour, his simplicity and prayerful life and sincere services to the Church are well known to everybody.

The contributions of Mar Paul Chittilapilly as the Chairman of the KCBC Commission for Family, Laity and Women and as the Bishop of the dioceses of Kalyan and Thamarasserry will be gratefully remembered. I fondly cherish my personal relationship with him especially during my tenure in the KCBC. I have experienced in him an affectionate pastor with zeal and commitment. His simplicity, personal concern and special care deeply touched my heart.

His transit towards paradise opens us the mysterious plan of God. Surely his memory remains as a blessing for the diocese of Thamarasserry. The maternal intercession of the Blessed Virgin Mary be our strength in this moment of great sorrow.

Kindly accept and convey our heartfelt and sincere deep condolences.
In deep sorrow,

**Rev. Dr. Stephen Alathara**
Deputy Secretary General CCBI

PRESIDENT
Most Rev. Filipe Neri Ferrão
Archbishop of Goa and Daman
Archbishop's House, Altinho
Panaji - 403 001, Goa
[illegible]

VICE-PRESIDENT
Most Rev. [illegible]
Archbishop of Madras-Mylapore
Archbishop's House, 41, Santhome High Road
Chennai - 600 004
[illegible]

SECRETARY GENERAL
Most Rev. Anil Joseph Thomas Couto
Archbishop of Delhi
Archbishop's House, 1, Ashok Place
New Delhi - 110 001
[illegible]

DEPUTY SECRETARY GENERAL
Fr. Stephen Alathara
CCBI Centre, P.B.No.8490
Hutchins Road 2nd Cross
Bangalore - 560 084
[illegible]



**Syro-Malabar Eparchy of St Thomas the Apostle, Melbourne**
6 Greenock Court, Greenvale,
Victoria 3059, Australia
Phone: +61 (03) 8313 3678
bishop.melbourne@syromalabar.org.au
www.syromalabar.org.au

Bishop Mar Remigiose Inchananiyil
Bishop of Thamarassery.

**അനുശോചനം**

അഭിവന്ദ്യ റെമിജിയോസ് പിതാവേ,

നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ നിര്യാണത്തിൽ പ്രാർത്ഥനാ നിർഭരമായ അനുശോചനം അറിയിക്കുന്നു.

പോൾ പിതാവുമായി വളരെ അടുത്ത കുടുംബബന്ധമുള്ള എന്നോട്, വൈദിക വിദ്യാർത്ഥിയായിരുന്ന കാലം മുതൽ, പ്രത്യേകിച്ച് റോമിൽ പഠിക്കാൻ തുടങ്ങിയ അവസരം മുതൽ ഒരു ജ്യേഷ്ഠ സഹോദരന് അടുത്ത സ്നേഹവും പരിഗണനയും പിതാവ് എന്നോട് കാണിച്ചത് നന്ദിയോടെ ഓർക്കുന്നു. ഏതാനും ദിവസങ്ങൾക്ക് മുൻപ് ഫോണിൽ സംസാരിച്ചപ്പോഴും ഊഷ്മളമായ ആ സ്നേഹം എനിക്ക് അനുഭവിക്കാൻ സാധിച്ചു.

ആഴമായ ദൈവവിശ്വാസവും ഉറച്ച ആദർശധീരതയും അചഞ്ചലമായ സഭാസ്നേഹവും ഉദാരമായ സാമൂഹ്യപ്രതിബദ്ധതയുമുള്ള ഇടയ ശ്രേഷ്ടനായ പോൾ പിതാവിന്റെ വേർപാടിൽ മെൽബൺ സീറോ മലബാർ രൂപതയുടെ സ്നേഹനിർഭരമായ ആദരാഞ്ജലികൾ!

സസ്നേഹം

**+ ബോസ്കോ പുത്തൂർ**

2020 സെപ്റ്റംബർ 7



# DIOCESE OF KALYAN

Syro Malabar Diocese in Maharashtra

മിശിഹായിൽ ഏറ്റം പ്രിയപ്പെട്ടവരെ,

അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവിന്റെ നിര്യാണത്തിൽ കല്യാൺ രൂപതയ്ക്ക് അതിയായ ദുഃഖമുണ്ട്. കോവിഡിന്റെ നിബന്ധനകൾ മൂലം അവിടെ വന്ന് മൃതസംസ്കാരത്തിൽ സംബന്ധിച്ച് പ്രാർത്ഥിക്കുവാൻ ഞങ്ങൾക്ക് സാധിക്കുന്നില്ല. കേരളത്തിൽ ഇപ്പോൾ ഉള്ള കല്യാൺ രൂപതക്കാരായ വൈദികരും സമർപ്പിതരും അത്മായരും അവിടെ വന്ന് പ്രാർത്ഥിക്കുന്നുണ്ട്.

അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവിനോട് കല്യാൺ രൂപതയ്ക്ക് പറഞ്ഞു തീർക്കാൻ സാധിക്കാത്ത കടപ്പാടാണുള്ളത്. രൂപതയുടെ തുടക്കം മുതലുള്ള പിതാവിന്റെ ശുശ്രൂഷയിലൂടെ, രൂപതയ്ക്ക് ശക്തമായ അടിത്തറയിടുകയും, രൂപതയെ ആത്മീയമായും അജപാലനപരമായും അത്ഭുതകരമാം വിധം വളർത്തുകയും ചെയ്തു. വി. പൗലോസിന്റെ പ്രേഷിത ചൈതന്യവും, വി. പത്രോസിന്റെ അജപാലന തീക്ഷ്ണതയും ചിറ്റിലപ്പിള്ളി പിതാവിന്റെ ജീവിതത്തിൽ വിളങ്ങിയിരുന്നു. കല്യാൺ രൂപതയുടെ വളർച്ചയുടെ ചരിത്രം ചിറ്റിലപ്പിള്ളി പിതാവിനോട് അത്രയും ബന്ധപ്പെട്ടതാണ്. കല്യാൺ രൂപതയ്ക്ക് പിതാവിനെ ഒരിക്കലും മറക്കാൻ സാധിക്കുകയില്ല.

പിതാവിന്റെ വേർപാടിലുള്ള അഗാധമായ ദുഃഖം അഭിവന്ദ്യ മാർ റെമിജിയൂസ് പിതാവിനോടും, താമരശ്ശേരി രൂപതാംഗങ്ങളോടും, പിതാവിന്റെ കുടുംബാംഗങ്ങളോടും, കല്യാൺ രൂപതയിലെ വൈദികരുടെയും സമർപ്പിതരുടെയും ദൈവജനം മുഴുവന്റെയും പേരിൽ അറിയിക്കുന്നു. പിതാവിന് വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നതാണ്; അഭിവന്ദ്യ പിതാവിന്റെ ആത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

പ്രാർത്ഥനയോടെ

+ Thomas Elavanal

മാർ തോമസ് ഇലവനാൽ

കല്യാൺ രൂപതാ മെത്രാൻ

Bishop's House, PB No. 8434, Plot No. B/38, IIT P.O., Powai, Mumbai - 400 076, Maharashtra, INDIA
Tel: 0091-22-2578 5515/2385, Fax: 0091 2577 6100
Web: www.kalyandiocese.com, Email: eparchyofkalyan@gmail.com



EPARCHY of
SHAMSHABAD

EPARCHIAL CURIA
St. Mary's Syro-Malabar Catholic Church
Sy. No. 76/60-62, RCI Road, Keshogiri P.O.
Balapur - 500005, R. R. Dist., Telangana, India
Mob. +91 8639621346
Email:shamshabadeparchy@gmail.com
www.shamshabaddiocese.org

SHD 08.02.09/11/2020 06/09/2020

***If we live, we live for the Lord; and if we die, we die for the Lord.***
***So, whether we live or die, we belong to the Lord. (Romans 14:8)***

## IN REMEMBRANCE
## BISHOP PAUL CHITTILAPPILLY

**To,**
**Mar Remigiose Inchananiyil**
**Bishop's House P.B. No. 1**
**Thamarassery , 673 573**

Dear Remigiose Pithave,

It is with deep sorrow that we received the news of the sudden demise of our beloved Paul Chittilappilly Pithavu. As Chancellor and Vicar General of Trichur Diocese, he was much loved for his affection and personal attachment to everyone. He was a motivating force in my life. It was he who persuaded me for higher studies in Canon Law in Rome.

His contribution to build Kalyan Diocese, the first Eparchy of the Syro-Malabar church for the Migrants outside the proper territory is unique and unparalleled. His design of pastoral work will remain a model for all of us. He too contributed in his own way to the growth of our Church to !! ll India and beyond.

When I was appointed as Apostolic Visitor to the Syro-Malabar migrants in India and later appointed the Bishop of Eparchy of Shamshabad for rest of India, he was always guiding me in my mission. I remember with profound gratitude his personal love and encouragement to me in shaping the new Eparchy.

As the Chairman of the Commission for Liturgy he has made substantial contribution for the restoration and renewal of our Liturgical texts. His ministry both in Kalyan and Thamarassery will be ever remembered.

Above all, he lived holy and loved Christ and His Church with the passion of St. Paul.

Thank you, Paul Pithave, for your witnessing presence and most successful ministry in our Church. We miss you, but surely you will be a mediator for all of us before God.

Please accept our heartfelt condolence. Sorry that I could not reach there for the funeral rites on account of Covid-19 circumstances. Rest assured of my spiritual presence with all of you.

May the Good Lord reward His faithful servant the Crown of Glory and grant him eternal Bliss. May his soul Rest in Peace.

Yours in Jesus Christ

Mar Raphael Thattil
Bishop of Shamshabad



**Mar Mathew Arackal**
Bishop Emeritus
Diocese of Kanjirapally

Pastoral Centre, P.B No. 22,
Kanjirapally ð 686 507, Kerala, INDIA
Tel: +91 4828 - 206040, 203956,
Fax: +91 4828 - 206022, 205200
Email: bishoparackal@gmail.com
Web: www.kanjirapallydiocese.com

September 7, 2020

His Excellency
Mar Remigiose Inchananiyil
Bishop of Thamarassery
Bishopîs House,
Thamarassery, 673 573

My dear Bishop Inchananiyil,

This is to express my heartfelt condolences on the sudden demise of Bishop Mar Paul Chittilapilly.

I do recollect his active interaction in the last Synod conducted by video conferencing. He was my professor, guide and a great model for us. No one can forget his great service during the formation of the Kalyan diocese and the great development he brought about in Thamarassery Diocese. He is fondly remembered as a man of prayer, very much committed to the cause of the Church despite many odds. May the good lord reward him, making him our intercessor in heaven.

As I have to go to Delhi on a US AID Program, I regret to inform you of my inability to attend the solemn funeral ceremony. All my prayers are with him.

Yours in Christ Jesus

Mar Mathew Arackal



**† Soosa Pakiam M.,** Date: 07.09.2020

Archbishop of Trivandrum

Dear Bishop Remigiose,

Kindly accept our sincere sentiments of condolence and fervent prayers for the deceased esteemed Emeritus Bishop Paul Chittilappally. Bishop Paul Chittilappally has rendered remarkable service to both the Eparchies at Kalyan and Thamarassery. I personally recall his precious contributions towards the smooth and efficient conducts of K.C.B.C. His Excellency Bishop Christudas. R also joins me in expressing our grief and condolence. May the Good Lord grant eternal reward to His faithful shepherd.

---

**Mar Mathew Moolakkatt**

Archbishop of Kottayam

അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവിന്റെ ദേഹവിയോഗത്തിൽ കോട്ടയം അതിരൂപതയുടെ അനുശോചനം അറിയിക്കുന്നു. ദൈവം തന്നെ ഏല്പിച്ച വിവിധങ്ങളായ ശുശ്രൂഷകൾ വിശ്വസ്ഥതാപൂർവ്വം നിർവഹിച്ചുകൊണ്ട് ദൈവത്തിനു മഹത്വവും ദൈവജനത്തിന് നന്മകളും നൽകിയ അഭിവന്ദ്യ പിതാവിനെ ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു. എല്ലാവരോടും ഏറെ സ്നേഹത്തോടും കാരുണ്യ ത്തോടും കരുതലോടും എപ്പോഴും പെരുമാറിയിരുന്ന അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവ് എല്ലാ വൈദികർക്കും വലിയ മാതൃകയും പ്രചോദനവുമായിരുന്നു. സീറോ മലബാർ സഭയുടെ വളർച്ചയിൽ പിതാവു നൽകിയ വലിയ നന്മകളെ ഓർത്ത് ദൈവത്തിനു നന്ദിപറ യാം. സ്വർഗീയ വസതിയിൽ നിന്നു നമുക്കെല്ലാംവേണ്ടി പ്രാർത്ഥി ക്കുന്ന പിതാവിന്റെ മാദ്ധ്യസ്ഥ്യം നമുക്കെന്നും ശക്തി പകരട്ടെ.

---

**Bp. Joseph Pamplany**

Aux. Bp. of Thalassery

അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ ആകസ്മി കമായ വിയോഗം കേരള സഭയ്ക്കൊന്നാകെ നഷ്ടമാണ്. എന്നാൽ, ഒരു അജപാലകന് എത്രമാത്രം സഭയെ സ്നേഹിക്കാനും വളർ ത്താനും കഴിയും എന്നതിന്റെ സജീവ സാക്ഷ്യമായിരുന്നു അഭിവന്ദ്യ പിതാവിന്റെ ജീവിതം. കർത്തവ്യ

ബാഹുല്യങ്ങൾ ക്കിടയിലും വ്യക്തിബന്ധങ്ങളുടെ ഊഷ്മളതയും ഹൃദ്യതയും എപ്രകാരം സൂക്ഷിക്കാനാവും എന്നതിന്റെ പാഠപുസ്തകമായിരുന്നു പിതാവിന്റെ ജീവിതം. അഭിവന്ദ്യ പിതാവിന്റെ ആത്മാവിന് നിത്യഭാഗ്യം നൽകിയ പരമകാരുണികനായ ദൈവത്തിനു സ്തുതി.

---

## ബിഷപ് പോൾ ആലപ്പാട്ട്

രാമനാഥപുരം രൂപത

നമ്മുടെ പ്രിയപ്പെട്ട പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ അപ്രതീക്ഷിത വിയോഗത്തിൽ രാമനാഥപുരം രൂപതയുടെ ദുഃഖവും അനുശോചനവും അറിയിക്കുന്നു. രാമനാഥപുരം രൂപതയോട് പിതാവ് കാണിച്ച സ്നേഹത്തിനും കരുതലിനും നന്ദി. ചെയ്ത കഠിനാദ്ധ്വാനത്തിനും സഭയ്ക്കു നല്കിയ നേതൃത്വത്തിനും നല്ല ദൈവം പ്രതിഫലം നല്കട്ടെ. പിതാവിന് നിത്യശാന്തി നേരുന്നു.

---

## Bishop Jose Porunnedam

Bishop of Mananthavady

അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ ദേഹവിയോഗ ത്തിൽ വേദനിക്കുന്ന താമരശ്ശേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ റെമീജിയോസ് പിതാവിനും വൈദികർക്കും സന്യസ്തർക്കും അല്മായ സഹോദരങ്ങൾക്കും അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവിന്റെ കുടുംബാംഗങ്ങൾക്കും അനുശോചനം രേഖപ്പെടുത്തുകയും പിതാവിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. വ്യക്തിപരമായി നല്ലൊരു സുഹൃത്തും വഴികാട്ടിയുമായിരുന്നു എനിക്കദ്ദേഹം. അദ്ദേഹത്തിന്റെ ഓർമ്മകൾക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

---

## Thomas Mar Theethos

Bishop, Mar Thoma Church, Calicut

ആദരണീയനായ ചിറ്റിലപ്പിള്ളിപ്പിതാവിന്റെ അതിവിശുദ്ധമായ ജീവിതത്തിനായി ദൈവത്തിനു സ്തുതി. അദ്ദേഹം ഏറ്റം വിനീതനും, എല്ലാവരുടേയും ഉത്തമ സ്നേഹിതനുമായിരുന്നു. അദ്ദേഹത്തിന്റെ ദേഹവിയോഗം വ്യക്തിപരമായി എനിക്കു വലിയ നഷ്ടമാണ്.

ദുഃഖത്തിലായിരിക്കുന്ന സഭയോടും, വിശേഷാൽ താമരശ്ശേരി രൂപതയോടും, റെമീജിയോസ് പിതാവിനോടും മാർത്തോമ്മാ സഭയും,



വിശിഷ്യ കുന്നംകുളം ഭദ്രാസനത്തിനുമുള്ള അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു.

---

## Mar Jacob Manthodath
Bishop of Palghat

അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ ജീവിതം ഏറ്റം ധന്യമായ, വിശുദ്ധമായ സേവനനിരതമായ ഒന്നായിരുന്നു. പിതാവിനെ പ്രതി നല്ല ദൈവത്തിന് ഞാൻ ഹൃദയപൂർവ്വം നന്ദി പ്രകാശിപ്പിക്കുന്നു. അത്യന്തം സേവനനിരതമായ ഒന്നായിരുന്നു പിതാവിന്റെ ജീവിതം. ബഹുമുഖമായ സേവനം പിതാവ് വളരെ സന്തോഷത്തോടെ അനുഷ്ഠിച്ചു. ഏല്പിക്കപ്പെട്ട ശുശ്രൂഷകളെല്ലാം വളരെ വിജയകരമായി അനുഗ്രഹപ്രദമായി അനുഷ്ഠിച്ചു. സംതൃപ്തമായ, ശാന്തമായ മരണം വഴി ദൈവത്തെ മഹത്വപ്പെ ടുത്തി. കടന്നു പോയ പിതാവിനു ദൈവം നിത്യസമ്മാനം നല്കി അനുഗ്രഹിക്കട്ടെ എന്ന് പാലക്കാട്ട് രൂപതാകുടുംബത്തോടു ചേർന്ന് ഞാൻ പ്രാർത്ഥിക്കുന്നു. അഭിവന്ദ്യ റെമീജിയോസ് പിതാവിനും താമരശ്ശേരി രൂപതാകുടുംബത്തോടും പിതാവിന്റെ കുടുംബാംഗങ്ങ ളോടും ഞങ്ങളുടെ ആത്മാർത്ഥമായ കൃതജ്ഞതാ നിർഭരമായ അനുശോചനം അറിയിക്കുന്നു.

---

## Bp. Peter Kochupurackal
Aux. Bp. Palghat

അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിനോട് എനിക്ക് വ്യക്തിപരമായി ഇടപെടാനും പിതാവിന്റെ പൈതൃകമായ ആശീർവാദം ലഭിക്കാനും അവസരം കിട്ടിയത് ഞാൻ എന്റെ മെത്രാഭിഷേക തിരുക്കർമ്മത്തിലേക്ക് പിതാവിനെ ക്ഷണിക്കാൻ വന്നപ്പോഴാണ്. അതെല്ലാം ഒരു ഭാഗ്യമായി ഞാൻ കരുതുന്നു. പിതാ വിന്റെ നിര്യാണത്തിൽ ആത്മാർത്ഥമായ അനുശോചനം അറിയി ക്കുന്നു. ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

---

## Bp. Pauly Kannookadan
Diocese of Irinjalakuda

അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ വേർപാടിലുള്ള ദുഃഖവും അനുശോചനവും പ്രാർത്ഥനയും താമരശ്ശേരി രൂപതാദ്ധ്യക്ഷൻ





റെമീജിയോസ് പിതാവിനോടും വൈദികരോടും സന്യസ്തരോടും അല്മായ സഹോദരങ്ങളോടും അറിയിക്കുന്നു. ഇരിങ്ങാലക്കുട രൂപതയിലെ ആളൂർ വെള്ളാംഞ്ചിറ എന്നീ ഇടവകകളിലാണ് പിതാവ് അജപാലന ശുശ്രൂഷ ആരംഭിക്കുന്നത്. കുടുംബങ്ങളോടും വ്യക്തികളോടും പിതാവ് കാണിച്ചിരുന്ന കരുതലും പരിഗണനയും ഏറെ പ്രശംസനീയമാണ്. പോൾ പിതാവ് ചാൻസലറാ യിരുന്ന അവസരത്തിലാണ് ഇരിങ്ങാലക്കുട രൂപത സ്ഥാപിതമായത്. പിതാവിന്റെ സൂക്ഷ്മതയും കൃത്യതയും എടുത്തുപറയേണ്ട സവിശേഷതകളാണ്. പോൾ പിതാവ് കമ്മീഷൻ ചെയർമാനായി രിക്കുമ്പോഴാണ് Particular laws സീറോ മലബാർ സഭയിൽ ക്രോഡീകരിച്ചത്. അതുപോലെ സീറോ മലബാർ സഭയുടെ ലിറ്റർജി ക്കൽ കമ്മീഷൻ ചെയർമാൻ ആയിരിക്കുമ്പോഴാണ് ഇപ്പോൾ ഉപയോഗത്തിലിരിക്കുന്ന വളരെയേറെ Liturgical texts നവീകരിച്ച് ഉപയോഗത്തിലായത്. പോൾ പിതാവിന്റെ കീഴിൽ ലിറ്റർജിക്കൽ കമ്മീഷന്റെ സെക്രട്ടറിയായി 5 വർഷക്കാലം സേവനം ചെയ്യുവാൻ കഴിഞ്ഞത് ഒരു അനുഗ്രഹമായി കാണുന്നു. പിതാവിന്റെ നിശ്ചയ ദാർഢ്യവും കഠിനാധ്വാനവും സ്ഥിരോത്സാഹവും സഭയോടുള്ള പ്രതിബദ്ധതയും അതിലുപരി ദൈവാശ്രയ മനോഭാവവും ഏറെ എടുത്തുപറയേണ്ട കാര്യങ്ങളാണ്. ഇരിങ്ങാലക്കുട രൂപതയുടെ അനുശോചനവും പ്രാർത്ഥനയും ഒരിക്കൽകൂടെ അറിയിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

---

### പൗലോസ് മാർ ഐറേനിയസ് മെത്രാപ്പോലീത്ത

Jacobite Syrian Orthadox Chruch, Kozhikode

താമരശ്ശേരി രൂപതയുടെ തേരാളിയും കുടിയേറ്റ ജനതയുടെ നായകനുമായിരുന്ന അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവിന്റെ ദേഹവി യോഗത്തിൽ കോഴിക്കോട് ഭദ്രാസനത്തിന്റെ അനുശോചനവും പ്രാർത്ഥനയും.

---

### ബിഷപ് ജേക്കബ് മുരിക്കൻ

പാലാ സഹായമെത്രാൻ

സീറോ മലബാർ സഭയുടെ വികാസത്തിന്റെയും വളർച്ചയുടെയും പാതയിൽ നിർണ്ണായകമായ സ്ഥാനം അലങ്കരിച്ച ശ്രേഷ്ഠ മെത്രാനാണ് കാലം ചെയ്ത അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവ്. വിശുദ്ധിയും നിർമ്മലമായ മനസ്സും നിഷ്കളങ്ക ഹൃദയവുമായി അതിശ്രേഷ്ഠമായ



ഇടയശുശ്രൂഷയാണ് അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചത്. പാലാ രൂപതയോടും അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിനോടും, മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനോടും ചിറ്റിലപ്പിള്ളി പിതാവ് വലിയ താൽപ്പര്യവും സ്നേഹവും വാത്സല്യവും എന്നും പുലർത്തിയിരുന്നു.

അഭിവന്ദ്യ പിതാവിലൂടെ ലഭിച്ച അനുഗ്രഹങ്ങൾക്ക് ദൈവത്തിന് സ്തുതി. ദൈവസന്നിധിയിൽ തുടർന്നും സഭയുടെ ആവശ്യങ്ങൾ ക്കായി മാദ്ധ്യസ്ഥ്യം വഹിക്കുമെന്നും പ്രർത്ഥിക്കുമെന്നും തീർച്ചയാണ്. പിതാവിന്റെ വേർപാടിൽ അനുശോചനം നേരുന്നു.

---

**മാർ ജോസ് പുളിക്കൽ**
കാഞ്ഞിരപ്പള്ളി രൂപത മെത്രാൻ

അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവ് തന്റെ ശ്ലൈഹിക ദൗത്യം ഈ ഭൂമിയിൽ പൂർത്തിയാക്കി സ്വർഗ്ഗസമ്മാനത്തിനു യാത്രയായിരിക്കുന്നു. വേദനാജനകമെന്നതിനെക്കാൾ അഭിമാന കരവും അനുഗൃഹീതവുമായ നിമിഷങ്ങളാണിവ.

സീറോ മലബാർസഭയുടെ അജപാലന പ്രേഷിത വഴികളിൽ വന്ദ്യപിതാവിന്റെ പങ്ക് വളരെ നിസ്തുലമാണ്. കല്യാൺ രൂപതയുടെ പ്രഥമ മെത്രാനും ശില്പിയുമെന്ന നിലയിൽ പിതാവ് നിർവ്വഹിച്ച ദൗത്യം തികച്ചും ശ്രേഷ്ഠം. താമരശ്ശേരി രൂപതയുടെ മൂന്നാമത്തെ അദ്ധ്യക്ഷനെന്ന നിലയിൽ പിതാവ് ഈ മലബാർ മേഖലക്ക് അനുഗ്രഹ സാന്നിധ്യമായിരുന്നു. മലബാറിന്റെ പുരോഗ തിയിൽ അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവിന്റെ പങ്ക് ചെറുതല്ല.

സർവ്വോപരി വിശുദ്ധിയിൽ വ്യാപരിക്കുകുയം സുകൃത വഴിയിൽ ദൈവജനത്തെ നയിക്കുകയും ചെയ്ത വന്ദ്യപിതാവിന്റെ ജീവിതത്തെ തിരുസ്സഭ എന്നും അനുസ്മരിക്കും. കാഞ്ഞിരപ്പള്ളി രൂപതയുടെ നാമത്തിൽ വന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിന് നിത്യശാന്തി ലഭിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

---

**Fr. Joseph Maleparambil**
Superior General, MCBS

അഭിവന്ദ്യ മാർ ചിറ്റിലപ്പിള്ളി പിതാവിന്റെ നിര്യാണത്തിൽ ദിവ്യകാരുണ്യമിഷനറി സഭയുടെ അംഗങ്ങളെല്ലാവരും ചേർന്ന് അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു. രൂപതയുടെ



പിതാവിനും വൈദികർക്കും സമർപ്പിതർക്കും വിശ്വാസികൾക്കും അനുശോചനം രേഖപ്പെടുത്തുന്നു. എം.സി.ബി.എസിന്റെ സത്താറ, സോളാപൂർ മിഷനും സനാതാന സെമിനാരിയും അദ്ദേഹത്തിന്റെ അനുഗ്രഹത്താൽ തുടങ്ങിയതാണ്. ദൈവം മാർ ചിറ്റിലപ്പിള്ളി പിതാവിന് ആത്മശാന്തി നല്കട്ടെ.

---

**Fr. Joby John Edamuriyil CST**

Provincial Superior CST

അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവ് താമരശ്ശേരി രൂപതയുടെ അതിശക്തനായ ശില്പികളിൽ ഒരാള് എന്ന നിലയിൽ എന്നും ജനമനസ്സുകളിൽ നിറഞ്ഞു നിൽക്കും. പ്രത്യേകിച്ചും മലബാറിന്റെ രാഷ്ട്രീയ-സാമൂഹിക ഇടങ്ങളിൽ പിതാവിന്റെ സാന്നിധ്യം ശക്തമായിരുന്നു. ക്രിസ്തു ശിഷ്യന്റെ യഥാർത്ഥ മനോഭാവത്തോടും മനസ്സോടുകൂടി തന്നെ ഉപദ്രവിക്കുന്നവരോട് ആത്മാർത്ഥമായി ക്ഷമിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നത് പിതാവിന്റെ മുഖമുദ്രയാണ്.

ചെറുപുഷ്പ സഭയുടെ (CST Fathers) സെന്റ് തോമസ് പ്രൊവിൻസിനോട് പിതാവിന് വലിയ വാത്സല്യം ഉണ്ടായിരുന്നു. സഭയുടെ വളർച്ചയിൽ അതിയായി സന്തോഷിക്കുകയും ചെയ്ത വ്യക്തിയാണ്. വ്യക്തിപരമായി, താമരശ്ശേരി രൂപതയിലെ, പുല്ലൂരാംപാറ ഇടവകക്കാരനായ എനിക്ക് തിരുപ്പട്ടം നല്കിയത് അഭിവന്ദ്യ പിതാവാണ്. പിതാവിന്റെ ആഴമേറിയ ബോധ്യങ്ങളും ഉൾകാഴ്ചകളും സഭയുടെ വളർച്ചയ്ക്ക് സഹായകരമായിരുന്നു.

പിതാവിന്റെ നിര്യാണം രൂപതയ്ക്കും ഇവിടെയുള്ള ജനങ്ങൾക്കും തീരാനഷ്ടമാണ്. എങ്കിലും നമ്മുടെ മനസ്സിലും ഹൃദയങ്ങളിലും ഒരു കെടാവിളക്കായി പിതാവിന്റെ ചൈതന്യം എന്നും നിലനിൽക്കും. ചെറുപുഷ്പസഭയുടെ പേരിൽ അഭിവന്ദ്യ റെമീജിയോസ് പിതാവിനും രൂപതയിലെ എല്ലാ വൈദികർക്കും സന്ന്യസ്തർക്കും അനുശോചനം രേഖപ്പെടുത്തുന്നു.

---

**സി. സിബി സി.എം.സി.**

സുപ്പീരിയർ ജനറൽ, ആലുവ

അഭിവന്ദ്യ പിതാവേ, പ്രിയ ദൈവജനമേ,

പ്രിയ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ ദേഹവിയോഗത്തിൽ സി.എം.സി. സഭയുടെ മുഴുവൻ പേരിലുള്ള അനുശോചനം അറിയിക്കുന്നു.



ഒപ്പം സ്വർഗീയയാത്രയിൽ സന്തോഷിക്കുന്നു നിത്യതയിൽ നമ്മെ കാത്തിരിക്കാൻ ഇനി നമ്മുടെ പ്രിയ പിതാവുണ്ടല്ലോ. ദൈവാനുഗ്രഹത്തിന്റെ ഈ നിമിഷം രൂപതയ്ക്ക് എന്നും മുതൽ കൂട്ടാകട്ടെ. എല്ലാ സി.എം.സി. സിസ്റ്റേഴ്സിന്റെയും പ്രാർത്ഥനകളും യാത്രാ വന്ദനവും

---

**Sr. Fincy MSMI**
Superior General

ആദരണീയനായ അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവ് ഈ രൂപതയ്ക്കും രൂപതയിലെ സന്ന്യാസസമൂഹാംഗങ്ങൾക്കും കണ്ടു പഠിക്കുവാൻ സാധിക്കുന്ന ഒരു പാഠപുസ്തകം തന്നെ ആയിരുന്നു. മുന്നോട്ട് പോകുവാൻ നല്ല പ്രചോദനവും പ്രേരണയും ലഭിക്കുന്ന സംസാരവും ഇടപെടലും. എത്ര മഹോന്നതമായ വ്യക്തിത്വം. എം.എസ്.എം.ഐ. സ്ഥാപകപിതാവിന് പ്രത്യേകമായി നൽകിയ ആദരവും അംഗീകാരവും എം.എസ്.എം.ഐ. സമൂഹം നന്ദിയോടെ അനുസ്മരിക്കുന്നു; ബഹു. അച്ചന്റെ മരണശേഷം സഭയുടെ നിലപാടുകൾ ചോദിച്ചറിയുകയും വ്യക്തമായ ദിശാബോധം നല്കുന്നതിന് ശ്രദ്ധിക്കുകയും താല്പര്യം കാണിക്കുകയും ചെയ്തു. കുളത്തുവയൽ ധ്യാനകേന്ദ്രത്തിന് ആത്മീയ നേതൃത്വം നൽകുന്നതിന് ശ്രദ്ധിച്ചു. എം.എസ്.എം.ഐ. സമൂഹം മുഴുവന്റെയും നന്ദിയും സ്നേഹവും പ്രാർത്ഥനയും.

---

**Fr. Francis Eluvathingal**
Proto syncellus - Shamshabad
Fromer Chancellor - Kalyan

മോശയുടെ അൽഭുത വടിയുമായി ഇസ്രായേൽ ജനത്തെ നയിച്ച മോശയുടെ വടിയേന്തി പ്രവാസജീവിതത്തിലായ സീറോ മലബാർ വിശ്വാസികളെ വിശ്വാസ പാരമ്പര്യങ്ങളിൽ ആഴപ്പെട്ട ജീവിതം നയിക്കാൻ ദൈവം നിശ്ചയ ത്താൽ നിയോഗിക്കപ്പെട്ടവൻ!

കല്യാൺ രൂപതയുടെ ഇടയന്റെ വടി കൈകളിൽ സ്വീകരി ച്ചപ്പോൾ താൻ കുടിക്കാൻ പോകുന്ന പാനപാത്രത്തെപറ്റി ശരിക്കും അറിഞ്ഞോ എന്ന് അറിയില്ല. ദൈവകൃപയിൽ ആശ്രയിച്ച്, ദൈവ പരിപാലനയിൽ ശരണപ്പെട്ട് ദൈവഹിതം അന്വേഷിച്ച് നടപ്പിലാ ക്കാനായ സഭയുടെ ഇടയശ്രേഷ്ഠൻ!

സഭയെകുറിച്ചുള്ള ദർശനങ്ങൾ സ്വപ്നങ്ങളായി പേറി, സഭയുടെ ഐക്യവും, വളർച്ചയും ഉള്ളിലെ തേങ്ങലായി. സീറോ മലബാർ സഭ ഒരൊറ്റസഭയുടെ മനസ്സുപേറാൻ ചിന്തയിലും, വാക്കിലും, പ്രവർത്തിയിലും



സാക്ഷിയായി. സകലരെയും ഉള്ളിൽ പേറി, വലിയ ഹൃദയത്തോടെ സ്വീകരിച്ചു. തിരുത്തൽ വേണ്ട മേഖലകളിൽ പ്രവാചകനായി സ്വരമുയർത്തി സ്നേഹവും, സഹാനുഭൂതിയും ഉദാരമായി നൽകി, മുഖമുദ്രയാക്കി സൗഹൃദത്തിന്റെ വലയത്തിൽ എല്ലാവർക്കും ഇടംനൽകി, അത് നിലനിർത്തി. ദൈവജനമാണ് ഇടയന്റെ സ്വത്ത് എന്ന് വിശ്വസിച്ചു, അത് ഏറ്റുപറഞ്ഞു.

ലാളിത്യം, എളിമ, കരുതൽ, ഉള്ളതിൽ സംതൃപ്തി കണ്ടെത്തൽ
ക്രിസ്തുവിന്റെ ഹൃദയമുള്ള ഒരു പുരോഹിത ശ്രേഷ്ഠൻ.
സ്വർഗ്ഗത്തിൽ ആയിരിക്കുമ്പോൾ ഞങ്ങളെ ഓർക്കണമേ!

---

**Fr. Jacob Chanikuzhy**
Rector, Kunnoth Major Seminary

On behalf of the Good Shephered Major Seminary Kunnoth staff and students, I express our deepest condolences to Bp. Remigiose and the eparchy of Thamarassery at the demise of Mar Paul Chittilapilly. We gratefully remember the services he rendered to our seminary during his term as the member of the Ad hoc committee for our seminary. We pray for the repose of his soul.

---

**Fr. Scaria Kanniyankal**
Rector, St. Thomas Apostolic Seminary
Vadavathoor

അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ നിര്യാണത്തി ലുള്ള അനുശോചനം വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിൽ നിന്നു നേർന്നുകൊള്ളുന്നു. 1966 -70 കാലഘട്ടങ്ങളിൽ സെമിനാരിയിലെ കാനൻനിയമത്തിന്റെ അദ്ധ്യാപകനായി പിതാവ് വലിയ സേവനമാണ് കാഴ്ചവച്ചത്. സെമിനാരിയുടെ വളർച്ച എപ്പോഴും ആഗ്രഹിച്ച വ്യക്തിയാണ് അഭിവന്ദ്യ പിതാവ്. പിതാവ് സഭക്ക് വലിയ അനുഗ്രഹ മായിരുന്നു. വ്യക്തിപരമായ പ്രാർത്ഥനയും വ്യക്തിബന്ധവും എല്ലാവരെയും ആകർഷിക്കുന്നതാണ്. പിതാവിനുവേണ്ടി പ്രാർ ത്ഥിക്കുന്നു.

---

**Fr. George Vattamattam**
Diocese of Kalyan

അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ നിര്യാണത്തിൽ കല്യാൺ രൂപതയുടെ അഭിവന്ദ്യ പിതാവ് മാർ തോമസ് ഇലവനാൽ പിതാവിന്റെയും



ബഹുമാനപ്പെട്ട വൈദികരുടെയും സന്ന്യസ്തരുടെയും അല്മായരുടെയും പേരിൽ അനുശോചനം അറിയിക്കുകയും അഭിവന്ദ്യ പിതാവിന് നിത്യശാന്തി നല്കണമേയെന്ന് പ്രാർത്ഥി ക്കുകയും ചെയ്യുന്നു.

“എനിക്കായി കല്യാൺ രൂപതയിൽ ശവകുടീരം ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചിരുന്നു” എന്ന് പിതാവിന്റെ വാക്ക് ഇത്തരണത്തിൽ ഞാൻ സ്മരിക്കുന്നു. വ്യക്തിപരമായി പറഞ്ഞാൽ എന്നിലെ ദൈവവിളിയെ തിരിച്ചറിഞ്ഞ് പ്രോത്സാഹനവും അനുഗ്രഹവും നല്കിയ വ്യക്തി യാണ് പിതാവ്. പിതാവിന്റെ എല്ലാ സ്നേഹപ്രകടനങ്ങളെയും ഓർ ക്കുന്നു, നന്ദിയോടെ... പ്രാർത്ഥിക്കുന്നു. ഞങ്ങൾക്കുവേണ്ടി പ്രത്യേകിച്ച് കല്യാൺ രൂപതയ്ക്കുവേണ്ടി പ്രാർത്ഥിക്കണമേയെന്ന് അപേക്ഷിക്കുന്നു.

---

**Fr. Raphael Vadakedam**
Archdiocese of Thrissur

അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിന് പ്രാർത്ഥനാമഞ്ജരി അർപ്പിക്കുന്നു. തൃശ്ശൂർ മറ്റം ഇടവകയിൽ ജനിച്ച് വളർന്ന് രൂപതാതലത്തിൽ അനേകം ശുശ്രൂഷകൾ ചാൻസലർ, വികാരി ജനറൽ തുടങ്ങിയ പദവികൾ ചവിട്ടിക്കയറി കല്യാൺ രൂപതയുടെ പ്രഥമ ബിഷപായി അഭിക്ഷിക്തനാവുകയും തുടർന്ന് താമരശ്ശേരി രൂപതയിൽ വളരെ ശ്രമകരമായ ദൈവീക ശുശ്രൂഷകൾ ചെയ്ത് സ്വർഗീയ ഭവനം പ്രാപിച്ചിരിക്കുന്ന പിതാവിന് നന്ദിയും പ്രാർത്ഥ നയും അർപ്പിക്കുന്നു.

---

**Fr. Babu Panamparambil**
Archbishop’s House
Thrissur

മരണം മൂലം സ്വർഗീയ നാട്ടിലേക്ക് യാത്രയായിരിക്കുന്ന അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിനെ സ്നേഹപൂർവ്വം ഓർക്കുന്നു. ദൈവനിയോഗം പോലെ മരിക്കുന്നതിന്റെ തലേദിവസം (5-9-2020) ശനിയാഴ്ച പിതാവ് എന്നെ വിളിച്ചു. റോമിലെ പുതിയ ബസിലക്കയുടെ റെക്ടറായി ചുമതലയേൽക്കുന്ന എനിക്ക് പിതാവിന്റെ പ്രാർത്ഥനയും ആശീർവ്വാദവും നൽകി.

പിതാവിന്റെ സ്നേഹവും പരിഗണനയും എനിക്ക് എപ്പോഴും അനുഭവപ്പെട്ടിട്ടുണ്ട്. പിതാവിന് ദൈവം നിത്യസമ്മാനം നൽകി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.



## ഫാ. ജോസഫ് പൂതക്കുഴി

**ഇടയൻ കൂടെയുണ്ട് ...**

ഒരു കർമ്മയോഗിയുടെ നിയുക്ത-
ധർമ്മങ്ങൾ ചെയ്തു തീർത്തു തൻ
നിത്യസമ്മാനം തേടി യാത്രയായ്
സെന്റ് പോളിന്റെ നാമധാരിയാം
വത്സല പിതാവെന്ന വിശേഷണത്താൽ
അറിയപ്പെടുന്ന മാർ പോൾ പിതാവ്.

കാലഘട്ടത്തിന്റെ ചുവരെഴുത്തുകൾ
വായിച്ചെടുക്കുവാൻ വശമുള്ളവൻ
ദീർഘദർശി തൻ വിയോഗം
വിണ്ണിന്റെ മണ്ണിലെ താമരപൊയ്കയിൽ
ഒരു തളിനമായ് വിടർന്നു നിന്ന്
എന്റെ മേനിയിൽ പടർത്തുവാൻ വീണ്ടും...
ആ തിരുമേനിയിൽ അലിഞ്ഞ പരിശുദ്ധി.

---

## ഫാ. റോയി കണ്ണൻചിറ സി.എം.ഐ.

കൊച്ചേട്ടൻ ഡി.സി.എൽ., കോട്ടയം

ഈ അഭിഷിക്തൻ കത്തോലിക്കാ പൗരോഹിത്യത്തിന്റെ അഭിജാത്യത്തിന്റെ ചിഹ്നമായിരുന്നു. തന്നെ സമീപിക്കുന്നവരുടെ മനസ്സിൽ അദ്ദേഹം ഹൃദയനൈർമ്മല്യത്തിന്റെ ഒരു നറുപുഞ്ചിരി ഒട്ടിച്ചുവച്ചു. ദീപികയുടെയും ദീപിക ബാലസഖ്യത്തിന്റെയും വേദികളിൽ അഭിവന്ദ്യപിതാവ് കുലീനമായ അലങ്കാരമായിരുന്നു. ഡി.സി.എൽ. ക്യാമ്പുകൾ ഉദാത്തചിന്തകളൂറുന്ന സന്ദേശങ്ങളോടെ ഉദ്ഘാടനം ചെയ്തു.

വേദിവിട്ടൊഴിയുമ്പോഴും ആ വദനം പതിഞ്ഞ മനസ്സുകളിൽ ദിവ്യദയാർന്ന ആ സ്നേഹസുസ്മിതം വിടർന്നു നല്കുന്നുണ്ട്.

അങ്ങുപകർന്ന സ്നേഹം
അങ്ങു വിളമ്പിയ വാത്സല്യം
ആദരാർദ്രമായ അഭിനന്ദനങ്ങളോടെ
അനുസ്മരിക്കുന്നു.
ആത്മശാന്തിക്കായ് പ്രാർത്ഥിക്കുന്നു.

---



**Sr. Anns Maria & Team**

Provincial Superior, Assisi Bhavan

ഞങ്ങളിൽ നിന്നു വേർപിരിഞ്ഞുപോയ അഭിവന്ദ്യ ചിറ്റില പ്പിള്ളി പിതാവിന് താമരശ്ശേരി സെന്റ് ഫ്രാൻസിസ് പ്രൊവിൻസിന്റെ എഫ്.സി.സി. മക്കൾ ആദരാഞ്ജലികൾ അർപ്പിക്കുന്നു. പ്രൊവിൻസിലെ മക്കളെ ആദ്ധ്യാത്മികമായി വളർത്തിയ പൈതൃക വാത്സല്യ ത്തിന്റെ മുമ്പിൽ ഞങ്ങൾ ശരസ്സു നമിക്കുന്നു. പിതാവിന്റെ വേർപാടിൽ ഈ മക്കൾ വേദനിക്കുന്നു. പിതാവിലൂടെ ഞങ്ങൾ അനുഭവിച്ചറിഞ്ഞ സ്നേഹത്തിന് കരുതലിന് ഞങ്ങൾ നന്ദിയർപ്പിക്കുന്നു. സ്വർഗസൗഭാഗ്യത്തിന് എത്തിയിരിക്കുന്ന പിതാവെ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമെ.

---

**SABS Sisters**

Thamarassery

അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ പെട്ടെന്നുള്ള വിയോഗത്തിൽ വളരെയേറെ ദുഃഖിക്കുന്നു. ഞങ്ങൾ പിതാവിനെ സന്ദർശിച്ചപ്പോളെല്ലാം വിശുദ്ധിയിലും തീക്ഷ്ണതയിലും ജീവിക്കേണ്ട തിന്റെ ആവശ്യകതയെക്കുറിച്ച് വളരെ സ്നേഹത്തോടെ ഞങ്ങളെ ഉപദേശി ക്കുമായിരുന്നു. എപ്പോൾ പ്രാർത്ഥനാസഹായം ആവശ്യപ്പെടുമ്പോഴും സന്തോഷത്തോടെ പ്രാർത്ഥന വാഗ്ദാനം ചെയ്യുകയും വളരെ സന്തോഷത്തോടെ ഞങ്ങളെ സ്വീകരിക്കുകയും ചെയ്തിരുന്നത് ഏറെ സന്തോഷത്തോടെ ഓർക്കുന്നു. താമരശ്ശേരി, ആരാധനാ സന്യാസിനി സമൂഹത്തിന്റെ കൃതജ്ഞതാനിർഭരമായ അനുശോചനം അറിയിക്കുന്നു.

---

**Adv. Biju Parayanilam**

President, Cathollic Congress Global Committee

With sorrowful heart I would like to express the deepest condolence of me and of the Catholic Congress Global Committee. We have fond memories of Mar Paul Chittilappilly Pithavu. And his memories will remain forever in the heart of laity.

**Dr. Chacko Kalamparabil** PRO SMC

Principal, Alphonsa College, Thiruvampathy

വിശ്വാസ സത്യങ്ങളിൽ വെള്ളം ചേർക്കാൻ ഒരിക്കലും അനുവദിക്കാതെ, ആഗോളസഭക്കും, ഭാരതസഭക്കും കേരള സഭക്കും പ്രത്യേകിച്ച് സീറോ മലബാർ സഭക്കും ശക്തമായ നേതൃത്വം നല്കി കൊണ്ട്



13 വർഷക്കാലം താമരശ്ശേരി രൂപതയെ നയിക്കുകയും തുടർന്ന് പ്രാർത്ഥയുടെ ശക്തിസ്രോതസ്സായി രൂപതയ്ക്കും സഭക്കും വളരെയധികം ശക്തി പകർന്ന്, ഒരു പിതാവിന്റെ കരുത്തുറ്റതും കഴിവുറ്റതുമായ ശക്തി പകർന്ന് തന്ന്, ആകസ്മികമായി നമ്മിൽ നിന്ന് കടന്നുപോയ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന് പ്രണാമവും പ്രാർത്ഥനകളും അർപ്പിക്കുന്നു.

---

**Benny Luckose**
Secretary, Pastoral Council

താമരശ്ശേരി രൂപതയുടെയും, മലയോര ജനതയുടെയും ആത്മീയവും ഭൗതികവുമായ ഉന്നമനത്തിനായി ഏറെ അധ്വാനിച്ച അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ ആകസ്മികമായ വേർപാട് അത്യന്തം ദുഃഖകരമാണ്. പിതാവിന്റെ സ്നേഹവാത്സ ല്യങ്ങളും പ്രോത്സാഹനവും ഏറ്റുവാങ്ങാൻ കഴിഞ്ഞ ഓർമ്മ ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ട്, പ്രിയ പിതാവിന്റെ ആത്മശാ ന്തിക്കായി പ്രാർത്ഥിക്കുന്നു.

---

**Jeevan George**
Inspector of Police
Balussery Police Station

താമരശ്ശേരി രൂപതയുടെ മുൻ പിതാവ് മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു. പിതാവിനോടൊപ്പം ചിലവിട്ട നല്ല നിമിഷങ്ങൾ ഓർക്കുന്നു. രൂപതയുടെ ആത്മീയ കാര്യങ്ങൾ അദ്ദേഹം എടുത്ത നല്ലകാര്യങ്ങൾ ഇത്തരുണത്തിൽ ഓർക്കുന്നു. പിതാവിന്റെ ആത്മാവിന് ദൈവം നിത്യശാന്തി നല്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

---

**ഷെവലിയർ ബെന്നി പുന്നത്തറ**
ശാലോം

നിത്യതയിലേക്ക് വിളിക്കപ്പെട്ട അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവ് ശാലോം ടി.വി.യുടെയും അനുബന്ധ ശുശ്രൂഷകളുടെയും ആരംഭ കാലഘട്ടത്തിൽ പൈതൃകമായ സ്നേഹവും പ്രോത്സാഹനവും തന്നു വളർത്തിയ വ്യക്തിയാണ്. സഭയെക്കുറിച്ചും ലോകത്തെ ക്കുറിച്ചും പ്രവാചകതുല്യമായ കാഴ്ചപ്പാടുണ്ടായിരുന്ന പിതാവിന്റെ ഓർമ്മകൾക്കു മുമ്പിൽ ശാലോം മീഡിയ ആദരാഞ്ജലികൾ അർപ്പിക്കുന്നു.



## Rahul Gandhi MP

I am deeply saddened by the demise of his Excellency Mar Paul Chittilapilly. As the long serving Bishop of Thamarassery, he spearheaded the social and educational transformation of the diocese.

He was a vocal champion of the marginalised and lent his weight behind noteworthy social causes. His ability to bring people together and drive positive change will be remembered. His legacy will continue to inspire people to stay true to their faith and serve their communities.

My thoughts and prayers are with his family and well wishers in this difficult time.

---

## MK Raghavan MP
Kozhikode

ശാന്ത ഗാംഭീര്യതയുടെ മഹാവ്യക്തിത്വമായ ചിറ്റിലപ്പിള്ളി പിതാവിന്റെ സ്മരണയ്ക്ക് മുന്നിൽ ശിരസ്സ് നമിക്കുന്നു. സമുദായ ത്തിന്റെയും സമൂഹത്തിന്റെയും പരിച്ഛേദമായ പിതാവ് മനുഷ്യസ്നേ ഹത്തിന്റെ ഉജ്ജ്വല പ്രതീകമായിരുന്നു. കർഷകരുടെയും സമൂഹത്തി ന്റെയും പുരോഗതിക്ക് വേണ്ടി ജീവിതം സമർപ്പിച്ച കർമ്മയോഗിയായ പിതാവിന് പ്രണാമങ്ങൾ അർപ്പിക്കുന്നു.

---

## തോട്ടത്തിൽ രവീന്ദ്രൻ
മേയർ, കോഴിക്കോട്

1995 ൽ ഞാൻ ഡെപ്യൂട്ടി മേയറായകാലത്തും പിന്നീട് 2000-2005 കാലത്ത് മേയറായിരുന്നപ്പോഴും പല പൊതുപരിപാടികളിലും പിതാവിനോടൊന്നിച്ച് പങ്കെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഏറ്റവും വിനയാന്വിതനായ ഒരു വലിയ ദേഹമാണദ്ദേഹം. കോഴിക്കോടുള്ള കത്തോലിക്കർ എന്ന് മാത്രമല്ല എല്ലാ വിഭാഗങ്ങളോടും സ്നേഹത്തോ ടുകൂടിയുള്ള അദ്ദേഹത്തിന്റെ പെരുമാറ്റം പ്രശംസനീയമാണ്. റവ. ഡോ. പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ നിര്യാണത്തിൽ അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നു.

---

## പി.കെ. കുഞ്ഞാലിക്കുട്ടി എം.പി.

പിതാവ് ഏവരാലും ബഹുമാനിക്കപ്പെട്ടിരുന്ന അപൂർവ്വ വ്യക്തിത്വമാണ്. സ്നേഹസമ്പന്നനായിരുന്നു. അദ്ദേഹത്തിന് ദൈവം ചെയ്ത നല്ല കാര്യങ്ങൾക്ക് പ്രതിഫലം നൽകുമാറാകട്ടെ.



### ഇ.ടി. മുഹമ്മദ് ബഷീർ എം.പി.

അഭിവന്ദ്യ പിതാവിന്റെ (മാർ പോൾ ചിറ്റിലപ്പിള്ളി) പാവനസ്മരണയ്ക്കുമുമ്പിൽ എന്റെ ആദാരഞ്ജലികൾ. അദ്ദേഹം എല്ലാവരെയും സ്നേഹിച്ചു എല്ലാവരും അദ്ദേഹത്തെയും.

---

### Sunny Joseph MLA

I express my deepest condolence in the sad demise of His Excellency Paul Chittilapilly Bishop emeritus of Thamarassery diocese who lead the Christian Community in the spiritual path and was in the fore front for the over all development of the region of Malabar, where the farming community is mainly settled. The sudden departure of His Excellency gives me much agony and pain along with several others.

### പി.ടി. അഗസ്റ്റിൻ
പ്രസിഡണ്ട്, തിരുവമ്പാടി പഞ്ചായത്ത്

ഒരു ജനസമൂഹത്തെ ഒന്നാകെ നന്മയുടെ പാതയിലേക്കു നയിച്ച മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ ദേഹവിയോഗം നാടിന് കനത്ത നഷ്ടം തന്നെയാണ്. ജാതിമത രാഷ്ട്രീയഭേദമില്ലാതെ എല്ലാവരെയും കാണാൻ കഴിഞ്ഞ പിതാവിന്റെ അകാലനിര്യാണത്തിൽ തിരുവമ്പാടി പഞ്ചായത്തിലെ എല്ലാ ജനവിഭാഗങ്ങളുടെയും ആദരാഞ്ജലികൾ അർപ്പിക്കുകുയം പ്രാർത്ഥിക്കുകയും ചെയ്യുന്നു.

---

### സയ്യിദ് സാദിഖ് അലി ശിഹാബ്
പാണക്കാട്

മാർ പോൾ ചിറ്റിലപ്പിള്ളി അവർകൾക്ക് ആദാരഞ്ജലികൾ അർപ്പിക്കുന്നു. നിലപാടുകൾക്ക് മുമ്പിൽ ഉറച്ചുനിന്ന ധീരനായിരുന്നു അദ്ദേഹം. നിറപാണ്ഡിത്യത്തിന്റെ തിളക്കം ആ ജീവിതത്തിൽ ഉടനീളം നിലനിർത്തി. ഉപദേശങ്ങളും മതസൗഹാർദ്ദം നിലനിർത്തുന്നതിലും മാർ ചിറ്റിലപ്പിള്ളി വലിയ പങ്കുവഹിച്ചു.

---

### Gireesh Thevally
State Committe Member, BJP

താമരശ്ശേരി രൂപതയുടെ അഭിവന്ദ്യ മുൻ ബിഷപ് മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ ദേഹവിയോഗത്തിൽ അഗാധമായ ദുഃഖം അറിയിക്കുന്നു.



വിശ്വാസി സമൂഹത്തിനും പൊതുസമൂഹത്തിനും പിതാവിന്റെ വിയോഗം തീരാനഷ്ടമാണ്. പിതാവിന്റെ സേവനങ്ങൾ എക്കാലവും സ്മരിക്കപ്പെടും.

**Simon Thonakkara**
Vice Prisident Minority morcha state committe
Kerala State

താമരശ്ശേരി മുൻ മെത്രാൻ മാർ പോൾ ചിറ്റിലപ്പിള്ളി നിര്യാണ ത്തിൽ ന്യൂനപക്ഷ മോർച്ച സംസ്ഥാന കമ്മിറ്റിയുടെ അനുശോചനവും പ്രാർത്ഥനകളും രേഖപ്പെടുത്തുന്നു. അഭിവന്ദ്യ മെത്രാന്റെ വിയോഗം ന്യൂനപക്ഷങ്ങൾക്കും മലയോര കർഷകർക്കും തീരാ നഷ്ടമാണ് വരുത്തിയിരിക്കുന്നത്. അഭിവന്ദ്യ മെത്രാന്റെ ആത്മാവിന് നിത്യശാന്തി ദൈവം നൽകട്ടെ.

**പ്രസിഡണ്ട് & മെമ്പേഴ്സ് കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്**

ഒരു ദശാബ്ദത്തിലേറെ താമരശ്ശേരിയുടെ പൊതുസാമൂഹ്യ രാഷ്ട്രീയ ആത്മീയ രംഗങ്ങളിൽ നിറ സാന്നിധ്യമായിരുന്ന അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ വേർപാടിൽ അനുശോ ചിക്കുന്നു. ഏറ്റെടുത്ത ജോലികളെല്ലാം ഭംഗിയായി നിർവഹിച്ച് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട വന്ദ്യപിതാവിന്റെ എല്ലാ നല്ല പ്രവർത്തനങ്ങളെയും നന്ദിയോടെ ഓർക്കുന്നു.

---

**അഡ്വ. വി. കെ. സജീവൻ**
ബി.ജെ.പി. ജില്ലാ പ്രസിഡണ്ട്, കോഴിക്കോട്

താമരശ്ശേരി രൂപതയുടെ ദീർഘകാലം അദ്ധ്യക്ഷനായിരുന്ന ആദ്ധ്യാത്മിക രംഗത്തും സാമൂഹിക സേവനരംഗത്തും പേരെടുത്ത അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ നിര്യാണത്തിൽ ബി.ജെ.പി. ജില്ലാ കമ്മറ്റിയുടെ (കോഴിക്കോട്) അഗാധമായ ദുഃഖവും അനുശോചനവും അറിയിക്കുന്നതിനോടൊപ്പം പിതാവിന്റെ ആത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

---

**പി.ടി. ജോസ്, ജനറൽ സെക്രട്ടറി**
കേരളാകോൺഗ്രസ്സ് (എം), സംസ്ഥാനകമ്മറ്റി

മലയോര ജനതയുടെയും ഇന്ത്യയുടെ മറ്റു പല പ്രദേശങ്ങളി ലുമുള്ള ദൈവജനത്തിന്റെയും അജപാലന ശുശ്രൂഷാരംഗത്ത് ക്രസ്തീയ ചൈതന്യം പകർന്ന അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവിന്റെ ആകസ്മികമായ വേർപാട് ഏറെ ദുഃഖകരമാണ്.

സഭ വലിയ വെല്ലുവിളികളെ നേരിടുന്ന സമയത്തെല്ലാം സഭാതനയർക്ക് ധൈര്യവും വിശ്വാസ തീഷ്ണതയും പകർന്നു നൽകു ന്നതിൽ പിതാവ് എന്നും മുന്നിൽ നിന്നു പ്രവർത്തിച്ചിട്ടുണ്ട്.

മലയോര കർഷകരുടെ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം വേണം എന്നത് പിതാവിന്റെ ആഗ്രഹമായിരുന്നു. അദ്ദേഹം ഏറെ സ്നേഹിച്ച അധ്വാനിക്കുന്ന ജനതയുടെ പ്രശ്നപരിഹാരത്തിനായി പിതാവ് സ്വർഗത്തിൽ മാദ്ധ്യസ്ഥ്യം വഹിക്കുമെന്ന് പ്രത്യാശിക്കാം. പിതാവിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു. കേരളാ കോൺഗ്രസ്സ് (എം)ന്റെയും ചെയർമാൻ ജോസ് കെ. മാണി എം.പി. യുടെയും അനുശോചനം.






41-ാം ചരമദിനം
16.10.2020
മറക്കാത്ത ഓർമ്മകളോടെ
താമരശ്ശേരി രൂപത



# Birth Day Greetings

Rev. Fathers

| | | |
|---|---|---|
| Puthiyaparambil Sebastian | October | 4 |
| Thadathil Mathew | | 4 |
| Mangarayil Scaria | | 5 |
| Onayathumkuzhy Mathew | | 7 |
| Chakkittamuriyil Thomas (Jr) | | 12 |
| Vamattathil James | | 20 |
| Cherickal James | | 21 |
| Manjakazhakunnel Joseph | | 21 |
| Aranjaniolickal Joseph (Jr) | | 23 |
| Kuzhikattumyalil Joseph | | 25 |
| Thundathil Scaria | | 25 |
| Valloppilly Simon | | 26 |
| Kalapurackal Joseph | | 29 |
| Asariparambil George | | 30 |
| Chembuthoockil Mathew | | 30 |

**Mar Remigiose Inchananiyil**



# Feast Day Greetings

**Bp. Mar Remigiose Inchananiyil** **October 1**

Rev. Fathers

| | |
|---|---|
| Kallikatt Francis | 4 |
| Kochumundanmalayil Francis | 4 |
| Naduvathettu Francis | 4 |
| Puthiyedath Francis | 4 |
| Vellamackal Francis | 4 |
| Kavilpurayidathil Abraham | 9 |
| Kochilath Abraham | 9 |
| Mazhuvanchery Abraham | 9 |
| Pulinchuvattil Abraham | 9 |
| Valloppilly Abraham | 9 |
| Vayalil Abraham | 9 |
| Kavil Rony Paul | 27 |


**Mar Remigiose Inchananiyil**


തിരുനാളാശംസകൾ
St. Remigius
ഒക്ടോബർ 1ന്
നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന
മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവിന്
താമരശ്ശേരി രൂപതാ കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ



# പ്രോഗ്രാം ഒക്ടോബർ 2020

| | | |
|---|---|---|
| 01 | വ്യാഴം | **വി. കൊച്ചുത്രേസ്യ, വി. റെമീജിയോസ്, രൂപതാദ്ധ്യക്ഷന്റെ നാമഹേതുകതിരുനാൾ** |
| 02 | വെള്ളി | **കാവൽമാലാഖ** |
| 03 | ശനി | **വി. ഫ്രാൻസിസ് അസ്സീസി** |
| 04 | ഞായർ | ചരമദിനം: ഫാ. ജെയിംസ് മുണ്ടക്കൽ (2014) |
| 07 | ബുധൻ | ചരമദിനം: ഫാ. മാണി കണ്ടനാട്ട് (2018) |
| 15 | വ്യാഴം | **ആവിലായിലെ വി. ത്രേസ്യ** |
| 16 | വെള്ളി | **വാ. കുഞ്ഞച്ചൻ** |
| 17 | ശനി | **വി. ലൂക്കാ** |
| 18 | ഞായർ | **മിഷൻ ഞായർ** |
| 28 | ബുധൻ | **വി. യൂദാ തദേവൂസ്** |





*സർക്കുലർ 7/2020*

# അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവ്

മിശിഹായിൽ പ്രിയപ്പെട്ടവരേ,

നമുക്കേവർക്കും പ്രിയങ്കരനായിരുന്ന അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവ് സെപ്റ്റംബർ 6-ാം തീയതി ദിവംഗതനായ വിവരം എല്ലാവർക്കും അറിവുള്ളതാണല്ലോ. ആകസ്മികമായ അദ്ദേഹത്തിന്റെ വേർപാടിൽ ദുഃഖാർത്തരായ നമുക്ക് പ്രാർത്ഥനയുടെ ഐക്യത്തിൽ ഒത്തുചേരാം.

59 വർഷത്തെ സഫലസുന്ദരമായ പൗരോഹിത്യ ശുശ്രൂഷാ ജീവിതത്തിൽ 32 വർഷവും മേൽപ്പട്ടക്കാരനെന്ന നിലയിലാണ് അദ്ദേഹം ദൈവവേല ചെയ്തത്. ഇതിൽ 1997 മുതൽ 2010 വരെയുള്ള 13 വർഷക്കാലം നമ്മുടെ രൂപതയുടെ മേലദ്ധ്യക്ഷനെന്ന നിലയിൽ അദ്ദേഹം ശുശ്രൂഷ ചെയ്തു. അനുഗ്രഹീതവും കൃപാ പൂർണ്ണവുമായിരുന്നു ഈ 13 വർഷങ്ങൾ. നമ്മുടെ രൂപതയുടെ സുവർണകാലമായിരുന്നു എന്നുതന്നെ പറയാൻ ഞാൻ ആഗ്ര ഹിക്കുന്നു.

താമരശ്ശേരി രൂപതയുടെ സാരഥ്യം ഏറ്റെടുക്കുമ്പോൾ “നവീകരിക്കുക, ശക്തിപ്പെടുത്തുക” എന്ന ആദർശവാക്യമാണ് അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവ് സ്വീകരിച്ചത്. വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ 17-ാം അധ്യായം 19-ാംവാക്യത്തിൽ പറയുന്നതു പോലെ, “അവരും സത്യത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടതിന് അവർക്കുവേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു” എന്ന വചനമനുസരിച്ച് സ്വയം വിശുദ്ധീകരണത്തിന്, ധ്യാനിച്ച് പ്രാർത്ഥിച്ച് ഒരുങ്ങിയശേഷമാണ് അഭിവന്ദ്യ പിതാവ് രൂപതയുടെ ഭരണം ഏറ്റെടുത്തതെന്ന് “കൃപയുടെ വഴിയിൽ” എന്ന തന്റെ ആത്മകഥയിൽ പറഞ്ഞിരിക്കുന്നു. പൂർണമായി ദൈവകൃപയിലാശ്രയിച്ച് വ്യക്തിപരമായി വിശുദ്ധിയിൽ വ്യാപരിച്ചുകൊണ്ടാണ് അഭിവന്ദ്യ പിതാവ് തന്റെ ഇടയ ശുശ്രൂഷ നിർവ്വ ഹിച്ചിരുന്നത് എന്ന് അദ്ദേഹത്തെ അടുത്തറിയുന്നവരിൽ ഒരാളെന്ന നിലയിൽ എനിക്ക് ഉറപ്പിച്ച് പറയാൻ കഴിയും.

അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവിനെ ഓർക്കുമ്പോൾ എടുത്തുപറയേണ്ട ഒരു കാര്യം കത്തോലിക്ക സഭയോടുള്ള അദ്ദേഹത്തിന്റെ വിധേയത്വവും വിശ്വസ്തതയുമാണ്. അദ്ദേഹം

ഊന്നിപ്പറഞ്ഞിരുന്ന മൂന്നു കാര്യങ്ങളുണ്ട്: ഒന്ന്, കത്തോലിക്കസഭ പഠിപ്പിക്കുന്ന എല്ലാ കാര്യങ്ങളോടും അങ്ങേയറ്റം വിശ്വസ്തത പുലർത്തും; രണ്ട്, സീറോ മലബാർസഭ പൊതുവായി പഠിപ്പിക്കു കയും പാലിക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്ന കാര്യങ്ങളോട് പരിപൂർണ്ണ വിശ്വസ്തത പുലർത്തും; മൂന്ന്, എല്ലാ കാര്യങ്ങളും രൂപതയിലെ ഭരണ സംവിധാനങ്ങളോടും ജനങ്ങളോടും ചേർന്നു നിന്നുകൊണ്ട് പ്രവർത്തിക്കും.

ഈ പ്രഖ്യാപിത നിലപാടുകളോട് കടുകിട വിട്ടുവീഴ്ച ചെയ്യാൻ വെല്ലുവിളികളുടെ മുന്നിലും അദ്ദേഹം തയ്യാറായിരുന്നില്ല എന്ന കാര്യം എല്ലാവർക്കും അറിവുള്ളതാണല്ലോ. സത്യവിശ്വാസം വലിയ വെല്ലുവിളികൾ നേരിടുന്ന ഇക്കാലത്ത് അഭിവന്ദ്യ ചിറ്റിലപ്പിള്ളിപ്പിതാവ് കാണിച്ചുതന്ന മാതൃക എല്ലാ വിശ്വാസികളും ജാഗ്രതയോടെ പിന്തുടരാൻ ശ്രദ്ധിക്കണം. ഇതായിരിക്കും അദ്ദേഹ ത്തോടുള്ള കടപ്പാടും നന്ദിയും പ്രകടിപ്പിക്കാനുള്ള ഏറ്റവും നല്ല മാർഗം.

തന്റെ ആദർശവാക്യം സഫലമാക്കുന്നതിന് ഏറ്റവും അടിയന്തരമായി ചെയ്യേണ്ടത് കത്തോലിക്ക കുടുംബങ്ങളെ നവീകരി ക്കുകയും ശക്തിപ്പെടുത്തുകയുമാണ് എന്ന ബോധ്യം പിതാവിനുണ്ടായിരുന്നു. അതനുസരിച്ച് അതിനുള്ള പ്രവർത്തന പരിപാടികൾ ആദ്യം അദ്ദേഹം ആവിഷ്കരിച്ചു. സ്ഥാനമേറ്റ് ഏതാനും മാസങ്ങൾകൊണ്ട് തന്നെ കോഴിക്കോട്, മലപ്പുറം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന എല്ലാ ഇടവകകളും കുരിശുപള്ളികളും അദ്ദേഹം സന്ദർശിച്ചു. രൂപതയുടെ ഭരണാധികാരി എന്ന നിലയിൽ നടത്തിയ ഇടവകസന്ദർശനവേളകളിൽ വിശ്വാസികളെ നേരിൽ കാണുന്നതിന് പിതാവ് പ്രത്യേകം ശ്രദ്ധിച്ചു. കുടുംബവിശുദ്ധീ കരണത്തിന്റെയും കൗദാശിക ജീവിതത്തിന്റെയും വിശ്വാസി കളുടെ കൂട്ടായ്മയുടെയും ആവശ്യകതയെ കുറിച്ച് ബോധ്യപ്പെടുത്തുന്നതിന് അഭിവന്ദ്യ പിതാവ് പരിശ്രമിച്ചു. കുടുംബ യൂണിറ്റിലെ ഒരു വീട്ടിൽ വിശ്വാസികളെ ഒരുമിച്ചുകൂട്ടി കുട്ടികളെ ഉൾപ്പെടെ ഓരോരുത്തരെയും വ്യക്തിപരമായി പരിചയപ്പെടാൻ പിതാവ് ആഗ്രഹിച്ചിരുന്നു. ഇത്തരം കൂട്ടായ്മകളിൽ എത്തിച്ചേരാൻ കഴിയാതിരുന്ന പ്രായാധിക്യമുള്ളവരെയും രോഗികളെയും വീടുകളിൽ പോയിക്കണ്ട് അവരെ അനുഗ്രഹിക്കാനും അവർക്കു വേണ്ടി പ്രാർത്ഥിക്കാനും പിതാവ് വലിയ താല്പര്യം കാണിച്ചി രുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെ വ്യക്തമാക്കപ്പെട്ട തന്റെ അജഗണത്തോടുള്ള അദ്ദേഹത്തിന്റെ സ്നേഹം വിശ്വാസികളുടെ ഹൃദയത്തിൽ അദ്ദേഹത്തെ ചിരപ്രതിഷ്ഠിതനാക്കി.



അഭിവന്ദ്യ പിതാവിന്റെ എടുത്തുപറയത്തക്ക മറ്റൊരു സവിശേഷത അദ്ദേഹം പ്രാർത്ഥനയുടെ ഒരു മനുഷ്യനായിരുന്നു എന്നതാണ്. തന്റെ അജപാലനത്തിന് ഭരമേല്പിക്കപ്പെട്ട വിശ്വാസി കൾക്കും മറ്റുള്ളവർക്കും സഹപ്രവർത്തകർക്കുവേണ്ടി പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം തേടി പ്രാർത്ഥിക്കുന്നതിൽ അദ്ദേഹം എന്നും നിഷ്കർഷ പുലർത്തിയിരുന്നു. തന്നെ വിമർശിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്യുന്നവരോടും അദ്ദേഹത്തിന് സ്നേഹവും ബഹുമാനവും ആണ് ഉണ്ടായിരുന്നത്. എന്നാൽ ആരുടെ യെങ്കിലും പ്രീതിക്കുവേണ്ടി തന്റെ വിശ്വാസ ബോധ്യങ്ങളിൽ വെള്ളം ചേർക്കാൻ ഒരിക്കലും അദ്ദേഹം തയ്യാറായിട്ടില്ല.

ഒരു ഭരണാധികാരി എന്ന നിലയിലും സംഘാടകനെന്ന നിലയിലും ഉള്ള അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവിന്റെ പ്രാഗ്ത്ഭ്യം അദ്ദേഹത്തെ അറിയുന്നവരെ പറഞ്ഞറിയിക്കേണ്ട കാര്യമില്ല. 1986 ൽ പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമന്റെ തൃശ്ശൂർ സന്ദർശനത്തോടനുബന്ധിച്ചുള്ള പരിപാടിയുടെ സംഘാടക മികവും ആദ്യത്തെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ നടത്തിപ്പും ഏറെ പ്രകീർത്തിക്ക പ്പെട്ടിട്ടുള്ളതാണല്ലോ.

വ്യക്തിപരമായി എനിക്ക് വലിയ നഷ്ടമാണ് അഭിവന്ദ്യ പിതാവിന്റെ വേർപാടിലൂടെ ഉണ്ടായിരിക്കുന്നത്. കഴിഞ്ഞ രണ്ടുപതിറ്റാണ്ടിലേറെയായി ആ ആത്മീയാചാര്യന്റെ സാമീപ്യം എനിക്ക് വളരെ ആശ്വാസം നല്കിയിട്ടുണ്ട്. പെട്ടെന്ന് അത് നഷ്ടമാ യത് എനിക്ക് വലിയ ദുഃഖത്തിന് കാരണമായി. എന്നാൽ സ്വർഗ്ഗീയ സൗഭാഗ്യത്തിൽ ദൈവത്തിന്റെ സന്നിധിയിൽ, അദ്ദേഹം നമുക്കു വേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുകയാണ് എന്ന ചിന്ത നല്കുന്ന സമാശ്വാസം വളരെ വലുതാണ്. തന്റെ പ്രിയ ജനത്തെ എന്നും ഹൃദയ ത്തിൽ ചേർത്തുപിടിച്ച അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവിന്റെ വിശുദ്ധ ജീവിതത്തെയും പൗരോഹിത്യത്തെയും ദൈവം മഹത്വ പ്പെടുത്തുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം.

വളരെ ആകസ്മികമായിട്ടാണ് അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവ് നിത്യതയിലേക്ക് യാത്രയായത്. സെപ്റ്റംബർ 6-ാം തീയതി ഞായറാഴ്ച രാവിലെ പതിവുപോലെ അദ്ദേഹം എഴുന്നേറ്റു. വി. കുർബാനയ്ക്കായി ഒരുങ്ങി ഇറങ്ങുന്നതിനിടയിൽ നെഞ്ചുവേദന അനുഭവപ്പെടുന്നതായി അദ്ദേഹം അടുത്തുണ്ടായിരുന്ന വൈദിക വിദ്യാർത്ഥിയോട് പറഞ്ഞു. ഉടനെതന്നെ തൊട്ടടുത്ത ചാവറ



ഹോസ്പിറ്റലിൽ എത്തിക്കുകയും വിദഗ്ധ ചികിത്സ ആവശ്യമാണെന്ന് ഡോക്ടർ നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ, തന്നെ ഒരിടത്തേക്കും കൊണ്ടുപോകേണ്ടെന്നും, തന്റെ സമയം ആയി എന്നും അപ്പോൾത്തന്നെ പിതാവ് പറഞ്ഞു. മരണത്തെ പുൽകുവാനുള്ള വലിയ ഒരുക്കം അദ്ദേഹം നടത്തുന്നതായി എനിക്കു തോന്നി. വി. കുർബാന സ്വീകരിച്ചതിനു ശേഷമാണ് അദ്ദേഹം കോഴിക്കോട് നിർമ്മല ഹോസ്പിറ്റലിലേക്ക് പോകുവാൻ തയ്യാറായത്. അവിടെ തീവ്രപരിചരണ വിഭാഗത്തിൽ പ്രവേശിപ്പിക്കപ്പെട്ട ഉടൻതന്നെ കുമ്പസാരിക്കുകയും രോഗീലേപനം ചോദിച്ചു വാങ്ങുകയും ചെയ്തു. ഇരുപത്തിനാലു മണിക്കൂർ നിരീക്ഷണം ഡോക്ടേഴ്സ് നിർദ്ദേശിച്ചു. എല്ലാവരെയും സന്തോഷിപ്പിച്ചുക്കൊണ്ട് അഭിവന്ദ്യ പിതാവ് ജീവിതത്തിലേക്ക് തിരിച്ചുവരുന്നതായി ഡോക്ടേഴ്സ് അറിയിച്ചു. ഞായറാഴ്ച വി. കുർബാന അർപ്പിക്കാൻ സാധിക്കാത്തതിന്റെ ദുഃഖം പങ്കുവച്ചപ്പോഴും താൻ സുഖം പ്രാപിച്ചു വരുന്നതായി അഭിവന്ദ്യ പിതാവ് നമ്മുടെ സഭയുടെ തലവനും പിതാവുമായ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിനെ അറിയിച്ചു. എന്നാൽ വൈകിട്ട് 6.25 ന് പെട്ടെന്നുണ്ടായ രണ്ടാമത്തെ ഹൃദായാഘാതത്തോടുകൂടി മരണം സംഭവിക്കുകയായിരുന്നു. ജീവൻ നിലനിർത്താനാവശ്യമായ എല്ലാ കാര്യങ്ങളും നടത്തിയെങ്കിലും 6.45 ഓടുകൂടി മരണം സ്ഥിരീകരിച്ചു.

86 വർഷത്തെ ധന്യമായ ജീവിതത്തിനൊടുവിൽ തന്റെ നാഥന്റെ സന്നിധിയിലേക്ക് പിതാവ് യാത്രയായി. അഭിവന്ദ്യ പിതാവിന്റെ ചരമവാർത്ത അറിഞ്ഞതുമുതൽ സമൂഹത്തിന്റെ നാനാതുറകളിലുള്ളവർ അനുശോചനവുമായി എത്തുകയും അഭിവന്ദ്യ പിതാവിന് അന്ത്യാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു. കോവിഡ് പ്രോട്ടോകോൾ നിലവിലുണ്ടായിരുന്നെങ്കിലും രൂപതയിലെ വൈദികരും, സന്ന്യസ്തരും, ദൈവജനം മുഴുവനും ബഹു. വൈദികരുടെ നേതൃത്വത്തിൽ ആദരാഞ്ജലികൾ അർപ്പിക്കുവാനും പ്രാർത്ഥിക്കുവാനും എത്തി എന്നത് കൃതജ്ഞ തയോടെ ഓർക്കുന്നു. മൃതസംസ്കാര ശുശ്രൂഷകളിൽ പരിമിത മായ സാന്നിധ്യമേ ഉണ്ടായിരുന്നുള്ളു എങ്കിലും, ശുശ്രൂഷകൾ എല്ലാം ഭംഗിയായി നടന്നു. അഭിവന്ദ്യ പിതാവിന്റെ 41-ാം ചരമദിനം ഒക്ടോബർ 16 ന് വെള്ളിയാഴ്ചയാണ്. അന്നേദിവസം നമ്മുടെ ദൈവാലയങ്ങളിൽ അഭിവന്ദ്യ പിതാവിനുവേണ്ടി വി. കുർബാന അർപ്പിക്കുകയും ഒപ്പീസു ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു.



വിശുദ്ധനായ ഒരു മേൽപ്പട്ടക്കാരനെ നമ്മുടെ രൂപതയ്ക്ക് നൽകിയ ദൈവത്തിന് കൃതജ്ഞതയർപ്പിക്കാം. അദ്ദേഹത്തിന്റെ കൃപനിറഞ്ഞ ശുശ്രൂഷകൾ സ്വീകരിക്കാൻ വലിയ ഭാഗ്യം ലഭിച്ച നാം അദ്ദേഹം തെളിച്ച മാർഗ്ഗത്തിലൂടെ നടക്കുവാൻ കടപ്പെട്ടവരാണ്. സത്യത്തിനും നീതിക്കും വേണ്ടി എന്നും ജീവിതം സമർ പ്പിച്ച അദ്ദേഹം കറ തീർന്ന സഭാസ്നേഹത്തിന്റെ ആൾരൂപമായി രുന്നു. ഈ മാതൃക പിഞ്ചെല്ലുവാൻ നമുക്ക് പരിശ്രമിക്കാം. കുടും ബങ്ങളുടെ വിശുദ്ധിക്കുവേണ്ടി അക്ഷീണം പരിശ്രമിച്ച അദ്ദേഹ ത്തിന്റെ ആഗ്രഹങ്ങൾ സാക്ഷാത്കരിക്കാൻ നമുക്ക് ഒത്തൊരുമിച്ച് പരിശ്രമിക്കാം. ആ മഹാത്മാവിന്റെ നിത്യശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

---

NB: ഈ സർക്കുലർ ഒക്ടോബർ 4-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക കളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കുകയോ ഇടവകക ളുടെ ഗ്രൂപ്പുകളിലൂടെ ദൈവജനത്തെ അറിയിക്കുകയോ ചെയ്യേണ്ടതാണ്.





Ref: 3355/K-5/KCBC/OL/DS 19/09/2020

# ഫ്രാൻസിസ് പാപ്പായുടെ സന്ദേശം 2020 ലോക മിഷൻ ദിനം

*ഇതാ ഞാൻ, എന്നെ അയച്ചാലും (ഏശയ്യാ 6:8)*

പ്രിയ സഹോദരീസഹോദരന്മാരേ,

കഴിഞ്ഞ ഒക്ടോബർ മാസം സഭ ലോകമെമ്പാടും 'അസാധാരണ മിഷണറിമാസ' മായി അതീവശുഷ്കാന്തിയോടെ ആചരിച്ചതിൽ ദൈവത്തിനു ഞാൻ നന്ദി പറയുന്നു. "സ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ" എന്ന പ്രമേയത്തെ മുൻനിറുത്തി നടത്തിയ ഈ ആചരണം സമൂഹങ്ങളുടെ മിഷനറി മാനസാന്തരത്തിന് ഏറെ ഉണർവും ഉന്മേഷവും നൽകിയിട്ടുണ്ടെന്നതിൽ എനിക്ക് ഉറച്ച ബോധ്യമുണ്ട്.

കോവിഡ്-19 എന്ന മഹാമാരി വരുത്തിയ ക്ലേശങ്ങളും വെല്ലുവിളികളും കൊണ്ട് അടയാളപ്പെടുത്തപ്പെട്ട ഈ വർഷം സാർവത്രികസഭ തന്റെ പ്രേഷിതയാത്ര തുടരുന്നത് "ഇതാ ഞാൻ, എന്നെ അയച്ചാലും" (ഏശയ്യാ 6:8) എന്ന ഏശയ്യാ പ്രവാചകന്റെ തിരുവെഴുത്തു പ്രകാരമാണ്. "ഞാൻ ആരെ അയയ്ക്കും?" എന്ന കർത്താവിന്റെ ചോദ്യത്തിനുള്ള എക്കാലത്തെയും പ്രത്യുത്തരമാണിത്. ലോകത്തിന്റെ വർത്തമാനകാല പ്രതിസന്ധിയിൽ ദൈവത്തിന്റെ കരുണാർദ്രമായ ക്ഷണം സഭയ്ക്കും മനുഷ്യവർഗത്തിനൊട്ടാകെയും ഒരു വെല്ലുവിളിയാണ്. "സുവിശേഷത്തിലെ ശിഷ്യരെപ്പോലെ നമ്മളും അപ്രതീക്ഷിതവും ക്ഷോഭജനകവുമായ കൊടുംകാറ്റിൽപ്പെട്ട് സുരക്ഷിതത്വം നഷ്ടപ്പെട്ട അവസ്ഥയിലാണ്. നമ്മളെല്ലാവരും ദുർബലരും മനമിടിഞ്ഞവരുമായി ഒരേ വഞ്ചിയിലാണെങ്കിലും പരിഗണനാർഹരും വേണ്ടപ്പെട്ടവരുമാണെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് ഒത്തൊരുമയോടെ തുഴഞ്ഞ് പരസ്പരം ആശ്വസിപ്പിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. ശിഷ്യന്മാർ എല്ലാവരും ഒരേ സ്വരത്തിൽ ഉത്കണ്ഠാപൂർവം 'ഞങ്ങൾ നശിക്കുകയാണ്' (V. 38) എന്നു നിലവിളിച്ചു പ്രാർത്ഥിച്ചതുപോലെ നമ്മൾ എല്ലാവരും ഈ വഞ്ചിയിലായിരുന്നുകൊണ്ട് സ്വാർത്ഥത വെടിഞ്ഞ് കൂട്ടായ്മയോടെ പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു" (ധ്യാനം, സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ, 27 മാർച്ച് 2020). നമ്മൾ യഥാർത്ഥത്തിൽ ചകിതരും മനമിടിഞ്ഞവരുമാണ്. വേദനയും മരണവും നമ്മുടെ നശ്വരമായ മാനുഷികതയെ വെളിവാക്കുന്നു. അതേസമയം അത് ജീവനുവേണ്ടിയും തിന്മയിൽനിന്നു സ്വതന്ത്രരാകുന്നതിനുവേണ്ടിയുമുള്ള നമ്മുടെ ആഗ്രഹത്തെ

ശക്തമായി ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ, മിഷനിലേക്കുള്ള വിളി എന്നു പറയുന്നത് ദൈവസ്നേഹത്തെയും സഹോദരസ്നേഹത്തെയും പ്രതി നമുക്കു പുറമെയുള്ളവർക്കുവേണ്ടി പങ്കുവയ്ക്കാനും സേവനം ചെയ്യാനും മധ്യസ്ഥപ്രാർത്ഥന നടത്താനുമുള്ള ഒരവസരം എന്നതാണ്. ദൈവം നമ്മെ ഓരോരുത്തരെയും ഭരമേല്പിക്കുന്ന ഈ ദൗത്യം ഭയത്തിൽനിന്നും അന്തർമുഖതയിൽനിന്നും നമ്മെ മുന്നോട്ടു നയിച്ച് പരോപകാരികളായി ജീവിക്കുവാൻ പ്രാപ്തരാക്കുന്നു. അതുവഴി നമ്മൾ സ്വയാവബോധമുള്ളവരായി മാറി ഒരു നവീകൃത ബോധ്യത്തിൽ എത്തിച്ചേരുകയും ചെയ്യുന്നു.

## ദൈവത്തിന്റെ മിഷൻ

ദൈവം നമ്മെ ഓരോരുത്തരെയും സ്നേഹിക്കുന്നു (cf യോഹ 19:26-27) വെന്ന യാഥാർത്ഥ്യം പ്രകടമാകുന്നത് യേശു തന്റെ രക്ഷാകര ദൗത്യം സാക്ഷാത്കരിച്ച കുരിശിലെ ബലിയിലാണ് (cf യോഹ 19:28-30). സദാ സക്രിയനായി ജീവൻ പ്രദാനം ചെയ്യാൻ എല്ലാവരിലേക്കും എല്ലായ്പ്പോഴും എത്തിച്ചേരുന്ന സ്നേഹം തന്നെയാണ് ദൈവം. അതുകൊണ്ടുതന്നെ അയയ്ക്കപ്പെടാൻവേണ്ടി വ്യക്തിപരമായി മനസ്സാകുവാൻ അവിടന്ന് നമ്മോട് ആവശ്യപ്പെടുന്നു. പിതാവായ ദൈവം നമ്മോടുള്ള സ്നേഹത്തെപ്രതി തന്റെ പുത്രനായ യേശുവിനെ അയച്ചു (cf യോഹ 3:16). യേശു ദൈവപിതാവിന്റെ മിഷനറിയാണ്: പിതാവിന്റെ ഇഷ്ടത്തോട് അവിടത്തേക്കുള്ള പൂർണമായ അനുസരണം അവിടത്തെ ജീവിതവും ശുശ്രൂഷയും വഴി വെളിപ്പെടുത്തുന്നു (cf യോഹ 4:34; 6:38; 8:12-30; ഹെബ്രാ 10:5-10). നമുക്കുവേണ്ടി ക്രൂശിതനായി ഉത്ഥാനം ചെയ്ത ക്രിസ്തു തന്റെ സ്നേഹദൗത്യത്തിലേക്ക് നമ്മെ അടുപ്പിക്കുന്നു. സഭയെ സജീവമാക്കിക്കൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവിനോടു ചേർന്ന് അവിടന്നു നമ്മെ തന്റെ ശിഷ്യരാക്കുന്നു; ലോകത്തിലേക്കും അതിന്റെ ജനതകളിലേക്കും നമ്മെ അയയ്ക്കുകയും ചെയ്യുന്നു.

"സഭയുടെ പുറപ്പാടായ 'മിഷൻ' എന്നത് ഒരു കർമ്മപരിപാടിയോ ഇച്ഛാശക്തികൊണ്ട് നിർവഹിക്കപ്പെടേണ്ട ഒരു സംഭവമോ അല്ല. അത് തന്നിൽനിന്നു ബഹിർഗമിക്കുവാൻ സഭയെ സഹായിക്കുന്ന ക്രിസ്തുവിന്റെ പ്രവൃത്തിയാണ്. സുവിശേഷവത്ക്കരണ ദൗത്യത്തിൽ പരിശുദ്ധാത്മാവ് നമ്മെ പ്രചോദിപ്പിക്കുന്നതുകൊണ്ടും സഹായിക്കുന്നതുകൊണ്ടുമാണ് നമുക്ക് പ്രവർത്തിക്കാനാവുന്നത്" (അവനെക്കൂടാതെ നമുക്ക് ഒന്നും ചെയ്യാനാവില്ല, LEV San Paolo, 2019, 16-17). ദൈവമാണ് എപ്പോഴും നമ്മെ ആദ്യം സ്നേഹിക്കുന്നതും സ്നേഹംകൊണ്ട് നമ്മെ കണ്ടുമുട്ടുന്നതും, വിളിക്കുന്നതും. നാം സഭയിൽ ദൈവത്തിന്റെ പുത്രീപുത്രന്മാരാണെന്നതിനാലാണ് നമുക്ക് വ്യക്തി

പരമായ വിളി വരുന്നത്. സഭ അവിടത്തെ കുടുംബമാണ്. യേശുവിന്റെ സ്നേഹത്തിൽ നമ്മൾ സഹോദരീസഹോദരന്മാരാണ്. എന്നിരുന്നാലും എല്ലാവർക്കും അവരവരുടേതായ മാനുഷിക മഹത്ത്വമുണ്ട്. അത് ദൈവത്തിന്റെ ക്ഷണത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. ആ ക്ഷണമാകട്ടെ, നമ്മൾ ദൈവമക്കളായിരിക്കാൻ വേണ്ടിയുള്ളതാണ്. അതായത്, മാമ്മോദീസ എന്ന കൂദാശയിലും വിശ്വാസത്തിന്റെ സ്വാതന്ത്ര്യത്തിലും, ദൈവത്തിന്റെ ഹൃദയത്തിൽ നാം തുടക്കം മുതലേ എന്തായിരുന്നുവോ, അതായിത്തീരുവാൻ വേണ്ടിയാണ്.

### സ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ

സൗജന്യമായി ലഭിച്ച ഒരു സമ്മാനമെന്ന നിലയിൽ മനുഷ്യജീവനിൽ ആത്മദാനത്തിലേക്കുള്ള ഒരു ക്ഷണം അന്തർലീനമായിട്ടുണ്ട്. മാമ്മോദീസ സ്വീകരിച്ചവരിൽ വിവാഹത്തിലും ദൈവരാജ്യത്തെ പ്രതിയുള്ള ഷണ്ഡത്വത്തിലും സ്നേഹത്തിന്റെ പ്രത്യുത്തരമായി വികസിക്കുന്ന വിത്താണിത്. മാനുഷിക ജീവൻ ദൈവത്തിന്റെ സ്നേഹത്തിൽ നിന്ന് ജന്മമെടുത്ത് സ്നേഹത്തിൽ വളർന്ന്, സ്നേഹത്തിലേക്കു നീങ്ങുന്നു. ദൈവസ്നേഹത്തിൽ നിന്ന് ആരും ഒഴിവാക്കപ്പെടുന്നില്ല. തന്റെ പുത്രനായ യേശു കുരിശിൽ സമർപ്പിച്ച വിശുദ്ധ ബലിയിലൂടെ പാപത്തെയും മരണത്തെയും ദൈവം കീഴടക്കി (cf. റോമ 8:31-39). ദൈവത്തെ സംബന്ധിച്ച് തിന്മ - പാപം പോലും - കൂടുതൽ സ്നേഹംകൊണ്ട് പ്രത്യുത്തരിക്കേണ്ട ഒരു വെല്ലുവിളിയാണ് (cf മത്താ 5:38-48; ലൂക്കാ 22:33-34). പെസഹാരഹസ്യത്തിൽ ദൈവിക കാരുണ്യം നമ്മുടെ മുറിവേറ്റ വ്യക്തിത്വത്തെ സുഖപ്പെടുത്തുന്നു. മാത്രമല്ല, അത് പ്രപഞ്ചം മുഴുവനിലേക്കും ചൊരിയപ്പെടുന്നു. ലോകത്തിനുവേണ്ടിയുള്ള ദൈവസ്നേഹത്തിന്റെ സാർവത്രിക കൂദാശയാണ് സഭ. അത് ചരിത്രത്തിൽ യേശുവിന്റെ ദൗത്യം തുടരുന്നു, എല്ലായിടത്തേക്കും നമ്മെ അയയ്ക്കുന്നു. നമ്മുടെ വിശ്വാസത്തിന്റെ സാക്ഷ്യവും സുവിശേഷണപ്രഘോഷണവും വഴി ദൈവം തന്റെ സ്നേഹത്തിന്റെ വെളിപ്പെടുത്തൽ തുടരാനും അങ്ങനെ ഹൃദയങ്ങളെയും മനസ്സുകളെയും സമൂഹങ്ങളെയും സംസ്കാരങ്ങളെയും എല്ലായിടത്തും എല്ലാക്കാലത്തും രൂപാന്തരപ്പെടുത്താനുമാണത്.

മിഷൻ എന്നത് ദൈവവിളിയോടുള്ള സ്വതന്ത്രവും ബോധപൂർവവുമായ പ്രത്യുത്തരമാണ്. എന്നാലും സഭയിൽ സന്നിഹിതനായിരിക്കുന്ന യേശുവിനോട് വ്യക്തിപരമായ ബന്ധം ഉള്ളപ്പോൾ മാത്രമേ ഈ വിളി നമ്മൾ തിരിച്ചറിയുകയുള്ളൂ. നമുക്ക് നമ്മോടുതന്നെ ഇങ്ങനെ ചോദിക്കാം: നമ്മുടെ ജീവിതത്തിൽ സന്നിഹിതനായിരിക്കുന്ന പരിശുദ്ധാത്മാവിനെ സ്വാഗതം ചെയ്യാൻ നമ്മൾ തയ്യാറാണോ? മിഷനിലേക്കുള്ള വിളി കേൾക്കാൻ നമ്മൾ ഭാര്യാഭർത്താക്കന്മാരായാലും സമർപ്പിത വ്യക്തികളായാലും തിരുപ്പട്ടംസ്വീകരിച്ച്





ശുശ്രൂഷ ചെയ്യാൻ വിളിക്കപ്പെട്ടവരായാലും, ജീവിതത്തിന്റെ ദൈനംദിന കാര്യങ്ങളിൽ  മിഷനിലേക്കുള്ള വിളി കേൾക്കാൻ നമ്മൾ തയ്യാറാണോ? കരുണനിറഞ്ഞ പിതാവായ ദൈവത്തിലുള്ള വിശ്വാസത്തിന് ഏതു സമയത്തും ഏതു സ്ഥലത്തും സാക്ഷ്യം വഹിക്കാനും യേശുക്രിസ്തുവിലുള്ള രക്ഷയുടെ സുവിശേഷം പ്രഘോഷിക്കാനും സഭയെ പടുത്തുയർത്തിക്കൊണ്ട് പരിശുദ്ധാത്മാവിന്റെ ദൈവികത പങ്കുവയ്ക്കാനും നാം തയ്യാറാണോ? ദൈവേഷ്ടത്തിനു പൂർണമായി സേവനം ചെയ്യാൻ യേശുവിന്റെ അമ്മയായ മറിയത്തെപ്പോലെ (cf ലൂക്കാ 1:38) തയ്യാറാണോ? “കർത്താവേ, ഇതാ  ഞാൻ എന്നെ അയയ്ക്കുക” (cf ഏശ 6:8) എന്ന് ദൈവത്തോട് നാം പറയണമെങ്കിൽ ഈ ആന്തരിക തുറവ് നമുക്ക് അത്യാവശ്യമാണ്. ഇത് അമൂർത്തമായിട്ടുള്ളതല്ല. പിന്നെയോ, സഭയുടെയും ചരിത്രത്തിന്റെയും ഈ അധ്യായത്തിലുള്ളതാണ്.

### കാലികമായ മിഷൻ

ഈ മഹാമാരിയുടെ കാലത്ത് ദൈവം നമ്മോടു എന്താണ് പറയുന്നതെന്ന് മനസ്സിലാക്കുകയെന്നത് സഭയുടെ മിഷനറി പ്രവർത്തനങ്ങൾക്ക് ഒരു വെല്ലുവിളിയാണ്. രോഗങ്ങളും സഹനങ്ങളും ഭയവും ഒറ്റപ്പെടുത്തലുമൊക്കെ നമുക്ക് വെല്ലുവിളി തന്നെയാണ്. ആരുംപോരുമില്ലാതെ തനിച്ചു മരിക്കാൻ വിധിക്കപ്പെട്ടവർ, പരിത്യക്തർ, തൊഴിലും വരുമാനവും നഷ്ടപ്പെട്ടവർ, ഭവനരഹിതർ, ഭക്ഷണമില്ലാത്തവർ എന്നിവരുടെ ദാരിദ്ര്യം നമുക്കൊരു കീറാമുട്ടിയാണ്. സാമൂഹിക അകലം പാലിക്കാനും ഒറ്റയ്ക്കു താമസിക്കാനും നിർബന്ധിക്കപ്പെടുന്ന അവസ്ഥ സാമൂഹികബന്ധങ്ങളും ദൈവവുമായിട്ടുള്ള നമ്മുടെ സാമൂഹിക ബന്ധവും വീണ്ടും കണ്ടെത്തണമെന്ന് ആവശ്യപ്പെടുന്നുണ്ട്. വർധിച്ചുവരുന്ന വിശ്വാസമില്ലായ്മയും നിസ്സംഗതയും ഒഴിവാക്കി, മറ്റുള്ളവരോട് ബന്ധപ്പെടാനുള്ള നമ്മുടെ മാർഗത്തെക്കുറിച്ച് കൂടുതൽ ശ്രദ്ധിക്കാൻപോലും ഈ അവസ്ഥ നമ്മെ നിർബന്ധിക്കണം. ദൈവം നമ്മെ സ്പർശിക്കുകയും നമ്മുടെ ഹൃദയങ്ങളെ ചലിപ്പിക്കുകയും ചെയ്യുന്ന പ്രാർത്ഥന വഴി മഹത്ത്വത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള നമ്മുടെ സഹോദരീസഹോദരന്മാരുടെ ആവശ്യങ്ങളോട് നമ്മെ കൂടുതൽ തുറവുള്ളവരാക്കുകയും വേണം. അതുപോലെതന്നെ സർവസൃഷ്ടികളെയും സംരക്ഷിക്കാൻ ഉത്തരവാദിത്വമുള്ളവരുമാക്കണം. ഒരു സഭയായി സമ്മേളിച്ച് കുർബാനയാഘോഷിക്കാൻ സാധ്യമല്ലാത്ത അവസ്ഥ, ഓരോ ഞായറാഴ്ചയും കുർബാനയാഘോഷിക്കാൻ കഴിയാത്ത അനേകം ക്രൈസ്തവ സമൂഹങ്ങളുടെ അനുഭവം തിരിച്ചറിയുന്നതിന് നമ്മെ സഹായിച്ചിട്ടുണ്ട്. ഇതിലെല്ലാം ദൈവത്തിന്റെ ചോദ്യം ഒരിക്കൽകൂടി നമ്മിലേക്കു വരുന്നു. അവിടന്ന് നമ്മുടെ ഉദാരപൂർണവും ബോധ്യമാർന്നതുമായ ഉത്തരത്തിനായി കാത്തിരിക്കുന്നു:

"ഇതാ ഞാൻ, എന്നെ അയച്ചാലും" (ഏശ 6:8). ലോകത്തിലേക്കും ജനതകളിലേക്കും തന്റെ സ്നേഹത്തിനും പാപത്തിൽ നിന്നും മരണത്തിൽ നിന്നും താൻ നല്കുന്ന മോചനത്തിനും, തിന്മയിൽ നിന്നു നല്കുന്ന രക്ഷയ്ക്കും സാക്ഷ്യം വഹിക്കുന്നതിന് ആരെ അയയ്ക്കാൻ കഴിയുമെന്ന് കാണാൻ ദൈവം തുടർച്ചയായി കാത്തിരിക്കുന്നു (cf മത്താ 9:35-38; ലൂക്കാ 10:1-12).

ലോകമിഷൻ ദിനാഘോഷം സഭയിലെ യേശുവിന്റെ മിഷൻ പ്രവർത്തനങ്ങളിൽ പ്രാർത്ഥന, ധ്യാനം, സാമ്പത്തികസഹായം നൽകൽ എന്നീ മാർഗങ്ങളിലൂടെ സജീവമായി പങ്കുചേരാനുള്ള ഉറപ്പാർന്ന സന്ദർഭങ്ങൾ കൂടിയാണ്. പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ എന്റെ പേരിൽ നിർവഹിക്കുന്ന പ്രേഷിതപ്രവർത്തനത്തെ പിന്താങ്ങാനും എല്ലാവരുടെയും രക്ഷയ്ക്കുവേണ്ടി ലോകമാസകലമുള്ള ജനതകളുടെയും സഭകളുടെയും ആധ്യാത്മികവും ഭൗതികവുമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാനും ഉദ്ദേശിച്ചിട്ടുള്ളതാണ് ഒക്ടോബർ മൂന്നാം ഞായറാഴ്ചയിലെ ആരാധനാക്രമാനുഷ്ഠാന മധ്യേ ശേഖരിക്കുന്ന സംഭാവനകളിലൂടെ പ്രകടിപ്പിക്കപ്പെടുന്ന പരസ്നേഹം. സുവിശേഷവത്കരണത്തിന്റെ നക്ഷത്രവും പീഡിതരുടെ ആശ്വാസവും പുത്രനായ യേശുവിന്റെ മിഷണറി ശിഷ്യയുമായ പരിശുദ്ധ കന്യാസ്ത്രീ മറിയം നമുക്കുവേണ്ടിയുള്ള മധ്യസ്ഥ യാചന തുടരുകയും നമ്മെ താങ്ങിനിറുത്തുകയും ചെയ്യട്ടെ.

റോമാ, സെന്റ് ജോൺ ലാറ്ററൻ, 31 മേയ് 2020,
പെന്തക്കുസ്താത്തിരുനാൾ ദിവസം

**ഫ്രാൻസിസ് പാപ്പാ**
പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025





# കച്ചേരിക്കാര്യം

## 1. New Appointments

| | | |
|---|---|---|
| Rev. Fr. Mathew Kottackal | : | Priest- in-charge, Adackaundu |
| Rev. Fr. Joseph Koonanickal | : | Medical Leave |
| Rev. Fr. Jacob Kazhukanolickal CMI | : | Vicar, Amalapuri |
| Rev. Fr. Augustine Chackalayil CMI | : | Vicar, Devagiri |
| Rev. Fr. George Ezhanikatt CMI | : | Vicar, Koodathai |
| Rev Fr. George Puthenchira CMI | : | Vicar, Ponniamkurissi |
| Rev. Fr. Joseph Pulickal CMI | : | Asst. Vicar, Devagiri |

### Mekhala Directors for Vocation Promotion

| | | |
|---|---|---|
| Rev. Fr. Alex Panachikkal | - | Thiruvambady, Thamarassery, Kodenchery, Thottumukkom, Paroppady |
| Rev. Fr. Chacko Mundackal | - | Vilangad, Marudonkara, Koorachundu |
| Rev. Fr. Augustine Machukuzhy | - | Malappuram, Perinthalmanna Karuvarakundu |

## 2. അഭിവന്ദ്യ പിതാവിന്റെ നാമഹേതുകത്തിരുനാൾ

ഒക്ടോബർ 1-ാം തീയതി സ്വർഗീയമദ്ധ്യസ്ഥന്റെ തിരുനാൾ ആഘോഷിക്കുന്ന രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. തന്റെ ശുശ്രൂഷകളിലൂടെ രൂപതയ്ക്കും ദൈവജനത്തിനും പൊതുസമൂഹത്തിനും ഇനിയും നന്മകൾ വർഷിക്കാൻ ആവശ്യമായ ദൈവാനുഗ്രഹം പിതാവിനു ലഭിക്കട്ടെ. നാമഹേതുകത്തിരുനാളിന്റെ മംഗളങ്ങൾ രൂപതാകുടുംബത്തിന്റെ പേരിൽ ആശംസിക്കുന്നു.

## 2. കൊന്തനമസ്കാരം

ഒക്ടോബർ മാസത്തിൽ ദൈവാലയത്തിൽ നടത്തുന്ന പത്തുദിവസത്തെ ആഘോഷമായ ജപമാലയർപ്പണം നമ്മുടെ നല്ല പാരമ്പര്യത്തിന്റെ ഭാഗമാണല്ലോ. കൊറോണ വൈറസ് പകർച്ചവ്യാധി ലോകത്തിൽ താണ്ഡവമാടുന്ന അവസരത്തിൽ പരിശുദ്ധ അമ്മയുടെ പ്രത്യേക മാദ്ധ്യസ്ഥ്യവും അഭയവും ആശ്രയവും നമുക്ക് തേടാം. കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് കൊന്തനമസ്കാരങ്ങൾ ക്രമീകരിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

### 3. അഖണ്ഡജപമാല സമർപ്പണ സമാപനം – ഒക്ടോബർ 31

ബഥാനിയ സെന്ററിൽ ജൂലൈ 23 മുതൽ നടന്നുവന്നിരുന്ന 101 ദിവസത്തെ അഖണ്ഡജപമാല സമർപ്പണത്തിന്റെ സമാപനം ഒക്ടോബർ 31 നാണ്. പകർച്ചവ്യാധി പടർന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പകർച്ചവ്യാധിയിൽ നിന്ന് മുക്തിനേടുക എന്നതാ യിരുന്നു പ്രാർത്ഥനാനിയോഗം.

### 4. അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ 41–ാം ചരമദിനം – ഒക്ടോബർ 16

നമ്മുടെ പ്രിയപ്പെട്ട അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവ് നിത്യതയിലേക്ക് വിളിക്കപ്പെട്ടതിന്റെ 41–ാം ചരമദിനം ഒക്ടോബർ 16 നാണ്. അന്നേദിവസം രാവിലെ 10.30 ന് കത്തീഡ്രൽ ദൈവാലയ ത്തിൽ വി. കുർബാനയും മറ്റു ശുശ്രൂഷകളും ഉണ്ടായിരിക്കുന്നതാണ്. നമ്മുടെ എല്ലാ ദൈവാലയങ്ങളിലും അന്നേദിവസം പിതാവിനുവേണ്ടി വി. കുർബാന അർപ്പിക്കേണ്ടതാണ്.

### 5. മിഷൻ ഞായർ

ഈ വർഷത്തെ മിഷൻ ഞായർ ഒക്ടോബർ 18–ാം തീയതിയാണ്. അന്നേ ദിവസം സഭയുടെ വിവിധ മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാനുള്ള പ്രത്യേക അവസരമാണ്.

### 6. നന്ദി, സ്വാഗതം

രൂപതയിലെ വിവിധ ഇടവകകളിൽ സ്തുത്യർഹമായ സേവനത്തിനുശേഷം പുതിയ കർമ്മമേഖലകളിലേക്ക് പോകുന്ന സി.എം.ഐ. സന്യാസസമൂഹാംഗങ്ങളായ അമലാപുരി ഇടവക വികാരിയും അസി. വികാരിയും **ബഹു. തോമസ് പന്തംപ്ലാക്കൽ അച്ചനും ബഹു. ജിതിൻ കുരൂർ അച്ചനും** ദേവഗിരി ഇടവക വികാരിയായിരുന്ന **ബഹു. ചാക്കോ ഇല്ലിപ്പറമ്പിലച്ചനും** കൂടത്തായി ഇടവക വികാരിയായിരുന്ന **ബഹു. ജോസഫ് ഇടപ്പാടിയിലച്ചനും**, തേഞ്ഞിപ്പാലം ഇടവകവികാരിയായിരുന്ന **ബഹു. അഗസ്റ്റിൻ കണിവേലിലച്ചനും** പൊന്ന്യാംകുറിശ്ശി ഇടവക വികാരിയായിരുന്ന **തോമസ് തെക്കേത്തലയച്ചനും** ഹൃദയം നിറഞ്ഞ നന്ദി അർപ്പിക്കുന്നതോടൊപ്പം പുതിയ മേഖലകളിൽ എല്ലാവിധ ദൈവാനുഗ്രഹവും ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

രൂപതാകൂട്ടായ്മയിലേക്ക് കടന്നുവരുന്ന സി.എം.ഐ. സന്യാസ സമൂഹാംഗങ്ങളായ **ബഹു. ജേക്കബ് കഴുകനോലിക്കൽ, ബഹു. അഗസ്റ്റിൻ ചക്കാലയിൽ, ബഹു. ജോസഫ് പുളിക്കൽ, ബഹു. ജോർജ് ഏഴാനിക്കാട്ട്, ബഹു. ജോർജ് പുത്തൻചിറ** എന്നീ വൈദികർക്ക് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

### 6. സ്മരണാഞ്ജലി

01-10-2006 – റവ. ഫാ. ബർത്തലോമ്യോ സി.എം.ഐ

04-10-1994 – റവ. ഫാ. ജേക്കബ് ആലുങ്കൽ

**04-10-2014 – റവ. ഫാ. ജെയിംസ് മുണ്ടയ്ക്കൽ**

07-10-2001 – റവ. ഫാ. ജോസഫ് കച്ചിറമറ്റം

07-10-2006 – റവ. ഫാ. എവരിസ്റ്റസ് പാംബ്ലാനി സി.എം.ഐ

22-10-2009 – റവ. ഫാ. വർഗീസ് ചക്കുങ്കൽ വി.സി.

23-10-1982 – റവ. ഫാ. സബാസ് സി.എം.ഐ.

26-10-1978 – റവ. ഫാ. ആഡ്രിയാൻ സി.എം.ഐ.

30-10-2002 – റവ. ഫാ. ജേക്കബ് കുന്നപ്പള്ളിൽ

**07-10-2018 – റവ. ഫാ. മാണി കണ്ടനാട്ട്**

**പ്രോട്ടോസിഞ്ചെല്ലൂസ്**

## സ്നേഹസ്മരണയ്ക്ക്





# മതബോധനം

വിശ്വാസപരിശീലന കാര്യാലയത്തിൽ നിന്നും ആശംസകൾ!

ഫാത്തിമ സന്ദേശത്തിൽ പരിശുദ്ധ കന്യാമറിയം സി. ലൂസിയോട് പറഞ്ഞു: “പരിശുദ്ധ ജപമാല എല്ലാ ദിവസവും ഭക്തിയോടെ പ്രാർത്ഥിക്കുക.” ഒക്ടോബർ മാസം ജപമാല മാസമാണ് പരിശുദ്ധ ദൈവമാതാവിനോട് ചേർന്ന് നിന്ന് കൂടുതൽ പ്രാർത്ഥിക്കുവാനും യേശുവിനോടു കൂടുതൽ ഐക്യപ്പെടുന്നതിനുമുള്ള സമയമാണിത്. കാനായിലെ കല്യാണവിരുന്നിൽ വിരുന്നിന്റെ സന്തോഷമായ വീഞ്ഞ് തീർന്നുപോയപ്പോൾ ദൈവമാതാവ് ഇടപെട്ടു. പ്രക്ഷുബ്ധമായ ഈ ലോകത്ത് നമ്മൾ ജീവിക്കുമ്പോൾ രോഗങ്ങളും പകർച്ച വ്യാധികളും പ്രകൃതിദുരന്തങ്ങളും മനുഷ്യ ജീവിതത്തിലെ സന്തോഷം നശിപ്പിച്ചുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ അമ്മയുടെ മാധ്യസ്ഥത്താൽ ഈശോയുടെ അത്ഭുതകരമായ ഇടപെടൽ ലോകത്തിലും നമ്മുടെ വ്യക്തിജീവിതത്തിലും ഉണ്ടാകാൻ ഈ ഒക്ടോബർ മാസത്തിൽ ധാരാളം ജപമാല ചൊല്ലി നമുക്ക് പ്രാർത്ഥിക്കാം. പരിശുദ്ധ അമ്മേ, ആന്തരീക സമാധാനവും സന്തോഷവും ഞങ്ങളുടെ ജീവിതത്തിൽ നിറയുന്നതിനു വേണ്ടി പ്രാർത്ഥിക്കണമേ.

### ഓൺലൈൻ വിശ്വാസപരിശീലന ക്ലാസ്സുകൾ

സെപ്റ്റംബർ മാസം എല്ലാ ആഴ്ചയിലും കുട്ടികളുടെ ഓൺലൈൻ ക്ലാസ്സുകൾ സജീവമായി നടന്നു. അധ്യാപകർക്ക് ക്ലാസ്സ് ഒരുങ്ങുന്നതിനു സഹായകമായ വിധത്തിൽ വെള്ളിയാഴ്ച തന്നെ ക്ലാസ്സുകൾ അയച്ചുകൊടുക്കുകയും കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കാൻ ഓരോ പാഠത്തിൽ നിന്നും പത്ത് ചോദ്യങ്ങൾ വീതം നൽകുകയും ചെയ്തു .

### സഭാവാർത്തകൾ, വിശുദ്ധരെ അറിയാൻ

വിശ്വാസപരിശീലനം ഇടവക തലത്തിൽ നടക്കുമ്പോൾ ഇടവകകളിൽ നടത്താറുള്ള സഭാവാർത്തകൾ, വിശുദ്ധരെ അറിയാൻ പ്രോഗ്രാമുകൾ ഈ കോവിഡ് കാലത്ത് എല്ലാ ഞായറാഴ്ച്ചകളിലും ഒരാഴ്ചത്തെ പ്രധാന സഭാവാർത്തകളും, ഒരു വിശുദ്ധനെയും ഓൺലൈൻ ക്ലാസ്സുകൾ വഴി കുട്ടികളെ പരിചയപ്പെടുത്തികൊണ്ടിരിക്കുന്നു.

### Behold Christ

ഈ മാസത്തെ ‘Behold Christ’ ആരാധനയും ദിവ്യകാരുണ്യ സന്ദേശവും പനംപ്ലാവ് ഇടവകയിൽ വെച്ച് നടത്തി. അന്നേദിവസം രൂപതാ ഡയറക്ടറും അസിസ്റ്റന്റ് ഡയറക്ടറും ഇടവകയിലെ മതാധ്യാപകരെ കാണുകയും വിശ്വാസ പരിശീലന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. തുടർന്ന് നടന്ന ദിവ്യകാരുണ്യ ആരാധനയിൽ എല്ലാ മതാധ്യാപകരും കുട്ടികളുടെ പ്രതിനിധികളും പങ്കെടു

ത്തു. റവ. ഡോ. ജേക്കബ് അരീത്തറ അച്ചൻ സന്ദേശം നൽകി. സെപ്റ്റംബർ 9 ന് രൂപതയിലുള്ള എല്ലാ സൺഡേ സ്കൂളിലേക്കും ആരാധന അയച്ചുകൊടുത്തു.

### അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിൻെറ വിയോഗത്തിൽ അനുശോചനം

അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിൻെറ വിയോഗത്തിൽ മതബോധന കേന്ദ്രം അനുശോചിക്കുകയും പ്രാർഥിക്കുകയും 3 ദിവസം ദുഃഖാചരണം നടത്തുകയും ചെയ്തു. രൂപതയിലുള്ള എല്ലാ അദ്ധ്യാപകരും കുട്ടികളും പിതാവിനെ അനുസ്മരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

### ലൂമിന 2020

എല്ലാ വർഷവും നടത്താറുള്ള ലൂമിന പ്രോഗ്രാം ഈ വർഷം ഓൺലൈൻ ആയി ആരംഭിച്ചു. അഭിവന്ദ്യ മാർ റെമീജിയോസ് പിതാവിന്റെ ഉദ്ഘാടന സന്ദേശം 2500 യുവജനകൾ കാണുകയും സന്ദേശങ്ങൾ ഉൾക്കൊള്ളുകയും ചെയ്തു.

## Buds of Jesus

'ബൈബിൾ നേഴ്സറി കുട്ടികൾക്കായുള്ള ക്ലാസ്സുകൾ സെപ്റ്റംബർ മാസത്തിൽ ആരംഭിച്ചു. സിനഡിന്റെ നിർദ്ദേശപ്രകാരം തയ്യാറാക്കിയ 'ഈശോയുടെ കുഞ്ഞുങ്ങൾ' എന്ന പാഠാവലിയിലെ 11 അദ്ധ്യായങ്ങളാണ് ഓൺലൈൻ ക്ലാസ്സുകൾ വഴി കുട്ടികൾക്ക് നൽകിക്കൊണ്ടിരിക്കുന്നത്.

### അർദ്ധവാർഷിക പരീക്ഷകൾ

അർദ്ധവാർഷിക പരീക്ഷ ഒക്ടോബർ 25ന് നടത്താൻ തീരുമാനിച്ചു. പരീക്ഷക്കുള്ള ചോദ്യപേപ്പറുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. സഭാവാർത്തകൾ, വിശുദ്ധരെ അറിയാം തുടങ്ങിയ പക്തികളിൽ നിന്ന് പരീക്ഷക്ക് ചോദ്യങ്ങൾ ഉണ്ടായിരിക്കും. പരീക്ഷ നടത്തിപ്പിനെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ പിന്നീട് നല്കുന്നതാണ്.

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, മതബോധനം



# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹമുള്ള മിഷനറിമാരെ,

ചെറുപുഷ്പ മിഷൻലീഗ് രൂപതാകുടുംബത്തിൽ നിന്നും സ്നേഹാശംസകൾ. ചെറുപുഷ്പ മിഷൻലീഗിനെ സംബന്ധിച്ച് ഏറെ പ്രാധാന്യമേറിയ മാസമാണ് ഒക്ടോബർ. വി. കൊച്ചുത്രേസ്യയുടെ തിരുനാളും, മിഷൻ ഞായറും അതിനോട നുബന്ധിച്ചുള്ള പ്രവർത്തനങ്ങളും ഏറെ തീക്ഷ്ണതയോടെ എല്ലാ ശാഖകളിലും നടപ്പിലാക്കിയിരുന്നു. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഈ വർഷം നമുക്ക തിന് സാധ്യമല്ല. എന്നാൽ, 2020 കുടുംബനവീകരണ വർഷമായി നമ്മുടെ രൂപത ആചരിക്കുമ്പോൾ ഒക്ടോബർ മാസം മിഷൻലീഗിനായി നിർദ്ദേശിച്ചിരിക്കുകയാണ്. കാലങ്ങളായി ആഘോഷപൂർവ്വകമായ ജപമാല സമർപ്പണത്തിൽ പങ്കുകൊണ്ടിരുന്ന നമുക്ക് ഈ വർഷം അതു സമൂഹപരമായി നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ കുടുംബനവീകരണ നിയോഗാർത്ഥം വ്യക്തിപരമായും കുടുംബം ഒന്നിച്ചും ജപമാല ചൊല്ലിയും സംഘടനാ പ്രവർത്തനങ്ങളിൽ തീക്ഷ്ണതയോടെ പങ്കുചേർന്നും ഈ ജപമാല മാസം ഏറ്റവും അനുഗ്രഹപ്രദമാക്കുന്നതിന് നമുക്ക് ഉത്സാഹിക്കാം. അതോടൊപ്പം കുടുംബനവീകരണ വർഷത്തോടനുബന്ധിച്ച് Mission Springs (മിഷൻ രൂപതകളെക്കുറിച്ചുള്ള പഠനം), Mission Band (അനുദിന വിചിന്തനങ്ങൾ) എന്നീ പരിപാടികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

### രൂപത വൈസ് ഡയറക്ടേഴ്സ് സംഗമം

താമരശ്ശേരി രൂപത മിഷൻ ലീഗ് വൈസ് ഡയറക്ടേഴ്സ് സംഗമം ഒക്ടോബർ 7 ന് Zoom Meeting വഴി നടക്കുന്ന വിവരം അറിയിക്കുന്നു. മേഖലകളിലേക്ക് മീറ്റിംഗിൽ പങ്കെടുക്കുന്നതിനുള്ള ലിങ്ക് അയച്ചുതരുന്നതാണ്. മേഖല ഭാരവാഹികൾ എല്ലാ ശാഖാ വൈസ് ഡയറക്ടേഴ്സിനും ലിങ്ക് അയച്ചു കൊടുത്ത് എല്ലാവർക്കും കിട്ടിയെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

### രൂപതാ കൗൺസിൽ

രൂപതാ കൗൺസിൽ സമ്മേളനം ഒക്ടോബർ 18 മിഷൻ ഞായർദിനം Zoom Meeting വഴി നടത്തപ്പെടുന്ന വിവരം അറിയിക്കുന്നു. സംസ്ഥാന ജനറൽ ഓർഗനൈസർ ശ്രീ. അരുൺ നയിക്കുന്ന വെബിനാറും ഇതോടൊപ്പം ഉണ്ടായിരിക്കും. എല്ലാ മേഖല ഭാരവാഹികളും ശാഖാ ഭാരവാഹികളും ഈ സമ്മേളനത്തിൽ പങ്കെടുക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. Zoom Meeting ലിങ്കുകൾ മേഖല ഭാരവാഹികൾക്ക് അയച്ചുതരുന്നതാണ്.

### എട്ടുനോമ്പാചരണം – 'അതിജീവനത്തിന് ഒരു ജപമാല'

പരിശുദ്ധ മാതാവിന്റെ തിരുനാൾ ആഘോഷിച്ച സെപ്റ്റംബർ മാസത്തിൽ വളരെ പ്രത്യേകമായി കൊറോണ വൈറസിൽ നിന്നുള്ള രക്ഷയ്ക്കായി സംസ്ഥാന ഘടകത്തോടു സഹകരിച്ച് ജപമാല യജ്ഞത്തിൽ പങ്കുകൊണ്ടു. 'അതിജീവന



ത്തിന് ഒരു ജപമാല' എന്ന ഈ പരിപാടിയിൽ രൂപതാകുടുംബം സെപ്റ്റംബർ 3-ാം തീയതി മുഴുവനായും പങ്കുചേർന്നു.

### വി. മദർ തെരേസ ഓൺലൈൻ ക്വിസ് മത്സരം

സെപ്റ്റംബർ 5 വി. മദർ തെരേസയുടെ തിരുനാളിനോടനുബന്ധിച്ച് അന്നേ ദിവസം വൈകുന്നേരം 7 മണിക്ക് Google form ൽ നടത്തിയ ക്വിസ് മത്സരത്തിൽ സീനിയർ വിഭാഗത്തിൽ നിന്ന് 138 പേരും ജൂനിയർ വിഭാഗത്തിൽനിന്ന് 104 പേരും പങ്കെടുത്തു.

### വിജയികൾ H.S വിഭാഗം

I st – ജോയൽ മനോജ്, കൂരാച്ചുണ്ട്
II nd – അൽഫോൻസ കുഴിവേലിൽ, തോട്ടുമുക്കം
III rd – ആൻമരിയ സുനിൽ, തേഞ്ഞിപ്പാലം

### വിജയികൾ, ജൂനിയർ വിഭാഗം

I st – ക്രിസ് ആന്റോ വാഴയിൽ, തിരുവമ്പാടി
II nd – അൽഹ ടെസ്സ, കാറ്റുള്ളമല

### സെപ്റ്റംബർ 5 അദ്ധ്യാപകദിനം

അദ്ധ്യാപകദിനത്തോടനുബന്ധിച്ച് ഒരു 'Short movie' തയ്യാറാക്കി CML Youtube Channel ൽ നല്കുകയുണ്ടായി.

### ദിവംഗതനായ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന് പ്രണാമം

ചെറുപുഷ്പ മിഷൻലീഗ് രൂപതാ കുടുംബത്തിന് എന്നും പ്രോത്സാഹ നവും പിതൃ സ്നേഹവും നല്കിയ അഭിവന്ദ്യ പോൾ പിതാവിന്റെ ദേഹവി യോഗത്തിൽ ദുഃഖം രേഖപ്പെടുത്തുന്നു. ജൂലൈ 28-ാം തീയതി സി.എം. എൽ. ന്റെ പുതിയ ഓഫീസ് വെഞ്ചരിപ്പിന്റെ ദിവസം അനുഗ്രഹപ്രഭാഷണം നടത്തിയതായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തിലെ അവസാന പരസ്യ പരിപാടി എന്ന് പ്രത്യേകം അനുസ്മരിക്കുന്നു. മിഷൻലീഗ് കുടുംബമൊ ന്നാകെ അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കുമുമ്പിൽ നമ്രശിരസ്കരാകുന്നു.

### പരി. മാതാവിന്റെ ജനനതിരുനാൾ

അഭിവന്ദ്യ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷ നടക്കുന്ന ദിവസമായ തിനാൽ തിരുനാളിനോടനുബന്ധിച്ച് ഒരു അനുസ്മരണം മാത്രം വാട്സാപ്പിൽ നല്കുകയുണ്ടായി.

### സെപ്റ്റംബർ 9 - ഫാ. ജോസഫ് മാലിപറമ്പിൽ ദിനം

ഈ ദിനത്തോടനുബന്ധിച്ച് കട്ടിപ്പാറ, പുതുപ്പാടി ശാഖകൾ ഡോക്യു മെന്ററി തയ്യാറാക്കി അവതരിപ്പിക്കുകയുണ്ടായി.

### രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ്

സെപ്റ്റംബർ 16-ാം തീയതി രൂപതാ ഓഫീസിൽ വച്ച് നടത്തിയ മീറ്റി



ങ്ങിൽ ഒക്ടോബർ മാസം മിഷൻലീഗ് മാസമായി കുടുംബനവീകരണ വർഷത്തിലെ പ്രഖ്യാപനമനുസരിച്ച് നടപ്പിലാക്കാൻ സാധിക്കുന്ന പരിപാടികൾ ആസൂത്രണം ചെയ്തു.

## മീഡിയാ സെൽ

രൂപതാ പ്രവർത്തനങ്ങളുടെ നടത്തിപ്പിന് ഓൺലൈൻ മാധ്യമങ്ങൾ വഴി പ്രവർത്തനങ്ങൾ നടത്തുന്നതിന് രൂപതാ എക്സിക്യൂട്ടീവ് നാമനിർദ്ദേശം ചെയ്ത ആറ് പേർ അടങ്ങുന്ന മീഡിയ സെല്ലിനെ തെരഞ്ഞെടുത്തു.

1 ഫ്രാൻസിസ് കൊല്ലറേട്ട്, മരിയാപുരം
2 അമൽ പുളിക്കൽ, കൂരാച്ചുണ്ട്
3 ചെൽസിൻ തറയിൽ, കക്കയം
4 സെബിൻ വാമറ്റത്തിൽ, തോട്ടുമുക്കം
5 ജിന്റോ തകിടിയേൽ, മരിയാപുരം
6 ജിനോ തറപ്പുതൊട്ടിയിൽ, തോട്ടുമുക്കം

## രൂപത മാനേജിംഗ് കമ്മിറ്റി

ഈ വർഷത്തെ ആദ്യത്തെ രൂപത മാനേജിംഗ് കമ്മിറ്റി സെപ്റ്റംബർ 27 ന് Zoom Meeting വഴി കൂടുകയുണ്ടായി. രൂപതാ ഡയറക്ടർ ഫാ. തോമസ് തേവടിയിൽ സ്വാഗതം ആശംസിച്ച മീറ്റിംഗിൽ രൂപതാ പ്രസിഡന്റ് ശ്രീ. ജോയി ജോർജ്ജ് അദ്ധ്യക്ഷനായിരുന്നു. സംസ്ഥാന ഡയറക്ടർ ഫാ. ജോബി പൂച്ചുകണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. എല്ലാ മേഖലകളിൽ നിന്നുള്ള ഭാരവാഹികൾ മീറ്റിങ്ങിൽ പങ്കെടുത്തു.

## കുഞ്ഞേട്ടൻ മാലിപറമ്പിൽ അനുസ്മരണ ലേഖന മത്സരം

സംസ്ഥാനതലത്തിൽ നടത്തപ്പെട്ട ലേഖന മത്സരത്തിൽ രൂപതാതലത്തിൽ 1,2,3 സ്ഥാനം ലഭിക്കുന്നവർക്ക് മാർ മങ്കുഴിക്കരി മെമ്മോറിയൽ ഉപന്യാസ മത്സരത്തിനുള്ള സമ്മാനം നല്കുന്നതാണ്. ആഗസ്റ്റ് 28 ന് രൂപതാതലത്തിൽ മാർ മങ്കുഴിക്കരി ഉപന്യാസ മത്സരം നടത്താമെന്ന് എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ തീരുമാനിച്ച അവസരത്തിലാണ് സംസ്ഥാന മത്സരം പ്രഖ്യാപിച്ചത്. അതിനെതുടർന്ന് രണ്ടു മത്സരങ്ങളും ഒരുമിച്ച് ഒരു മത്സരമാക്കി നടത്താൻ തീരുമാനിക്കുകയായിരുന്നു. ഫലത്തിൽ സംസ്ഥാനത്ത് വിജയിയായാൽ രൂപതാ, മേഖല സമ്മാനങ്ങൾകൂടി സമ്മാനർഹർക്ക് ലഭിക്കുന്നതാണ്.

## മേഖലാ എക്സിക്യൂട്ടീവ് നടന്ന സ്ഥലങ്ങൾ

| | | |
|---|---|---|
| സെപ്റ്റംബർ 5 | - | പാറോപ്പടി മേഖല |
| 2 | - | താമരശ്ശേരി മേഖല |

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മിഷൻലീഗ്



# തിരുബാലസഖ്യം

സെപ്റ്റംബർ 5-ാം തീയതി വി. മദർ തെരേസയുടെ തിരുനാളിനോടനുബന്ധിച്ച് നടത്തിയ ഫാൻസി ഡ്രസ്സ് മത്സരത്തിൽ 142 പേർ പങ്കെടുത്തു.

**വിജയികൾ**

I<sup></sup>st – റോസ് ഉറുമ്പിൽ, തേഞ്ഞിപ്പാലം
II nd – ആൻലിസ ഒറ്റപ്ലാക്കൽ, വിലങ്ങാട്
III rd – അന്ന ആന്റണി കവലയ്ക്കൽ, മരിയാപുരം

**3 പേർക്ക് പ്രോത്സാഹനസമ്മാനങ്ങൾ**

ഏഞ്ചൽ അൽമിന പൂവത്തിങ്കൽ, പുല്ലൂരാംപാറ
ആഞ്ചന വടക്കേപെരിഞ്ചേരിമണ്ണിൽ, മരിയാപുരം
ഡാനിയ അമ്പാട്ട്, വാളൂക്ക്

**ഒക്ടോബർ മാസ പരിപാടികൾ**

വി. കൊച്ചുത്രേസ്യായ്ക്ക് പ്രതിഷ്ഠിതം
പരിചയപ്പെടുത്തുന്ന വിശുദ്ധർ – വി. അമ്മത്രേസ്യ, വി. ഫ്രാൻസിസ് അസീസ്സി
പ്രാർത്ഥനാ നിയോഗം – എല്ലാ അമ്മമാർക്കും വേണ്ടി
സുകൃതജപം – എന്റെ അമ്മേ എന്റെ ആശ്രയമേ

1 വ്യാഴം – വി. കൊച്ചുത്രേസ്യായുടെ തിരുനാൾ
2 വെള്ളി – കാവൽ മാലാഖയുടെ തിരുനാൾ
4 ഞായർ – വി. ഫ്രാൻസിസ് അസീസ്സിയുടെ തിരുനാൾ
വായന: മത്താ. 15:21–28
ഫിലി. 4:4–9
11 ഞായർ – വായന: മത്താ. 20:1–16
2 കോറി. 2:12–17
15 വ്യാഴം – വി. അമ്മത്രേസ്യായുടെ തിരുനാൾ
16 ഞായർ – വായന: മത്താ. 10:1–15
1 കോറി. 9:13–18
25 ഞായർ – വായന: മത്താ. 8:23–34
ഗലാ. 6:1–10

പ്രവൃത്തി – ജപമാല ഭംഗിയായി ചൊല്ലാൻ കുട്ടികളെ പരിശീലിപ്പിക്കാനായി പ്രത്യേകം ഈ മാസം മാറ്റിവെക്കാം. വീടുകളിൽ മാതാവിന്റെ രൂപം അലങ്കരിക്കുവാനും അവരെ പരിശീലിപ്പിക്കാം.

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, തിരുബാലസഖ്യം



# ലിറ്റർജി കമ്മീഷൻ

## മർഗാനീസ ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ കോഴ്സ്

താമരശ്ശേരി രൂപത മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമിയുടെ നേതൃത്വത്തിൽ 'മർഗാനീസ' എന്ന പേരിൽ നടത്തുന്ന ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ കോഴ്സിന്റെ രണ്ടാമത്തെ ക്ലാസ്സ് സെപ്റ്റംബർ പന്ത്രണ്ടാം തീയതി ശനിയാഴ്ച വൈകിട്ട് 8.30 മുതൽ 9.15 വരെ നടത്തി. ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ ദൈവശാസ്ത്ര അധ്യാപകനായ ഡോ. സിബി പുളിക്കൽ അച്ചനാണ് ക്ലാസ് നയിച്ചത്. ക്രൈസ്തവ വിശ്വാസത്തിന്റെ കേന്ദ്രമായ വിശുദ്ധകുർബാന എന്നതിനെക്കുറിച്ചായിരുന്നു ക്ലാസ്സ്. സീറോമലബാർ സഭയിലെ വിവിധ രൂപതകളിൽ നിന്നുള്ള 260 ഓളം പേർ സൂം മീറ്റിലൂടെ ക്ലാസിൽ സംബന്ധിച്ചു. അടുത്ത ക്ലാസ്സ് സെപ്റ്റംബർ 26 നാണ്. ഈ ക്ലാസിന്റെ തുടർച്ചയായിട്ടാണ് അടുത്ത ക്ലാസ്സും. ഒക്ടോബർ മാസത്തിലെ ക്ലാസ്സ് ഒക്ടോബർ 10, 24 തീയതികളിലാണ്.

വിശുദ്ധ കുർബാനയാകുന്ന രഹസ്യത്തെക്കുറിച്ചും സീറോ മലബാർ കുർബാനയുടെ ചരിത്ര ദൈവശാസ്ത്ര വശങ്ങളെക്കുറിച്ചുമുള്ള ആഴത്തിലുള്ള പഠനം ആണ് ഈ കോഴ്സ് കൊണ്ട് ഉദ്ദേശിക്കുന്നത്. താത്പര്യമുള്ള ആർക്കും ഇതിൽ സംബന്ധിക്കാം.

എല്ലാ മാസത്തെയും രണ്ടാമത്തെയും നാലാമത്തെയും ശനിയാഴ്ച വൈകിട്ട് 8.30 മുതൽ 9.30 വരെയാണ് ക്ലാസ് സമയം. താത്പര്യമുള്ളവർക്ക് 9446261682 എന്ന വാട്സ്ആപ്പ് നമ്പറിൽ പേര്, വീട്ടുപേര്, ഇടവക, രൂപത, ഇമെയിൽ അഡ്രസ്സ് എന്നിവ രജിസ്റ്റർ ചെയ്യാവുന്നതാണ്. കോഴ്സ് സൗജന്യമാണ്. പങ്കെടുക്കുന്നവർക്ക് സംശയങ്ങൾ ചോദിക്കാനുള്ള അവസരവും ഉണ്ടാകുന്നതാണ്.

വിശുദ്ധ കുർബാനയെ ആഴത്തിൽ അറിയാനും മനസ്സിലാക്കാനുമുള്ള അവസരമാക്കി ഈ കോഴ്സിനെ മാറ്റാൻ എല്ലാവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

ഈ ക്ലാസിന് വേണ്ടി എല്ലാ സാങ്കേതിക സഹായങ്ങളും ചെയ്തു തരുന്ന പി. എം.ഒ.സി ഡയറക്ടർ ഡോ. ജോസഫ് കളരിക്കൽ, ഡോ. കുര്യൻ പുരമഠത്തിൽ, റിജോ കൂത്രപ്പള്ളി, ജോബി തെക്കേക്കര എന്നിവർക്ക് പ്രത്യേകം നന്ദി പറയുന്നു.

## മാർ കരിയാറ്റിൽ സുറിയാനി അക്കാദമി

നമ്മുടെ ആരാധനാ ഭാഷയായ സുറിയാനിയെ അറിയാനും സ്നേഹിക്കാനും സുറിയാനിതക്സ, ഗീതങ്ങൾ തുടങ്ങിയവ പരിചയപ്പെടാനും ലിറ്റർജി കമ്മീഷന്റെ



നേതൃത്വത്തിൽ മാർ കരിയാറ്റിൽ അക്കാദമി ആരംഭിച്ചു. പതിനെട്ടാം നൂറ്റാണ്ടിൽ നസ്രാണി സഭയുടെ സ്വാതന്ത്ര്യത്തിനും പൈതൃക സംരക്ഷണത്തിനും വേണ്ടി പടപൊരുതുകയും സ്വജീവിതം സമർപ്പിക്കുകയും ചെയ്ത കരിയാറ്റിൽ മാർ യൗസേപ്പ് മെത്രാപ്പൊലീത്തയുടെ അനുസ്മരണാർത്ഥമാണ് ഈ അക്കാദമി ആരംഭിച്ചിരിക്കുന്നത്.

മാർ കരിയാറ്റിൽ സുറിയാനി അക്കാദമിയുടെ ഉദ്ഘാടനം മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി വീഡിയോ കോൺഫറൻസിലൂടെ സെപ്റ്റംബർ 22ന് രാവിലെ 10.45 ന് ഉദ്ഘാടനം ചെയ്തു. നമ്മുടെ ആരാധനാ ഭാഷയായ സുറിയാനിയിൽ ഉറഞ്ഞു കിടക്കുന്ന ആദ്ധ്യാത്മികതയെ പുറത്തുകൊണ്ടുവരണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. നൂറ്റാണ്ടുകൾ പഴക്കമുള്ള ആരാധനക്രമ പാരമ്പര്യം ഉള്ളതാണ് സീറോ മലബാർ സഭ എന്ന് അദ്ദേഹം സൂചിപ്പിച്ചു. നമ്മുടെ ആരാധനക്രമ ഭാഷയോട് സ്നേഹം ഉണ്ടായിരിക്കേണ്ടതിന്റെ പ്രാധാന്യം അദ്ദേഹം വ്യക്ത മാക്കി. താമരശ്ശേരി രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മേജർ ആർച്ച് ബിഷപ്പിനെ സ്വാഗതം ചെയ്തു. രണ്ടാം വത്തിക്കാൻ കൗൺ സിൽ പ്രമാണരേഖകളും മറ്റ് സഭാ പ്രബോധനങ്ങളും ആരാധനക്രമത്തിൽ മാതൃഭാഷയുടെ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ആരാധനാ ഭാഷയുടെ പ്രാധാന്യം മുറുകെപ്പിടിക്കുന്നുണ്ടെന്നും അദ്ദേഹം ഓർമിപ്പിച്ചു. താമരശ്ശേരി രൂപത വിശ്വാസ പരിശീലന ഡയറക്ടർ ഫാ. ജോൺ പള്ളിക്കാവയലിൽ പ്രാർത്ഥന നയിക്കുകയും ലിറ്റർജി കമ്മീഷൻ കൺവീനർ ഫാ. ജോസഫ് കളത്തിൽ നന്ദി പറയുകയും ചെയ്തു. ആദ്യഘട്ടമെന്ന നിലയിൽ രൂപതയിലെ വൈദികർക്കുള്ള സുറിയാനി ക്ലാസിന് ഡോ. മാത്യു കുളത്തിങ്കൽ നേതൃത്വം നൽകി.

എല്ലാ മാസത്തെയും ഒന്നാമത്തെയും മൂന്നാമത്തെയും ചൊവ്വാഴ്ചയാണ് ക്ലാസ് നടത്താൻ ഉദ്ദേശിക്കുന്നത്. താമരശ്ശേരി മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിൽ വെച്ചാണ് ക്ലാസ്സുകൾ നടത്തുന്നത്. ആദ്യ ക്ലാസ് സെപ്റ്റംബർ 22ന് നടത്തി. താത്പര്യമുള്ള അച്ചൻമാർ 9495479045 എന്ന നമ്പറിൽ പേര് രജിസ്റ്റർ ചെയ്യുമല്ലോ.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ





# മാതൃവേദി

### ആദരാഞ്ജലികൾ

മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ ആകസ്മിക നിര്യാണത്തിൽ സീറോ മലബാർ മാതൃവേദി താമരശ്ശേരി രൂപതയുടെ ആദരാഞ്ജലികൾ. അഭിവന്ദ്യ പിതാവ് താമരശ്ശേരി രൂപതയ്ക്കും കത്തോലിക്കാ സഭയ്ക്കും നൽകിയ ശുശ്രൂഷകൾ നന്ദിയോടെ ഈ അവസരത്തിൽ ഓർക്കുകയാണ്.

### സ്വാഗതം

താമരശ്ശേരി രൂപത മാതൃവേദിയുടെ പുതിയ അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. തോമസ് മലപ്രവനാലിനെയും, ഫാ. ജോസഫ് ചിറത്തലക്കലിനെയും പുതിയ മേഖല ഡയറക്ടർമാരായ തോട്ടുമുക്കം: ഫാ. ജോർജ് വരിക്കാശ്ശേരി, കോടഞ്ചേരി: ഫാ. മാത്യു തിട്ടയിൽ, തിരുവമ്പാടി : ഫാ. ഡൊമിനിക് മുട്ടത്തുകുടിയിൽ, മരുതോങ്കര: ഫാ. ജോൺ മൂലയിൽ, മലപ്പുറം: ഫാ. വർഗ്ഗീസ് കളത്തൂർ എന്നിവരെയും രൂപത കമ്മിറ്റി സ്വാഗതം ചെയ്യുകയും അച്ചന്മാരുടെ ഭാവി പ്രവർത്തനങ്ങൾക്ക് ആശംസകൾ നേരുകയും ചെയ്തു.

മേഖലഡയറക്ടർമാരുടെ മീറ്റിംഗ് സെപ്റ്റംബർ രണ്ടാം തീയതി ഗൂഗിൾ മീറ്റിലൂടെ നടന്നു. മാതൃവേദിയുടെ കോവിഡ്കാല ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായി ചർച്ച ചെയ്ത യോഗത്തിൽ മേഖലാ ഡയറക്ടർമാർ അവരുടെമേഖലകളിലെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും സാഹചര്യങ്ങളെക്കുറിച്ചു ചർച്ച നടത്തുകയും ചെയ്തു. മേഖല ഡയറക്ടർമാരോടൊപ്പം രൂപത ഡയറക്ടർ, രൂപത ആനിമേറ്റർ സി. ഫിലോ SABS, പ്രസിഡന്റ് ദീപ റെജി എന്നിവർ യോഗത്തിൽ പങ്കെടുത്തു.

### മേഖല ആനിമേറ്റേഴ്സ്, മേഖല പ്രസിഡന്റ്സ് മീറ്റ്

മേഖല ആനിമേറ്റേഴ്സിന്റെയും, മേഖലാ പ്രസിഡന്റുമാരുടെയും സംയുക്തയോഗം ഗൂഗിൾ മീറ്റിലൂടെ സെപ്റ്റംബർ മൂന്നാം തീയതി ചേർന്നു. രൂപത ആനിമേറ്റർ സി. ഫിലോ സ്വാഗതമാശംസിച്ചു. സെപ്റ്റംബർ മാസത്തെ പ്രവർത്തനങ്ങളെക്കുറിച്ച് ഡയറക്ടർ സംസാരിച്ചു. അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. തോമസ് മലപ്രവനാലും ഫാ. ജോസഫ് ചിറത്തലക്കലും സംസാരിച്ചു. മേഖലകളിലെ പ്രവർത്തനങ്ങൾ, അതോടൊപ്പം തന്നെ രൂപതയിലെ പ്രവർത്തനങ്ങളും ഏകോപിച്ച് എങ്ങനെ മുന്നോട്ടുകൊണ്ടു പോകാം എന്നതിനെക്കുറിച്ചാണ് യോഗത്തിൽ ചർച്ച ചെയ്തത്. എട്ടുനോമ്പാചരണം, അഖണ്ഡ ജപമാല. അമ്മമാർക്കായുള്ള സെമിനാറുകൾ എന്നിവയെകുറിച്ച് യോഗം ചർച്ച ചെയ്തു. രൂപതാ പ്രസിഡണ്ട് ദീപ റെജി, സെക്രട്ടറി ഷാനി സണ്ണി എന്നിവർ നേതൃത്വം നൽകി.

മാതൃവേദിയുടെ സഹമധ്യസ്ഥയായ വിശുദ്ധ മോണിക്കയുടെ തിരുനാൾ ആഗസ്റ്റ് 27 ന് അമ്മമാർ പ്രാർത്ഥനാപൂർവ്വം ആചരിച്ചു. തിരുവോണദിനത്തിൽ SMM ജനറൽബോഡി വാട്സാപ്പ് ഗ്രൂപ്പിലൂടെ ഭാരവാഹികൾക്കായി രസകരമായ ചെറിയ മത്സരങ്ങൾ ഓൺലൈനായി സംഘടിപ്പിച്ചു.

### എട്ടുനോമ്പ്

പരിശുദ്ധ അമ്മയുടെ ജനന തിരുനാളിന് ഒരുക്കമായി രൂപതാ സമിതിയുടെ നേതൃത്വത്തിൽ വ്യത്യസ്ത പരിപാടികൾ സംഘടിപ്പിച്ചു. അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ സന്ദേശത്തോടു കൂടിയായിരുന്നു എട്ടുനോമ്പാചരണങ്ങളുടെ തുടക്കം. നോമ്പിന്റെ ചരിത്രത്തെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചുള്ള ഒരു ലഘു കുറിപ്പ് വാട്സാപ്പ് ഗ്രൂപ്പുകളിലൂടെ എല്ലാ അമ്മമാരിലേക്കും എത്തിച്ചു. അമ്മമാർ എട്ടു ദിവസവും നോമ്പെടുക്കുകയും സാധിക്കുന്നിടത്തോളം പേർ എല്ലാ ദിവസവും ഒരു നേരത്തെയെങ്കിലും ഭക്ഷണം ഉപേക്ഷിച്ച് ഉപവാസം അനുഷ്ഠിക്കുകയും ചെയ്തു. സെപ്റ്റംബർ 4 വെള്ളി ഉപവാസ ദിനമായി സഭയോട് ചേർന്ന് ആചരിച്ചു. ജനനതിരുനാളിന് ഒരുക്കമായി ആറാം തീയതി വൈകുന്നേരം 7 മണി മുതൽ ഏഴാം തീയതി വൈകുന്നേരം 7 മണി വരെ നീളുന്ന 24 മണിക്കൂർ അഖണ്ഡ ജപമാല മേഖലാ സമിതികളുടെ നേതൃത്വത്തിൽ നടത്തി. 48 അമ്മമാർ അടങ്ങുന്ന 17 വാട്സാപ്പ് ഗ്രൂപ്പുകളിലൂടെ ആണ് അഖണ്ഡ ജപമാല സമർപ്പണം നടന്നത്. യൂണിറ്റുകളിൽ അവരവരുടേതായ സൗകര്യങ്ങളിൽ എട്ടുനോമ്പാചരണവും അതുപോലെ തന്നെ എട്ടാം തീയതിയിലെ മാതൃദിനവും വളരെ മനോഹരമായി അമ്മമാർ ക്രമീകരിച്ചു. അമ്മമാർക്ക് വേണ്ടി പ്രത്യേകം വിശുദ്ധകുർബാനയും അംഗത്വസ്വീകരണവും അംഗത്വ നവീകരണ പ്രാർത്ഥനയും വിവിധ ദേവാലയങ്ങളിൽ നടന്നു. എട്ടാം തീയതി വൈകുന്നേരം രൂപതയിലെ കുടുംബങ്ങളിൽ സന്ധ്യാ പ്രാർത്ഥനയ്ക്ക് ശേഷം പരിശുദ്ധ അമ്മയുടെ തിരുസ്വരൂപത്തിനു മുമ്പിൽ മെഴുകുതിരി കത്തിച്ചു പിടിച്ച് നവീകരണ പ്രാർത്ഥന അമ്മമാർ ചൊല്ലി അംഗത്വനവീകരണം നടത്തി.

### യൂട്യൂബ് ചാനൽ

താമരശ്ശേരി രൂപത മാതൃ വേദിയുടെ യൂട്യൂബ് ചാനൽ ആയ 'മരിയ മീഡിയ' സെപ്റ്റംബർ ഒന്നാം തീയതി പ്രവർത്തനമാരംഭിച്ചു. രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ സന്ദേശത്തോടു കൂടിയാണ് മരിയ മീഡിയ ആരംഭിച്ചത്.

### മരിയൻ ക്വിസ്

താമരശ്ശേരി രൂപതയിലെ അമ്മമാർക്കായി രൂപത മാതൃവേദി നടത്തുന്ന ഓൺലൈൻ മരിയൻ ക്വിസ് ആദ്യഘട്ട മത്സരം സെപ്റ്റംബർ 12 ശനിയാഴ്ച ഉച്ചയ്ക്ക് നടന്നു. 121 അമ്മമാരാണ് ഈ ഓൺലൈൻ ക്വിസ് മത്സരത്തിൽ പങ്കെടുത്തത്.



അവരിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട ഏറ്റവും കൂടുതൽ മാർക്ക് നേടിയ 24 പേർ രണ്ടാം റൗണ്ടിലേക്ക് സെലക്ട് ചെയ്യപ്പെട്ടു. രണ്ടാം റൗണ്ട് മത്സരങ്ങൾ ഒക്ടോബർ 10 ന് നടത്തുന്നതാണ്.

അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ ശവസംസ്കാര ശുശ്രൂഷയോടനുബന്ധിച്ച് നടന്ന അനുശോചന യോഗത്തിൽ താമരശ്ശേരി രൂപത മാതൃവേദിയെ പ്രതിനിധീകരിച്ച് രൂപത പ്രസിഡന്റ് ശ്രീമതി ദീപറെജി അനുശോചന സന്ദേശം അറിയിച്ചു.

### എക്സിക്യൂട്ടീവ് മീറ്റിംഗ്

രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് ഓഗസ്റ്റ് 29, 30 തിയ്യതികളിലായി ഗൂഗിൾ മീറ്റിലൂടെ നടന്നു. സെപ്റ്റംബർ മാസത്തിലെ പ്രവർത്തനങ്ങളെക്കുറിച്ച് ആണ് മീറ്റിംഗ് ചർച്ചചെയ്തത്. വിവിധ മേഖലകളിൽ നിന്നുമുള്ള രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ പ്രസ്തുത മീറ്റിംഗിൽ പങ്കെടുത്തു.

### മേഖല എക്സിക്യൂട്ടീവുകൾ

പെരിന്തൽമണ്ണ മേഖല എക്സിക്യൂട്ടീവ് ജൂലൈ 31ന് ഗൂഗിൾ മീറ്റ് വഴിയായി നടത്തി. ഡയറക്ടർ ഫാ. തോമസ് മലപ്രവനാൽ, മേഖലാ ആനിമേറ്റർ, മേഖലാ ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

തോട്ടുമുക്കം മേഖലാ സംഗമം സെപ്തംബർ അഞ്ചാം തീയതി ഫാ. ജോർജ് വരിക്കാശ്ശേരിയുടെ നേതൃത്വത്തിൽ നടന്നു. വിവിധ ഇടവകകളിൽ നിന്നുള്ള മേഖല എക്സിക്യൂട്ടീവ് അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു. മേഖലയിൽ നടക്കാൻ പോകുന്ന കവിതാരചനാ മത്സരത്തെക്കുറിച്ച് യോഗത്തിൽ ചർച്ച ചെയ്തു.

**ഫാ. ജേക്കബ് കപ്പലുമാക്കൽ**
ഡയറക്ടർ, മാതൃവേദി

## മദ്യവിരുദ്ധ സമിതി

### മാർ പോൾ ചിറ്റിലപ്പിള്ളി പിതാവും മദ്യവിരുദ്ധസമിതിയും

താമരശ്ശേരി രൂപതയിലെ മദ്യവിരുദ്ധ പ്രസ്ഥാനത്തിന്റെ ചരിത്രം മാർ പോൾ ചിറ്റിലപ്പിള്ളി പിതാവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. മദ്യവിരുദ്ധ പ്രസ്ഥാനത്തിന് സമൂഹത്തിൽ വലിയ സ്വാധീനം ചെലുത്താൻ കഴിയുന്നുണ്ടെന്നു മനസ്സിലാക്കിയ പിതാവ് താമരശ്ശേരി രൂപതയിലും കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റ് ആരംഭിക്കുന്നതിന് തീരുമാനിക്കുക



യായിരുന്നു. മദ്യവിരുദ്ധപ്രസ്ഥാന രംഗത്ത് ശക്തമായ സാന്നിധ്യമായിരുന്ന ബഹു. ചാണ്ടി കുരിശുംമൂട്ടിൽ അച്ചന്റെ നേതൃത്വത്തിൽ 2001 സെപ്റ്റംബർ മാസത്തിൽ താമരശ്ശേരി രൂപതയിൽ മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തനം അഭിവന്ദ്യ പിതാവ് ആരംഭിച്ചു.

ഓരോ ഇടവകയിലും മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റ് ആരംഭിച്ച് മദ്യം എന്ന സാമൂഹ്യ ദുരന്തത്തിന് എതിരെ അതിശക്തമായി പ്രവർത്തിക്കണമെന്ന് പിതാവ് ആഹ്വാനം ചെയ്തു.

കുട്ടികളുടെ ഇടയിലെ ലഹരി വ്യാപനം നിയന്ത്രിക്കുക, ലഹരി കൊണ്ടുണ്ടാകുന്ന ദുരന്തങ്ങളെകുറിച്ച് അവരെ ബോധവാന്മാരാക്കുക, അവരെ മികച്ച വ്യക്തിത്വമുള്ളവരാക്കി മാറ്റുക എന്നീ ലക്ഷ്യങ്ങളുമായാണ് താമരശ്ശേരി കോർപ്പറേറ്റിനു കീഴിലുള്ള എല്ലാ വിദ്യാലയങ്ങളിലും വ്യക്തിത്വ വികസന ക്ലബ്ബുകൾ ആരംഭിച്ചത്. ഇന്ന് സ്കൂളുകളിലെ മികച്ച ക്ലബ്ബുകളിൽ ഒന്നായി വ്യക്തിത്വ വികസന ക്ലബ് പ്രവർത്തിക്കുന്നു. അഭിവന്ദ്യ പിതാവിന്റെ ഓർമ്മകൾക്കു മുമ്പിൽ കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെ പ്രണാമം.

### സ്വാഗതം

കെ.സി.ബി.സി മദ്യവിരുദ്ധ സമിതി താമരശ്ശേരി രൂപതയുടെ അസിസ്റ്റന്റ് ഡയറക്ടർ ആയ ഫാ. ജോസഫ് കളപ്പുരയ്ക്കലിനെ രൂപത കമ്മിറ്റി സ്വാഗതം ചെയ്യുകയും അച്ചന്റെ പ്രവർത്തനങ്ങൾക്ക് ആശംസകൾ നേരുകയും ചെയ്തു.

### പ്രസംഗ മത്സരം: വിജയികളെ പ്രഖ്യാപിച്ചു

കെസിബിസി മദ്യവിരുദ്ധ സമിതി താമരശ്ശേരി രൂപത കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് താമരശ്ശേരിരൂപതയിലെ മുതിർന്നവർക്ക് ആയി സംഘടിപ്പിച്ച പ്രസംഗ മത്സരത്തിന്റെ വിജയികളെ പ്രഖ്യാപിച്ചു. 'ലഹരിയിൽ നിന്ന് സ്വാതന്ത്ര്യത്തിലേക്ക്' എന്ന വിഷയം ആസ്പദമാക്കി നടത്തിയ മത്സരത്തിൽ താമരശ്ശേരി, തലശ്ശേരി രൂപതകളിൽ നിന്ന് നിരവധി പേർ മത്സരങ്ങളിൽ പങ്കെടുത്തു.

**ഒന്നാം സ്ഥാനം**

ആൽബിൻ ബാബു മേക്കാട്ട്, വേനപ്പാറ

**രണ്ടാം സ്ഥാനം**

സാന്ദ്ര ബെന്നി കാരിമറ്റത്തിൽ, ചക്കിട്ടപാറ

**മൂന്നാം സ്ഥാനം**

ജിനി സിജോ ചിരാംകുന്നേൽ, കുന്നോത്ത്, തലശ്ശേരി
ജാസ്മിൻ സിജോ വളയത്ത്, ചക്കിട്ടപാറ

**പ്രോത്സാഹന സമ്മാനം**

റെജി സെബാസ്റ്റ്യൻ ചിറയിൽ, വലിയകൊല്ലി



കെസിബിസി മദ്യവിരുദ്ധ സമിതി താമരശ്ശേരി രൂപത പ്രസിഡന്റ് കുര്യൻ ചെമ്പനാനി, ആനിമേറ്റർ സിസ്റ്റർ ആഗ്നസ്, രാജൻ ഉറുമ്പിൽ, ജോളി ഉണ്ണിയെപ്പിള്ളിൽ തുടങ്ങിയവർ നേതൃത്വം കൊടുത്തു.

**ഫാ. ജേക്കബ് കപ്പലുമാക്കൽ**
ഡയറക്ടർ, മദ്യവിരുദ്ധ സമിതി

## കുടുംബകൂട്ടായ്മ

### സ്വാഗതം

താമരശ്ശേരി രൂപത കുടുംബകൂട്ടായ്മയുടെ പുതിയ അസി. ഡയറക്ടർമാരായ ഫാ. സെബാസ്റ്റ്യൻ പാട്ടശ്ശേരി, ഫാ. മാത്യു കോട്ടക്കൽ എന്നിവർക്ക് ഹൃദ്യമായ സ്വാഗതം.

### ഇടയനോടൊപ്പം ഇടവക

രൂപത കുടുംബ കൂട്ടായ്മയുടെ നേതൃത്വത്തിൽ ഇടയനോടൊപ്പം ഇടവക എന്ന ഓൺ ലൈൻ പ്രോഗ്രാം അവതരിപ്പിക്കുന്നു. കോവിഡ് കാലത്തെ സാമൂഹിക അകലങ്ങളിലും സൗഹൃദം ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പഠനവും, പങ്കുവയ്ക്കലും, സൗഹൃദവും നിറഞ്ഞ ഈ പരിപാടി ഗൂഗിൾ മീറ്റു വഴിയാണ് സംഘടിപ്പിക്കുന്നത്.

നൂറ് കുടുംബങ്ങളിൽ കുറഞ്ഞ ഇടവകകളിൽ മുഴുവൻ കുടുംബങ്ങളും, അതിനു മുകളിലുള്ള ഇടവകകളിൽ കുടുംബ യൂണിറ്റു ഭാരവാഹികളും പങ്കെടുക്കും. അഭിവന്ദ്യ പിതാവ് നേതൃത്വം കൊടുക്കുന്ന പരിപാടിയിൽ ബഹു. വികാരിയച്ചൻമാരും പങ്കെടുക്കുന്നതാണ്. കോവിഡ് കാലത്തെ പ്രതിസന്ധികൾക്കിടയിലും ഓരോ ഇടവകയിലെയും കുടുംബ കൂട്ടായ്മകളെ ശാക്തീകരിക്കുകയും സജീവമാക്കുകയും ചെയ്യുന്ന പദ്ധതിയുടെ ഉദ്ഘാടനം കരികണ്ടൻപാറ ഇടവകയിൽ നടത്തി.

### നേതൃസംഗമം നടത്തി

രൂപത കുടുംബ കൂട്ടായ്മ നേതൃസംഗമം ഗൂഗിൾ മീറ്റു വഴി നടത്തി. ദിവംഗതനായ അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിനെ യോഗം പ്രത്യേകം അനുസ്മരിച്ചു. പുതിയ അസി. ഡയറക്ടർമാരായ ഫാ. സെബാസ്റ്റ്യൻ പാട്ടശ്ശേരി, ഫാ. മാത്യു കോട്ടക്കൽ എന്നിവരെ സ്വാഗതം ചെയ്തു.

കോവിഡ് കാലത്തിനനുസരിച്ച് ഇടവക, രൂപത തലത്തിൽ കുടുംബ കൂട്ടായ്മ നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ചും അതിജീവന മാർഗ്ഗങ്ങളെ





കുറിച്ചും, 'ഇടയനോടൊപ്പം ഇടവക' എന്ന ഓൺലൈൻ പദ്ധതിയുടെ വിശദമായ രൂപരേഖയും യോഗം ചർച്ച ചെയ്തു. രൂപത പ്രസിഡന്റ് തോമസ് വലിയപറമ്പൻ അധ്യക്ഷത വഹിച്ച യോഗം രൂപത ഡയറക്ടർ ഉദ്ഘാടനം ചെയ്തു. രൂപത സെക്രട്ടറി സണ്ണി കൂഴമ്പാല, ട്രഷറർ ജോസ് കുഴമ്പിൽ എന്നിവർ പ്രസംഗിച്ചു.

**ഫാ. ജേക്കബ് കപ്പലുമാക്കൽ**
ഡയറക്ടർ, കുടുംബകൂട്ടായ്മ

# അൽഫോൻസ കോളേജ് തിരുവമ്പാടി

### ഇംഗ്ലീഷ് ബിരുദാനന്തര ബിരുദ വിഭാഗം

അൽഫോൻസ കോളേജിൽ M A English ആരംഭിക്കുന്നതിന് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെയും കേരള ഗവൺമെന്റിന്റെയും അംഗീകാരം ലഭിച്ചു. ഈ വർഷത്തേക്കുള്ള അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി. UG/PG കോഴ്സുകളിലേക്ക് ചേരുന്നതിനായി കുട്ടികളെ സ്വാഗതം ചെയ്യുന്നു.

**ഹിരോഷിമ ദിനം :** ഓഗസ്റ്റ് 6-ാം തിയ്യതി ഹിരോഷിമ ദിനത്തോടനുബന്ധിച്ച് രണ്ടാം വർഷ വിദ്യാർത്ഥി അർജുൻ ജെയിൻ അവതരിപ്പിച്ച പ്രസംഗവും, 3-ാം വർഷ ബി. എ ഇംഗ്ലീഷ് വിദ്യാർത്ഥിനി ഹെൽന കാതറിൻ നിർമ്മിച്ച വീഡിയോയും കോളേജ് യൂടൂബ് ചാനലിൽ അപ്‌ലോഡ് ചെയ്തു.

**ഏകദിന ഓൺലൈൻ വർക്ഷോപ്പ് :** 'പ്രോ ഡിഫ്രന്റ്ലി ഏബിൽഡ് ക്ലബി'ന്റെ നേതൃത്വത്തിൽ നടത്തിയ വർക്ഷോപ്പിൽ പെയിൻ ആൻഡ് പാലിയേറ്റീവ്, ഭിന്നശേഷി എന്നി മേഖലകളിൽ പ്രവർത്തിക്കുന്ന സാമൂഹിക പ്രവർത്തകൻ ശ്രീ. പ്രകാശ് മാത്യു വർക്ഷോപ്പിന് നേതൃത്വം നൽകി. പ്രിൻസിപ്പൽ ഡോ. ചാക്കോ കെ. വി ഉദ്ഘാടനം ചെയ്തു. 'മൈൻഡ്' എന്ന സംഘടനയുടെ ഓർഗനൈസറും കേരള ഗവൺമെന്റ് യൂത്ത് ഐക്കൺ അവാർഡ് ജേതാവുമായ ശ്രീ. കൃഷണകുമാർ കുട്ടികളോട് സംവദിച്ചു.

**ഡിബേറ്റ് ക്ലബ് :** ഓഗസ്റ്റ് മാസം പത്താം തിയ്യതി കോളേജ് 'ഡിബേറ്റ് ക്ലബി'ന്റെ വെർച്ചൽ ഉദ്ഘാടനം നടത്തി. ഓഗസ്റ്റ് 19 ന് 'E I A', ഓഗസ്റ്റ് 20 ന് 'N E P', ഓഗസ്റ്റ് 21 ന് 'സ്ത്രീ സമത്വം', സെപ്റ്റംബർ 17 ന് 'പ്രണയവും ആത്മഹത്യയും' എന്നീ വിഷയങ്ങളെ അധികരിച്ച് വാട്സാപ്പ് ഗ്രൂപ്പിലൂടെ ഡിബേറ്റുകൾ നടന്നു.



**ജലം അമൂല്യം :** വാട്ടർ മാനേജ്മെന്റ് ക്ലബിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി പോസ്റ്റർ നിർമ്മാണ മത്സരവും, 24-ാം തിയ്യതി പവർപോയിന്റ് പ്രസന്റേഷനും നടത്തി. അമൂല്യമായ ജലം സംരക്ഷിക്കപ്പെടേണ്ടതിന്റ അവശ്യകത കുട്ടികൾക്ക് ബോധ്യപ്പെടുത്തുന്നതായിരുന്നു പ്രസ്തുത പരിപാടികൾ.

**കാർട്ടൂൺ വർക്ഷോപ്പ് :** സ്കിൽ ഡവലപ്മെന്റ് ക്ലബിന്റെ ആഭിമുഖ്യത്തിൽ 'മിനർവ 2020' എന്ന പേരിൽ ശ്രീ. പോൾ കല്ലാനോട് നയിച്ച കാർട്ടൂൺ വർക്ഷോപ്പ് കുട്ടിൾക്ക് പ്രയോജനപ്രദമായി. ആശയ വിനിമയത്തിനുള്ള ഏറ്റവും ഫലപ്രദമായ മാധ്യമമായി കാർട്ടൂൺ പ്രയോഗി ക്കാമെന്ന് ശ്രീ. പോൾ കല്ലാനോട് കുട്ടികളെ ബോധ്യപ്പെടുത്തി.

ഓഗസ്റ്റ് 27-ാം തിയ്യതി സൈക്കോളജി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ റിസർച്ച് മെത്തഡോളജിയെ കുറിച്ച് ഓൺലൈൻ വർക്ഷോപ്പ് നടത്തി. തൃശൂർ പ്രജ്യോതി നികേതൻ കോളേജിലെ അസി. പ്രൊഫസർ ഡോ. ലിജോ കെ. ജോയി വർക്ഷോപ്പ് നയിച്ചു.

**സ്വാതന്ത്ര്യദിന ക്വിസ് :** കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 16-ാം തിയ്യതി കോളേജിലെ വിദ്യാർത്ഥികൾക്കും പൊതുജനത്തിനുമായി സ്വാതന്ത്ര്യ ദിന ക്വിസ് നടത്തി. 700 ഓളം പേർ പങ്കെടുത്തു.

**ഹരിത കേരള മിഷൻ :** സംസ്ഥാന ഗവൺമെന്റിന്റെ 'ഹരിത കേരളമിഷ'ന്റെ ഭാഗമായി കോളേജിലെ 'ഗ്രീൻ ക്ലബി'ന്റെ നേതൃത്വത്തിൽ കോളേജ് ക്യാമ്പസിൽ വൃക്ഷതൈകൾ നടുകയും, കൃഷി, ജലസംരക്ഷണം, ശുചിത്വം എന്നിവയെക്കുറിച്ച് ബോധവൽകരണം നടത്തുകയും ചെയ്തു.

'കോളേജ് യൂണിയ'ന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 24-ാം തിയ്യതി 'ഫോട്ടോഗ്രഫി' മത്സരവും, ഓഗസ്റ്റ് 29-ാം തിയ്യതി 'ഫിസിക്കൽ ഏഡ്യുക്കേഷൻ ഡിപ്പാർട്ട് ' മെന്റുമായി ചേർന്ന് 'പുഷ്അപ്പ് ചലൻഞ്ച്' മത്സരവും നടത്തി.

**വെർചൽ ഓണാഘോഷം :** ഓണത്തോടനുബന്ധിച്ച് ഓണത്തനിമ വെളിവാക്കുന്ന വീഡിയോ നിർമാണ മത്സരം ക്ലാസ്സടിസ്ഥാനത്തിൽ നടത്തി. കുട്ടികൾ അവരുടെ വീടുകളിൽതന്നെ ആയിരുന്നുകൊണ്ട് പൂക്കളമിട്ടും, ഓണസദ്യ ഒരുക്കിയും പാട്ടുകൾ പാടിയും, കലാപരിപാടികൾ അവതരിപ്പിച്ചും കോവിഡ് കാലത്തെ ഓണം അവസ്മരണിയമാക്കി.

### വെബിനാറുകൾ സംഘടിപ്പിച്ചു

1. ദേശീയ വിദ്യാഭ്യാസ നയത്തെക്കുറിച്ച് കോളേജിലെ IQAC നടത്തിയ വെബിനാർ, ജെസ്യൂട്ട് എഡ്യൂക്കേഷൻ സൗത്ത് ഏഷ്യയുടെ സെക്രട്ടറി ഡോ. സണ്ണി ജേക്കബ് SJ നയിച്ചു. ഉന്നത വിദ്യാഭ്യസ മേഖലയിൽ പ്രവർത്തിക്കുന്ന 150 ഓളം ആളുകൾ പ്രസ്തുത വെബിനാറിൽ പങ്കെടുത്തു.

2. സൈക്കോളജി ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ആത്മഹത്യ പ്രവണതക്കെതിരെ 'ഗെയ്റ്റ് കീപ്പർ ട്രെയിനിങ്' എന്ന പേരിൽ വെബിനാർ സംഘടിപ്പിച്ചു. ദക്ഷിണേന്ത്യയിലെ 'സൈക്കോളജി സർക്കിൾ' വൈസ് പ്രസിഡണ്ടും, വെമ്പല്ലൂർ MES കോളേജ് അധ്യാപകനുമായ ലത്തീഫ് പേനാത്ത് നേതൃത്വം നൽകി. 90 ഓളം പേർ പങ്കെടുത്തു.

3. Blood Donation Forum ത്തിന്റെയും Anti Drug Cell ന്റെയും സംയുക്ത ആഭിമുഖ്യത്തിൽ അവയവ ദാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും, ലഹരി ഉപയോഗം യുവജനങ്ങളിൽ സൃഷ്ടിക്കുന്ന അരക്ഷിതാവസ്ഥയെകുറിച്ചും ബോധ്യം നൽകുന്ന വെബിനാർ നടത്തി. 'കിഡ്നി ഫെഡറേഷൻ ഓഫ് ഇൻഡ്യ'യുടെ പ്രസിഡന്റും വാഗ്മിയുമായ ഫാ. ഡേവിസ് ചിറമ്മേലാണ് കോളേജ് വിദ്യാർത്ഥികൾക്കായി ക്ലാസ്സെടുത്തത്. 110 ഓളം വിദ്യാർത്ഥികൾ പ്രസ്തുത വെബിനാറിൽ പങ്കെടുത്തു.

**നെയിൽ ആർട്ട് മത്സരം :** വുമൺ ഡവലപ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ കോളേജിലെ പെൺകുട്ടികൾക്കായി 'നെയിൽ ആർട്ട്' മത്സരം നടത്തി. സെപ്റ്റംബർ 9-ാം തിയ്യതി നടന്ന മത്സരത്തിൽ മൂന്നാം വർഷ ബികോം വിദ്യാർത്ഥിനി നീതു സി ഒന്നാം സ്ഥാനം നേടി.

**ജീസസ്സ് യൂത്ത് :** മാസത്തിലൊരിക്കൽ ജീസസ്സ് യൂത്ത് അംഗങ്ങൾ Google Meet വഴി കണ്ടുമുട്ടുകയും പ്രാർത്ഥന കൂട്ടായ്മ നടത്തുകയും ചെയ്യുന്നു. അവരുടെ നേതൃത്വത്തിൽ കാരുണ്യ പ്രവർത്തനങ്ങൾക്കായ് സംഭാവന ശേഖരിച്ച്, ആവശ്യമുള്ളവർക്ക് വിതരണം നടത്തുകയും ചെയ്യുന്നു. കോവിഡ് രോഗ വ്യാപനം കുറയുന്നതിനായ് 'നന്മ നിറഞ്ഞ മറിയം' എന്ന ജപം 1000 തവണ ചൊല്ലുന്ന യജ്ഞം നടത്തി.

**റവ. ഫാ. സ്കറിയ മങ്ങരയിൽ**
മാനേജർ, അൽഫോൻസ കോളേജ്

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

## കൗൺസിലിംഗ്

കോവിഡ്-19 ന്റെ അതിവ്യാപനമായതിനാൽ കൗൺസിലിംഗ് നടത്തുന്നില്ല. വളരെ അത്യാവശ്യഘട്ടത്തിൽ ഓൺലൈൻ വഴി കൗൺസിലിംഗ് നടത്തുന്നു.

## ഡിപ്ലോമ/എംഎസ്സി കോഴ്സുകൾ

കോഴ്സുകളുടെ അഡ്മിഷൻ സെപ്റ്റംബർ 30 വരെ തുടരുന്നു.



### ഓൺലൈൻ ക്ലാസുകൾ

എല്ലാ ബാച്ചുകളുടെയും ഓൺലൈൻ ക്ലാസ്സുകൾ നടക്കുന്നു.

### ഓണം 2020

ഈ വർഷത്തെ ഓണാഘോഷം വേറിട്ട അനുഭവമായിരുന്നു. JPI കുടുംബത്തിന്. പൂക്കളും ഓണസദ്യയും ഇല്ലെങ്കിലും ഓൺലൈൻ ഓണം നിറമുള്ളതും വിഭവസമൃദ്ധവുമായിരുന്നു. നിറമില്ലാത്ത കണ്ണുകൾ കൊണ്ട് മനുഷ്യനെ നോക്കി കാണാൻ ഓർമ്മിപ്പിച്ചു ഡയറക്ടർ കുര്യനച്ചൻ.

സ്വാമി ആദ്ധ്യാത്മാനന്ദ സരസ്വതിയുടെ പ്രഭാഷണത്തിൽ ചവിട്ടിതാഴ്ത്തപ്പെട്ട മഹാബലിയെ അല്ല, ദേവേന്ദ്രനോളം ഉയർത്തപ്പെട്ട ബലിചക്രവർത്തിയെയാണ് അവതരിപ്പിച്ചത്. നിറത്തിലും വിദ്യാഭ്യാസത്തിലും വ്യത്യാസമില്ലാതെ മനുഷ്യൻ ഒരു മഹാമാരിയുടെ മുമ്പിൽ നിസ്സഹായനാവുമ്പോൾ എങ്ങനെ ജീവിതത്തിന്റെ അർത്ഥം കണ്ടെത്താമെന്ന് ശാന്തിയച്ചൻ പഠിപ്പിച്ചു. ആന്റണിയച്ചന്റെ ജിങ്കജിങ്ക... ഓണപ്പാട്ട് ആഘോഷത്തിന് ഉന്മേഷവും സി.എം.സി. സിസ്റ്റേഴ്സിന്റെയും സി. ജോസ്മിയുടെയും ഓണപ്പാട്ടുകൾ ആഘോഷത്തിന് നിറപ്പകിട്ടും നല്കി. മിസ്റ്റർ ശശീധരനും മിസ്റ്റർ തുളസീധരനും ആശംസകളും അഡ്മിനിസ്റ്റേറ്റർ ശാലിനി നന്ദിയും പറഞ്ഞു.

### മാർ പോൾ ചിറ്റിലപ്പിള്ളിക്ക് ആദരാഞ്ജലി

വിദ്യാർത്ഥികൾ ഒന്നുചേർന്ന് ഓൺലൈൻ വഴി പിതാവിന് ആദരാഞ്ജലികൾ അർപ്പിച്ചു.

**ഫാ. കുര്യൻ പുരമഠത്തിൽ**

ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

---

## ആൽഫ മരിയ അക്കാദമി

### ഉന്നത വിജയം

തിരുവമ്പാടി: കേരള പി.എസ്.സി 2020 ഫെബ്രുവരിയിൽ നടത്തിയ കേരള അഡ്മിനിട്രേറ്റീവ് സർവ്വീസിലേക്കുള്ള പ്രിലിമിനറി പരീക്ഷയിൽ ആൽഫ മരിയ അക്കാദമിയിൽ നിന്നും പരിശീലനം നേടിയ രാജേഷ് തോമസിന് മെയിൻ പരീക്ഷയ്ക്കുള്ള സെലക്ഷൻ ലഭിച്ചു. രാജേഷിന് അഭിനന്ദനങ്ങൾ.

### ആൽഫ മരിയ അക്കാദമിയുടെ ഓൺ ലൈൻ ക്ലാസുകൾ

താമരശ്ശേരി രൂപതയുടെ കീഴിലുള്ള ആൽഫ മരിയ അക്കാദമിയുടെ തിരുവ



മ്പാടി സെന്ററിൽ 2020-2021 ലെ താഴെ പറയുന്ന കോഴ്സുകളുടെ ഓൺ ലൈൻ ക്ലാസുകൾ നടക്കുന്നു. പ്ലസ് വൺ, പ്ലസ് ടു (എൻട്രൻസ് പരിശീലനവും ട്യൂഷനും), സിവിൽ സർവ്വീസ് ഓറിയന്റസ് ഫൗണ്ടേഷൻ കോഴ്സ് (6 മുതൽ 10-ാം ക്ലാസ് വരെ), പി.എസ്.സി നേഴ്സിംഗ്.

### പി.എസ്.സി പരിശീലനം

2020 ഒക്ടോബർ 15-ാം തീയതി മുതൽ പി.എസ്.സ് പരീക്ഷകൾക്കുള്ള ഓൺലൈൻ പരിശീലന ബാച്ച് ആൽഫയുടെ തിരുവമ്പാടി സെന്ററിൽ നടക്കുന്നു. എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി കഴിഞ്ഞവർക്ക് പങ്കെടുക്കാം. പരിചയസമ്പന്നരായ അധ്യാപകർ ഓൺലൈൻ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 0495-2252180, 9497567689, 9946865818 നമ്പറുകളിൽ ബന്ധപ്പെടുക.

**ഫാ. ജോസഫ് പുളിച്ചമാക്കൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

# സ്റ്റാർട്ട്

### അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിന് ആദരാഞ്ജലികൾ അർപ്പിച്ചു

അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ അപ്രതീക്ഷിതമായ വേർപാട് നമുക്ക് ഏറെ ദുഃഖത്തിന് കാരണമായല്ലോ. പിതാവിലൂടെ ദൈവം നൽകിയ സർവ്വ അനുഗ്രഹങ്ങൾക്കും നന്ദിപറഞ്ഞുകൊണ്ടും പിതാവിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടും ഡയറക്ടറുടെ കാർമ്മികത്വത്തിൽ സ്റ്റാർട്ടിലെ സ്റ്റാഫംഗങ്ങൾ എല്ലാവരും ചേർന്ന് ദിവ്യബലി അർപ്പിച്ചു. തുടർന്ന് നടന്ന അനുസ്മരണ സമ്മേളനത്തിൽ സ്റ്റാർട്ടിന്റെ നാളിതുവരെയുള്ള വളർ ച്ചയിൽ പിതാവിന്റെ പങ്ക് പ്രത്യേകമായി അനുസ്മരിച്ചു. 2006 ൽ ആരംഭിച്ച സ്റ്റാർട്ടിന് ഒരു പ്രായോഗിക രൂപം നൽകുന്നതിലും അടിത്തറയിടുന്നതിലും പിതാവ് വഹിച്ച പങ്ക് എന്നെന്നും ഓർമ്മിക്കേണ്ടതാണ്. സ്റ്റാർട്ടിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ പിതാവിന് അതീവ ശ്രദ്ധയുണ്ടായിരുന്നു. അവസരം കിട്ടുമ്പോഴൊക്കെ സ്റ്റാർട്ട് സന്ദർശിക്കുന്നതിലും സ്റ്റാഫം ഗങ്ങളോടും കുട്ടികളോടും സംവദിക്കുന്നതിലും പിതാവ് ഏറെ താൽപ്പര്യം കാണിച്ചിരുന്നു. നമ്മുടെ കുട്ടികൾ വളരേണ്ടത് ബൗദ്ധികമായ അറിവിനോടൊപ്പം വിശുദ്ധ കുർബാനയിൽ അധിഷ്ഠിതമായ ആത്മീയതയിലുമാണ് എന്ന ബോധ്യമാണ് സ്റ്റാർട്ടിൽ മദ്ബഹയും ബലിപീഠവും നിർമിച്ചു തരുവാൻ പിതാവിനെ പ്രേരിപ്പിച്ചത്. പിതാവിന്റെ മരണത്തിൽ എല്ലാവരും അനുശോചനം രേഖപ്പെടുത്തി.



## MTC Online Course

സ്റ്റാർട്ടിൽ 14 വർഷമായി നടന്നു വരുന്ന ക്യാമ്പസ്സിൽ താമസിച്ചുള്ളഏകവത്സര ഉന്നതവിദ്യാഭ്യാസ പരിശീലനം കോവിഡ് 19 ന്റെപശ്ചാത്തലത്തിൽ ഈ വർഷം online ആയി ആണല്ലോ നടന്നുവരുന്നത്. പരിശീലനംപ്രതീക്ഷിച്ചതുപോലെതന്നെ നന്നായി മുന്നോട്ടുപോകുന്നുണ്ട്. START Website വഴി ക്ലാസ്സുകളും ഹോംവർക്കുകളും പരീക്ഷകളും നൽകുന്നതോടൊപ്പം കുട്ടികളോടും അവരുടെ മാതാപിതാക്കളോടും നേരിട്ടും സംവദിക്കാറുണ്ട്. സെപ്റ്റംബർ മാസത്തിൽ 3 ബാച്ചുകളായി നടത്തിയ ഗൂഗിൾ മീറ്റിൽ എല്ലാ കുട്ടികളും അവരുടെ മാതാപിതാക്കളും പങ്കെടുക്കുകയും ഇതുവരെയുള്ള ക്ലാസ്സുകളെപ്പറ്റിയും മറ്റു പാഠ്യപാഠ്യേതര വിഷയങ്ങളെപ്പറ്റിയും ചർച്ചചെയ്യുകയും സംശയങ്ങൾക്ക് ഉത്തരം നൽകുകയും ഉചിതമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തു . സ്റ്റാർട്ടിന്റെ സ്ഥാപിത ലക്ഷ്യത്തെപ്പറ്റിയും നാളിതുവരെയുള്ള വളർച്ചയെപ്പറ്റിയുമുള്ള ഡയറക്ടറുടെ വിവരണം കുട്ടികൾക്കുംമാതാപിതാക്കൾക്കും പ്രചോദനമേകി. ഡയറക്ടറോടൊപ്പം എല്ലാ അദ്ധ്യാപകരും പങ്കെടുത്തു.

പ്രസ്തുത ഗൂഗിൾ മീറ്റിൽ അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിനെ പ്രത്യേകം സ്മരിക്കുകയും പിതാവിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. സ്റ്റാർട്ടിനുവേണ്ടി പിതാവ് ചെയ്ത എല്ലാ നന്മകളും സേവനങ്ങളും ഡയറക്ടർ അച്ചൻ പ്രത്യേകം എടുത്തു പറഞ്ഞ് ആദരാഞ്ജലികൾ അർപ്പിച്ചു.

## NIFT, NCHMCT ADMISSION

കോവിഡ് 19 ന്റെപശ്ചാത്തലത്തിലായിരുന്നിട്ടും നമ്മുടെ 4 കുട്ടികൾ NIFT Entrance പരീക്ഷയിലും 2 കുട്ടികൾ NCHMCT നടത്തിയ Hospitality Management പരീക്ഷയിലും ഉന്നത റാങ്ക് വാങ്ങി പ്രവേശനം നേടിയത് ഏറെ സന്തോഷം നൽകുന്നു. ജോസഫ് തോമസ് മുംബൈ NIFT ലും അമൽ ജോസ്, എഫിൻ ജോസ്, ആഗനസ് ജോസഫ് എന്നിവർ കണ്ണൂർ NIFT ലും ജോസ് ജേക്കബ്, അലീന അന്ന ജോസ് എന്നിവർ NCHMCTയുടെ തിരുവനന്തപുരം കോളേജിലും അഡ്മിഷൻ നേടി. അർഹത നേടിയ മറ്റ് കുട്ടികൾ കൗൺസിലിങ്ങിനായി ഒരുങ്ങികൊണ്ടിരിക്കുന്നു. ഉന്നത റാങ്കോടെ പ്രവേശനം നേടിയ അവർക്ക് പ്രത്യേക അഭിനന്ദനങ്ങൾ! മറ്റെല്ലാ സെൻട്രൽ യൂണിവേഴ്സിറ്റികളിലേക്കുമുള്ള പരീക്ഷകൾ വൈകിയാണ് നടക്കുന്നതെങ്കിലും നമ്മുടെ കുട്ടികൾ പരീക്ഷകളിൽ പങ്കെടുക്കുന്നുണ്ട്.

## Mini Master Online Course

ഓഗസ്റ്റ് ഒന്നു മുതൽ ആരംഭിച്ച മിനിമാസ്റ്റർ e-learning Course വിജയകരമായി പുരോഗമിക്കുന്നു. നമ്മുടെ സൺഡേ സ്കൂളിലെ 8, 9, 10, 11, 12 ക്ലാസ്സുകളിലെ നിരവധി കുട്ടികൾ സ്ഥിരോത്സാഹത്തോടെ പങ്കെടുത്ത് പഠിക്കുന്നു. ഗ്രാമറിന് പ്രത്യേക ഊന്നൽ കൊടുത്തുകൊണ്ടുള്ള ഇംഗ്ലീഷുപഠനം, അടിസ്ഥാനഗണിതം, യുക്തിവിചാരം (Logical Reasoning), പൊതുവിജ്ഞാനം, ലക്ഷ്യബോധം, സുവിശേഷ





മൂല്യങ്ങൾ എന്നിങ്ങനെയുള്ള അടിസ്ഥാനവിഷയങ്ങൾ ഉൾപ്പെടുത്തിയതാണ് ഈ പഠനപരിപാടി. MTC e-learning course ന്റെ മാതൃകയിൽ സ്റ്റാർട്ടിന്റെ വെബ്സൈറ്റ് വഴിയും നേരിട്ടും കുട്ടികൾക്ക് ക്ലാസ്സുകൾ, ഹോംവർക്കുകൾ, പരീക്ഷകൾ, മറ്റു മാർഗനിർദ്ദേശങ്ങൾ എന്നിവ നൽകുന്നു. സ്കൂൾ പഠനത്തിനിടയിലും സമയംകണ്ടെത്തി കഠിനാദ്ധ്വാനത്തോടെ പഠിക്കുന്ന കുട്ടികളെ പ്രത്യേകം അഭിനന്ദിക്കുന്നു.

**CUSAT-ൽ രണ്ടാം റാങ്കോടെ ഉന്നതവിജയം നേടി**

സ്റ്റാർട്ടിന്റെ ഏകവത്സര കോഴ്സിന്റെ 14-ാം ബാച്ചിൽ (2019-20) പരിശീലനം പൂർത്തിയാക്കിയ നിവേദ് സെൻ കൊച്ചിൻ യൂണിവേഴ്സി റ്റിയിൽ B Voc Business Process and Data Analytics എന്ന വിഷയത്തിൽ രണ്ടാം റാങ്കോടെ വിജയം നേടി അഡ്മിഷൻ ഉറപ്പാക്കി. വയനാട്ടിൽ കാവുമന്ദം ഇടവകക്കാരനാണ് നിവേദ്. നിവേദിനും മാതാപിതാക്കൾക്കും പരിശീലനം നല്കിയ അദ്ധ്യാപർക്കും അഭിനന്ദനങ്ങൾ!

**ഫാ. ആന്റണി കൊഴുവനാൽ**
ഡയറക്ടർ, സ്റ്റാർട്ട്

# കരിസ്മാറ്റിക് മൂവ്മെന്റ്

**2020 സെപ്റ്റംബർ മാസത്തെ റിപ്പോർട്ട്**

താമരശ്ശേരി സബ്സോൺ ഗൂഗിൾ മീറ്റിലൂടെ ആഗസ്റ്റ് 27 ന് കൂടി. കൂട്ടായ്മയിലെല്ലാം ഫാ. സൈമൺ വള്ളോപ്പിള്ളിയും കോർഡിനേറ്റർ ജോൺസൺ സാറും മറ്റംഗങ്ങളും പങ്കെടുത്തു. സർവ്വീസ് ടീമംഗങ്ങൾ വ്യക്തിപരമായതും, ശുശ്രൂഷാതലങ്ങളും പങ്കുവച്ചു. നൂറാംതോട് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പ്രാർത്ഥനാ ഗ്രൂപ്പ് നടക്കുന്നു, പ്രത്യേക അഭിനന്ദനങ്ങൾ. അന്നേദിവസംതന്നെ മരുതോങ്കര സബ്സോൺ കൂട്ടായ്മയും മീറ്റിലൂടെ കൂടാൻ സാധിച്ചു. സബ്സോൺ ആനിമേറ്റർ ഫാ. ജോർജ്ജ് കളത്തൂർ വചനസന്ദേശം നൽകി. ആഗസ്റ്റ് 28 ന് കോടഞ്ചേരി സബ്സോൺ ആനിമേറ്റർ ഫാ. ആന്റണി ചെന്നിക്കരയുടെ നേതൃത്വത്തിൽ കൂടുകയും, ഭാവി പരിപാടികൾ പ്ലാൻചെയ്യുകയും ചെയ്തു. കെരിഗ്മ മിനിസ്ട്രി ഓഡിയോ കോൾ വഴിയായി ഒന്നുചേർന്ന് ശുശ്രൂഷകൾ വിലയിരുത്തുകയും, പങ്കുവയ്ക്കുകയും ചെയ്തു. സെപ്റ്റംബർ 1 മുതൽ മാതാവിന്റെ പിറവിത്തിരുനാളിന്റെ ഒരുക്കമായി ജപമാലചൊല്ലിയും, നോമ്പെടുത്തും പ്രത്യേകമായി കോവിഡ് പ്രതിസന്ധി മറികടക്കുന്നതിനുവേണ്ടിയും മലയോര കാർഷിക മേഖലയ്ക്കുവേണ്ടിയും പ്രാർത്ഥിക്കുകയും ചെയ്തു. സെപ്റ്റംബർ 5 ന് കോഴിക്കോട് സബ്സോൺ ഗൂഗിൾ മീറ്റിലൂടെ കൂടുകയും ഇപ്പോഴത്തെ പ്രാർത്ഥനാകൂട്ടായ്മകളെക്കുറിച്ച് വിലയിരു



ത്തുകയും ചെയ്തു. സോണൽ ആനിമേറ്റർ ഫാ. സൈമൺ വള്ളോപ്പിള്ളി വചന സന്ദേശം നൽകി. സബ്സോൺ കോഡിനേറ്റർ ശ്രീ. ചാക്കോ കാളംപറമ്പിൽ മലയോരമേഖല അനുഭവിക്കുന്ന വിവിധങ്ങളായ പ്രതിസന്ധികളെ വിവരിച്ചു. അതിന്റെ പരിഹാരത്തിനായി മാതാവിന്റെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കുവാനും തീരുമാനിച്ചു.

സെപ്റ്റംബർ 8 ന് മാതാവിന്റെ പിറവിത്തിരുന്നാളിനോടനുബന്ധിച്ച് തിരുവമ്പാടി സബ്സോൺ കൂട്ടായ്മ ഗൂഗിൾ മീറ്റിലൂടെ കൂടി. എല്ലാവരും ഇപ്പോഴത്തെ അവസ്ഥ പങ്കുവയ്ക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. 12 ന് സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി തൂവന്നിസ മിനിസ്ട്രിയുടെ പ്ലാനിംഗ് നടത്തി. സർവ്വീസ് ടീമിന്റെ രൂപരേഖ തയ്യാറാക്കുകയും ചെയ്തു. 18.9.20 ന് സോണൽ സർവ്വീസ് ടീം കൂടി. ബഹു. സൈമൺ അച്ചൻ വചന സന്ദേശം നൽകി. എല്ലാവരും ഷെയർ ചെയ്യുകയും ഇപ്പോഴത്തെ സാഹചര്യത്തിൽ യോജിച്ച നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കോർഡിനേറ്റർ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന LSS, ലീഡർഷിപ്പ് കോഴ്സ് മദ്ധ്യസ്ഥപ്രാർത്ഥന എല്ലാ കാര്യങ്ങളും വിവരിച്ചു. ഇപ്പോഴത്തെ പ്രതിസന്ധികളെ മറികടക്കാൻ മദ്ധ്യസ്ഥ പ്രാർത്ഥന വ്യക്തിപരമായും, കുടുംബത്തിലും നടത്തേണ്ടതാണ്. എല്ലാ ബുധനാഴ്ചയും വൈകിട്ട് 6 മുതൽ 7 വരെ സേണൽ തലത്തിൽ ഇന്റർനെറ്റിലൂടെ നടക്കുന്ന പ്രാർത്ഥനയിലും, KCCRST യുടെ നേതൃത്വത്തിൽ എല്ലാ ഞായറാഴ്ചയും വൈകിട്ട് 9 മുതൽ 10 വരെ നടക്കുന്ന പ്രവാചക മദ്ധ്യസ്ഥ പ്രാർത്ഥനയിലും എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
സോണൽ ആനിമേറ്റർ

# മലബാർ ലേബർ മൂവ്മെന്റ്

## അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിന് ആദരാഞ്ജലികൾ അർപ്പിച്ചു

അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ ആകസ്മികമായ വേർപാട് നമുക്ക് ഏറെ ദുഃഖത്തിന് കാരണമായല്ലോ. പിതാവിലൂടെ ദൈവം നൽകിയ സർവ്വ അനുഗ്രഹങ്ങൾക്കും നന്ദിപറഞ്ഞുകൊണ്ട് മലബാർ ലേബർ മൂവ്മെന്റ് സ്റ്റാഫ് അംഗങ്ങൾ ഒരുമിച്ച് അഭിവന്ദ്യ പിതാവിന്റെ ആത്മശാന്തിക്ക് വേണ്ടി മൗനപ്രാർത്ഥന നടത്തി.

## പദ്ധതികൾ

KCBC യുടെ നേതൃത്വത്തിൽ അസംഘടിതരായ തൊഴിലാളികൾക്കു വേണ്ടി നിലകൊള്ളുന്ന സംഘടനയാണ് 'കേരള ലേബർ മൂവ്മെന്റ്' (KLM).



KLM ന്റെ ക്ഷേമ പദ്ധതികൾ താമരശ്ശേരി രൂപതയിൽ 'മലബാർ ലേബർ മൂവ്മെന്റ്' (MLM) എന്ന പേരിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ട്രസ്റ്റ് വഴിയാണ് നടപ്പിലാക്കി ക്കൊണ്ടിരിക്കുന്നത്.

കേന്ദ്രഗവൺമെന്റിന്റെ സ്വാവലംബൻ പദ്ധതി, കേരള സർക്കാറിന്റെ വിവിധ ക്ഷേമ പദ്ധതികൾ, വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പ്, മരണമടയുന്ന അംഗങ്ങൾക്കായുള്ള സുരക്ഷാ പദ്ധതി, ദേവാലയ ശുശ്രൂഷികൾക്കായുള്ള പ്രൊവിഡൻഡ് ഫണ്ട് തുടങ്ങിയ പദ്ധതികൾ രൂപതയിൽ മലബാർ ലേബർ മൂവ്മെന്റ് വഴി നടപ്പിൽ വരുത്തുന്ന പദ്ധതികളാണ്. നിലവിൽ അംഗങ്ങൾക്ക് ഏറെ ഗുണപ്രദമായി നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതികളിലേക്ക് പുതിയതായി അംഗങ്ങളെ ചേർക്കുന്നതിനും നിലവിലുള്ളവരുടെ അംഗത്വം പുതുക്കുന്നതിനും ഇപ്പോൾ അവസരം ഉണ്ടായിരിക്കുന്നതാണ്.

### സുരക്ഷാ പദ്ധതി

കാർഷിക മേഖലയിലും മറ്റു മേഖലകളിലും പ്രവർത്തിക്കുന്ന നമ്മുടെ രൂപതയിലുള്ള അസംഘടിതരായവർക്കുള്ള പദ്ധതിയാണിത്. സുരക്ഷ പദ്ധതി കഴിഞ്ഞ 5 വർഷമായി കെ.എൽ.എമ്മിലെ അംഗങ്ങൾക്കായി നടപ്പിലാക്കി വരുന്നതാണ്. ഇപ്പോൾ 2700 അംഗങ്ങളാണ് പദ്ധതിയിൽ ഗുണഭോക്താക്കളായി ഉള്ളത്. അംഗമായ വ്യക്തി മരണമടയുമ്പോൾ നോമിനിയായ വ്യക്തിക്ക് 25,000 രൂപ ധനസഹായമായി നല്കുന്നു. പദ്ധതിയിൽ അംഗമായി ചേർന്ന് 6 മാസത്തിനു ശേഷമുള്ള സ്വാഭാവിക മരണത്തിനാണ് സഹായ ധനം ലഭിക്കുന്നത്. എന്നാൽ അപകട മരണമാണെങ്കിൽ 6 മാസ കാലാവധി ബാധകമല്ല. മരണ വിവരം ഇടവക വികാരിയച്ചൻ മുഖേന ഓഫീസിൽ അറിയിക്കുകയാണ് ചെയ്യേണ്ടത്.

60 വയസ്സിൽ താഴെ പ്രായമുള്ളവർക്കാണ് ഇതിൽ അംഗമായി ചേരാവുന്നത്. ഒരു കുടുംബത്തിലെ 60 വയസ്സിൽ താഴെ പ്രായമുള്ള രണ്ടോ അതിലധികമോ വ്യക്തികൾ ചേരുമ്പോൾ അവരുടെ 70 വയസ്സിൽ താഴെ പ്രായമുള്ള മാതാപിതാക്കളെയും ചേർക്കാവുന്നതാണ്. ധനസഹായം ലഭിക്കുന്നതിന് ഒരു വ്യക്തി 200 രൂപയാണ് വാർഷിക സംഭാവനയായി നല്കേണ്ടത്. ഈ വർഷം ഡിസംബർ 20 നു മുമ്പ് അംഗങ്ങളായി ചേരുന്ന വർക്കാണ് ജനുവരി ഒന്ന് മുതൽ ഡിസംബർ 31 വരെയുള്ള പദ്ധതിയിൽ അംഗത്വമുണ്ടാവുക. എല്ലാ വർഷവും ഡിസംബർ മാസത്തിൽ സംഭാവന നല്കിയാണ് പദ്ധതിയിൽ തുടരേണ്ടത്. പദ്ധതിയിൽ അംഗമായി തുടരുന്ന കാലം മുഴുവൻ സഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതുമാണ്. നിലവിൽ കെ.എൽ.എം അംഗമല്ലാത്ത വ്യക്തിയാണെങ്കിൽ ഒറ്റ തവണ 50 രൂപ മെമ്പർഷിപ്പ് ഫീസായി നല്കണം.



അതിനോടൊപ്പം അംഗങ്ങളുടെ 10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന ഒരു കുട്ടിക്ക് 90% ത്തിൽ കൂടുതൽ മാർക്കുണ്ടെങ്കിൽ സ്കോളർഷിപ്പ് നല്കുന്നതാണ്.

**ഫാ. ജയ്സൺ കാരക്കുന്നേൽ**
ഡയറക്ടർ, മലബാർ ലേബർ മൂവ്മെന്റ്

# ലീഡർഷിപ്പ് ഡെവലപ്മെന്റ് സൊസൈറ്റി (LDS)

### അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിന് ആദരാഞ്ജലികൾ അർപ്പിച്ചു

അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ ആകസ്മികമായ വേർപാട് നമുക്ക് ഏറെ ദുഃഖത്തിന് കാരണമായല്ലോ. പിതാവിലൂടെ ദൈവം നൽകിയ സർവ്വ അനുഗ്രഹങ്ങൾക്കും നന്ദിപറഞ്ഞുകൊണ്ട് എൽ.ഡി.എസ് സ്റ്റാഫ് അംഗങ്ങൾ ഒരുമിച്ച് അഭിവന്ദ്യ പിതാവിന്റെ ആത്മശാന്തിക്ക് വേണ്ടി മൗനപ്രാർത്ഥന നടത്തി.

### കരിയർ വിഷൻ

താമരശ്ശേരി രൂപത എൽ.ഡി.എസിന്റെ നേതൃത്വത്തിൽ രൂപതയിലെ പ്ലസ്ടു കഴിഞ്ഞ കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും എല്ലാ വർഷവും ഇടവക, സ്കൂൾ തലങ്ങളിൽ നടത്തിയിരുന്ന കരിയർ വിഷൻ പ്രോഗ്രാം ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ ടെലികോളിങ്ങ് വഴി നടത്തി. കോടഞ്ചേരി, കൂടത്തായി, തിരുവമ്പാടി, പുല്ലൂരാംപാറ, കുളത്തുവയൽ, കട്ടിപ്പാറ, കൂരാച്ചുണ്ട്, കല്ലാനോട്, കൂടരഞ്ഞി, തോട്ടുമുക്കം തുടങ്ങിയ ഹയർസെക്കന്ററി സ്കൂളുകളിൽ നിന്നും പഠിച്ചിറങ്ങിയവർക്കായി ഉന്നത പഠനത്തിനുള്ള ഡിഗ്രി, ഡിപ്ലോമ, ഐ.ടി.ഐ, പ്രൊഫഷണൽ, മെഡിക്കൽ, എഞ്ചിനീയറിംഗ് കോഴ്സുകളെക്കുറിച്ചും അംഗീകാരമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചും കൂടാതെ വിവിധ സ്കോളർഷിപ്പുകൾ, ബാങ്ക് ലോൺ, അഭിരുചിക്കനുസരിച്ചുള്ള കോഴ്സ് തെരഞ്ഞെടുക്കൽ എന്നിവയെക്കുറിച്ചാണ് ടെലികൗൺസിലിംഗ് നടത്തിയത്.

നമ്മുടെ രൂപതയിൽ സാമ്പത്തികമായി ബുദ്ധിമുട്ടുന്ന, പഠിക്കാൻ കഴിവുള്ള കുട്ടികൾക്ക് വികാരിയച്ചന്റെ ശുപാർശയോടുകൂടി കേരളത്തിനു പുറത്ത് ബി.എസ്.സി നഴ്സിംഗ്, പോസ്റ്റ് ബി.എസ്.സി നഴ്സിംഗ്, എഞ്ചിനീയറിംഗ് എന്നീ കോഴ്സുകൾക്ക് സ്കോളർഷിപ്പോടെ പഠിക്കുവാൻ സാഹചര്യം ഒരുക്കിയിട്ടുണ്ട്.

പ്ലസ്ടുവിന് ഉന്നത വിജയം നേടാൻ സാധിക്കാത്തവരും പരാജയപ്പെട്ടവരുമായവർക്ക് വരാപ്പുഴ രൂപതയുടെ ലിറ്റിൽ ഫ്ളവർ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ 6



മാസം മുതൽ 2 വർഷം വരെ നീണ്ടുനിൽക്കുന്ന ഇല്ക്ട്രിക്കൽ, മെക്കാനിക്കൽ, പ്ലംബിങ്ങ്, റോബോട്ടിക് എഞ്ചിനീയറിംഗ് എന്നീ കോഴ്സുകൾക്ക് നൂറുശതമാനം പ്ലേയ്സ്മെന്റോടെ ചേർന്ന് പഠിക്കുവാൻ സാഹചര്യം ഒരുക്കിയിട്ടുണ്ട്.

**ഫാ. ജയ്സൺ കാരക്കുന്നേൽ**
ഡയറക്ടർ, LDS

# വികസനവേദി

## അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിന് ആദരാഞ്ജലികൾ അർപ്പിച്ചു

അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ ആകസ്മികമായ വേർപാട് നമുക്ക് ഏറെ ദുഃഖത്തിന് കാരണമായല്ലോ. പിതാവിലൂടെ ദൈവം നൽകിയ സർവ്വ അനുഗ്രഹങ്ങൾക്കും നന്ദിപറഞ്ഞുകൊണ്ട് സി.ഒ.ഡി സ്റ്റാഫ് അംഗങ്ങൾ ഒരുമിച്ച് അഭിവന്ദ്യ പിതാവിന്റെ ആത്മശാന്തിക്ക് വേണ്ടി മൗനപ്രാർത്ഥന നടത്തി.

## ജെ.എൽ.ജി ലോൺ പുതുക്കൽ

സി.ഒ.ഡി താമരശ്ശേരി കാനറ ബാങ്കിന്റെ സഹകരണത്തോടെ കാർഷിക വികസനത്തിനായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഭക്ഷ്യ സമൃദ്ധി പരിപാടിയുടെ ആവശ്യത്തിലേക്ക് എടുത്തിരുന്ന വായ്പ വിലങ്ങാട്, ചക്കിട്ടപ്പാറ, കോടഞ്ചേരി, പുന്നക്കൽ, ചുണ്ടത്തുംപൊയിൽ എന്നീ സ്ഥലങ്ങളിൽ വച്ച് പുതുക്കി.

ബാങ്ക് ഓഫ് ഇൻഡ്യയുടെ വായ്പ, പുതുപ്പാടി, വെറ്റിലപ്പാറ, വിലങ്ങാട്, ഓമശ്ശേരി, കണ്ണോത്ത്, ആനക്കാംപൊയിൽ എന്നീ സ്ഥലങ്ങളിൽ, 240 സംഘങ്ങളിലായി 1200 കർഷകർക്ക് കൊടുത്തിരുന്ന 7 കോടി 20 ലക്ഷം കാർഷിക വായ്പ കാലാവധി വിജയകരമായി പൂർത്തിയാക്കി.

## മദർതെരേസ IELTS & OET ട്രെയ്നിംഗ് സെന്റർ

മദർതെരേസ IELTS & OET ട്രെയ്നിംഗ് സെന്ററിൽ IELTS & OET ക്ലാസ്സുകൾ പുനരാരംഭിച്ചു. 7 ദിവസത്തെയും 15 ദിവസത്തെയും 30 ദിവസത്തെയും ഇന്ററാക്ടീവ് ക്ലാസുകളാണ് ഓൺലൈൻ വഴി നൽകുന്നത്. കോഴ്സുകളിൽ പങ്കെടുക്കുന്നതിന് ബന്ധപ്പെടേണ്ട നമ്പറുകൾ: 9447886341, 7306259275.

**ഫാ. ജോർജ് ചെമ്പരത്തി**
ഡയറക്ടർ, വികസനവേദി



# അജപാലനക്കുറിപ്പുകൾ

സെപ്റ്റംബർ 2020

01 രാവിലെ, രൂപതാഭവനിൽ വെച്ച് കെ.സി.വൈ.എം താമരശ്ശേരി രൂപതയുടെ മീഡിയ സെൽ ലോഗോ അനാച്ഛാദനം ചെയ്തു.

02 വൈകുന്നേരം, ചെമ്പുകടവ് ഇടവകയിൽ ബഹു. ജോർജ് വെള്ളയ്ക്കാ കുടിയിലച്ചന്റെ പിതൃമാതാവ് പരേതയായ ഏലിക്കുട്ടി വെള്ളയ്ക്കാ കുടിയുടെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

03 രാവിലെ, മീനങ്ങാടി സെന്റ് ഫ്രാൻസീസ് ദൈവാലയത്തിൽ പരേതയായ മോളി വട്ടുകുന്നേലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

04 രാവിലെ, അൽഫോൻസാ മൈനർ സെമിനാരിയിൽ വി. കുർബാന അർപ്പിച്ച് ക്ലാസ്സെടുത്തു.

സീറോ മലബാർ സിനഡിന്റെ നിർദ്ദേശപ്രകാരം കോവിഡ് – 19 പകർച്ചവ്യാധി യിൽ നിന്നും മോചനം ലഭിക്കുന്നതിനായി പ്രാർത്ഥനാദിനമായി ആചരിച്ചു.

05 രാവിലെ, കക്കാടംപൊയിൽ ഇടവക ദൈവാലയത്തിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നല്കി.

ഉച്ചകഴിഞ്ഞ്, അത്മായഫോറം എന്ന സംഘടന സംഘടിപ്പിച്ച വെബിനാറിൽ പങ്കെടുത്തു.

വൈകുന്നേരം, ഓൺലൈനായി കത്തോലിക്കാ കോൺഗ്രസ് സംഘടിപ്പിച്ച 'ഹാർട്ട് ലിങ്ക്സ് ജീവകാരുണ്യ' ഉത്ഘാടന പരിപാടിയിൽ സംബന്ധിച്ചു.

06 രാവിലെ, അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിന് ഗുരുതരമായ ദേഹാ സ്വാസ്ഥ്യം അനുഭവപ്പെടുകയും അദ്ദേഹത്തെ മേരിക്കുന്ന് നിർമ്മലാ ഹോസ്പി റ്റലിൽ എത്തിക്കുകയും ചെയ്തു. അഭിവന്ദ്യ പിതാവ് ആവശ്യപ്പെട്ടതനുസരിച്ച് അദ്ദേഹത്തിന് രോഗീലേപനം നൽകി.

ഉച്ചകഴിഞ്ഞ്, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ പരേതനായ ടോമി പൈനാടത്തിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

വൈകുന്നേരം, അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ ദേഹവിയോഗത്തെത്തുടർന്ന് പിതാവിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും തുടർന്ന് താമരശ്ശേരി അൽഫോൻസ ഭവനിലേക്ക് ഭൗതികശരീരത്തെ അനുഗമിക്കുകയും ചെയ്തു.

അഭിവന്ദ്യ പിതാവിന്റെ നിര്യാണത്തെത്തുടർന്ന് മൃതസംസ്കാര ശുശ്രൂഷകൾക്ക് വേണ്ട ക്രമീകരണങ്ങൾക്ക് വേണ്ടി ഒരുമിച്ചുചേർന്ന വൈദികരുടെ യോഗത്തിൽ പങ്കെടുത്തു.



07 രാവിലെ, അൽഫോൻസ ഭവൻ കപ്പേളയിൽ ദിവ്യബലിയർപ്പിക്കുകയും തുടർന്ന് അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവിന്റെ മൃതസംസ്കാരശുശ്രൂഷകളുടെ ആദ്യഭാഗത്തിന് മുഖ്യകാർമ്മികത്വം വഹിക്കുകയും പൊതു ദർശനത്തിനായി കത്തീഡ്രൽ ദൈവാലയത്തിലേക്ക് വഹിക്കപ്പെട്ട അഭിവന്ദ്യ പോൾ പിതാവിന്റെ ഭൗതികശരീരത്തെ അനുഗമിക്കുകയും ചെയ്തു. തുടർന്ന് നടന്ന പ്രാർത്ഥനാ ശുശ്രൂഷകളിൽ പങ്കെടുത്തു.

08 രാവിലെ, അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷകളിൽ മുഖ്യകാർമ്മികത്വം വഹിച്ച കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിനും മറ്റു പിതാക്കന്മാരോടൊമൊപ്പം പങ്കുചേർന്നു.

വൈകുന്നേരം, ദേവഗിരി സെന്റ് ജോസഫ്സ് ഇടവക ദൈവാലയം പുനർകൂദാശ ചെയ്തു.

ഓൺലൈനായി നടന്ന ജീസസ്സ് യൂത്തിന്റെ പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കുചേർന്നു.

ദുബായിയിൽ കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ആരംഭിച്ച 'പ്രെയർ & കെയർ' പ്രോഗ്രാം വീഡിയോ കോൺഫറൻസിലൂടെ ഉദ്ഘാടനം ചെയ്തു.

09 രാവിലെ, താമരശ്ശേരി മേരി മാതാ കത്തീഡ്രൽ ദൈവാലയത്തിൽ അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ ഓർമ്മയ്ക്കായി വി. കുർബാന അർപ്പിച്ചു.

വാലില്ലാപ്പുഴ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

വൈകുന്നേരം, ചാവറ ഹോസ്പിറ്റൽ കോൺവെന്റിൽ സി. ബീന സി.എം.സി.യ്ക്ക് രോഗീലേപനം നൽകി.

10 രാവിലെ, പുല്ലൂരാംപാറ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

മേരിക്കുന്ന് പി.എം.ഒ.സി.യിൽ വെച്ച് മലബാർ വന്യജീവി സങ്കേത പ്രഖ്യാപനത്തിൽ കർഷകർക്കുണ്ടാകുന്ന പ്രതിസന്ധികളെക്കുറിച്ച് ചർച്ച ചെയ്യാൻ ശ്രീ. മുരളീധരൻ എം.പി.യുടെയും ശ്രീ. രാഘവൻ എം.പി.യുടെയും മറ്റ് ജനപ്രതിനിധികളുടെയും സാന്നിധ്യത്തിൽ നടന്ന യോഗത്തിൽ പങ്കെടുത്തു.

11 രാവിലെ, രൂപതാഭവനിൽ വെച്ച് നടന്ന കർഷകരക്ഷാസമിതിയുടെ യോഗത്തിൽ പങ്കെടുത്തു.

12 രാവിലെ, പാലാ രൂപതയിലെ ചേർപ്പുങ്കൽ ഉണ്ണിമിശിഹാ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

തൊടുപുഴയിൽ വെച്ചുനടന്ന എ.കെ.സി.സി. ഇലക്ഷൻ എക്സിക്യൂട്ടീവ് കമ്മറ്റിയിൽ പങ്കെടുത്തു.

തൃശ്ശൂർ മറ്റം ഇടവകയിൽ അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ ഭവനം സന്ദർശിച്ചു.





13 രൂപതാഭവനിൽ വെച്ച് മലബാർ വന്യജീവി സങ്കേത പ്രഖ്യാപനത്തിൽ കർഷകർക്കുണ്ടാകുന്ന പ്രതിസന്ധികളെക്കുറിച്ച് ചർച്ച ചെയ്യാൻ ബഹു. എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. ടി.പി. രാമകൃഷ്ണനുമായി കൂടിക്കാഴ്ച നടത്തി.

14 രാവിലെ, മാനന്തവാടി രൂപതയിലെ പാതിരിപ്പാടം ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

മലബാർ വന്യജീവി സങ്കേത പ്രഖ്യാപനത്തിൽ കർഷകർക്കുണ്ടാകുന്ന പ്രതിസന്ധികളെക്കുറിച്ച് ചർച്ച ചെയ്യാൻ താമരശ്ശേരി, തലശ്ശേരി, മാനന്തവാടി എന്നീ രൂപതകളിലെ പ്രതിനിധികളുമായി നടത്തിയ വീഡിയോ കോൺഫറൻസ് ഉദ്ഘാടനം ചെയ്തു.

15 വൈകുന്നേരം, രൂപതാഭവനിൽ വെച്ച് നടന്ന നോർത്ത് മലബാർ ബിഷപ്സ് കോൺഫറൻസിൽ പങ്കെടുത്തു.

16 രാവിലെ, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ നോർത്ത് മലബാർ ബിഷപ്സ് കോൺഫറൻസിൽ പങ്കെടുത്ത അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ ഓർമ്മയ് ക്കായി വി. കുർബാന അർപ്പിച്ചു.

വൈകുന്നേരം, ഓൺലൈനായി നടത്തിയ വിലങ്ങാട്, മരുതോങ്കര, താമരശ്ശേരി ഫൊറോനകളിലെ ദീപിക ഫ്രണ്ട്സ് ക്ലബ് ഭാരവാഹികളുടെ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

17 രാവിലെ, കുണ്ടായിത്തോട് ഇടവകയിൽ ഒരു കുടുംബത്തിലെ അഞ്ചാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നല്കി.

ഉച്ചകഴിഞ്ഞ്, രൂപതാഭവനിൽ വെച്ചുനടന്ന കർഷകരക്ഷ സമിതിയുടെ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

18 രാവിലെ, അൽഫോൻസ മൈനർ സെമിനാരിയിൽ വി. കുർബാന അർപ്പിച്ച് ക്ലാസ്സെടുത്തു.

വൈകുന്നേരം, ഫൊറോന വികാരിമാരുമായി വീഡിയോ കോൺഫറൻസ് നടത്തി.

19 രാവിലെ, മേരിക്കുന്ന് ഗുഡ്ഷെപ്പേർഡ് പ്രീസ്റ്റ്ഹോമിൽ വിശ്രമജീവിതം നയിക്കുന്ന വൈദികരെ സന്ദർശിച്ചു.

പൂളക്കടവ് തിരുഹൃദയ സന്യാസിനി സമൂഹത്തിന്റെ പ്രൊവിൻഷ്യൽ ഹൗസിൽ ഏതാനും സന്യാസിനികളുടെ സുവർണ്ണ - രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വി. കുർബാനയർപ്പിച്ചു.

20 രാവിലെ, പടത്തുകടവ് ഇടവകയിൽ വി. കുർബാന അർപ്പിക്കുകയും ഒരു കുടുംബത്തിലെ അഞ്ചാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കുകയും ചെയ്തു. നവീകരിച്ച വൈദികഭവനം വെഞ്ചരിച്ചു. തുടർന്ന്, മതബോധന അദ്ധ്യാപകരുമായി കൂടിക്കാഴ്ച നടത്തി.





21 രാവിലെ, വി. മത്തായി ശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് രൂപതാഭവനിൽ നടന്ന ആഘോഷങ്ങളിൽ സംബന്ധിച്ചു.

പെരുവണ്ണാമൂഴി ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

ഉച്ചകഴിഞ്ഞ്, കൽപ്പറ്റയിൽ മലബാർ വന്യജീവി സങ്കേത പ്രഖ്യാപനത്തിൽ കർഷകർക്കുണ്ടാകുന്ന പ്രതിസന്ധികൾ ഉയർത്തിക്കാട്ടാൻ വിവിധ കർഷക സംഘടനകളുടെ നേതൃത്വത്തിൽ നടന്ന ഉപവാസ സമരം ഉദ്ഘാടനം ചെയ്തു.

22 രാവിലെ, രൂപതാ ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിൽ ആരംഭിച്ച മാർ കരിയാറ്റിൽ സുറിയാനി അക്കാദമിയുടെ ഉദ്ഘാടനത്തിലും പിന്നീട് ക്ലാസിലും സംബന്ധിച്ചു.

23 രാവിലെ, കാളികാവ് ഇടവകയിൽ പരേതനായ കൈക്കാരൻ ശ്രീ. ജോർജ്ജ് നെല്ലിക്കാനത്തിന്റെ 41–ാം ചരമദിനത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

വാണിയമ്പലം, കൽക്കുണ്ട്, കരുവാരകുണ്ട് ഇടവകകളിൽ സേവനം ചെയ്യുന്ന വൈദികരെ സന്ദർശിച്ചു.

24 തിരുവമ്പാടി സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിൽ പ്രവിശ്യാ സ്ഥാപനത്തിന്റെ രജത ജൂബിലിയും ഏതാനും സന്യാസിനികളുടെ സുവർണ്ണ ജൂബിലിയും ആഘോഷിക്കുന്നതിന്റെ ഭാഗമായി വി. കുർബാന അർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, രൂപതാഭവനിൽ വെച്ചു നടന്ന കർഷകരക്ഷ സമിതി മീറ്റിംഗിൽ സംബന്ധിച്ചു.

മഞ്ചേരിയിൽ കാർമ്മൽ ഡെന്റൽ കെയർ ക്ലിനിക്ക് വെഞ്ചരിക്കുകയും ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

25 രാവിലെ രൂപതാഭവനിൽ മാസധ്യാനത്തിൽ പങ്കെടുത്ത വൈദികരോടൊപ്പം ദിവ്യബലിയർപ്പിച്ചു.

വൈകുന്നേരം കുടുംബക്കൂട്ടായ്മകളുടെ നേതൃത്വത്തിൽ ഓരോ ഇടവകയിലെ അംഗങ്ങളോടുമൊപ്പം ഓൺലൈനായി പങ്കെടുക്കുന്ന 'ഇടയനോടൊപ്പം ഇടവക' എന്ന പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

26 വൈകുന്നേരം, കത്തോലിക്കാ കോൺഗ്രസ് അംഗങ്ങളുടെ വീഡിയോ കോൺഫറൻസിൽ സംബന്ധിച്ചു.

ഓൺലൈനായി നടത്തിയ തോട്ടുമുക്കം, മരുതോങ്കര മേഖലകളിലെ ദീപിക ഫ്രണ്ട്സ് ക്ലബ് ഭാരവാഹികളുടെ മീറ്റിങ്ങ് ഉദ്ഘാടനം ചെയ്തു.

27 രാവിലെ, ബഥാനിയ ധ്യാനകേന്ദ്രത്തിൽ വി. വിൻസെന്റ് ഡി പോളിന്റെ തിരുനാളിനോടനുബന്ധിച്ച് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ഭാരവാഹികളോടൊപ്പം വി. കുർബാന അർപ്പിച്ചു.



മുത്തപ്പൻപുഴ ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നല്കി.

വൈകുന്നേരം, ഓൺലൈനിൽ കെ.സി.വൈ.എം. സംഘടിപ്പിച്ച യൂത്ത് മീറ്റ് ഉദ്ഘാടനം ചെയ്തു.

28 വൈകുന്നേരം, കത്തോലിക്കാ കോൺഗ്രസ് അംഗങ്ങളുടെ വീഡിയോ കോൺഫറൻസിൽ സംബന്ധിച്ചു.

29 രാവിലെ, പയ്യനാട് ഇടവകയിൽ ബഹു. തോമസ് ചുവപ്പുങ്കൽ അച്ചന്റെ പിതാവ് പരേതനായ ജോസഫ് ചുവപ്പുങ്കലിന്റെ 41-ാം ചരമദിനത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

30 രാവിലെ, അൽഫോൻസ മൈനർ സെമിനാരിയിൽ വി. കുർബാന അർ പ്പിച്ചു.

താമരശ്ശേരി രൂപത കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിലെ പ്രധാനാദ്ധ്യാപകരുമായി വീഡിയോ കോൺഫറൻസിൽ പങ്കെടുത്തു.

